വോള്യം – 8 ലക്കം – 154 സെപ്റ്റംബർ 2026 മലയാളം – ഇംഗ്ലീഷ്

# ഫിലിം വിഷൻ

www.filca.in
8089036090
filcakerala@gmail.com

filca FILM LOVERS CULTURAL ASSOCIATION
News portal:
www. keralapedia.com

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM
IN ASSOCIATION WITH NERKAZHCHA WEEKLY AMERICA, BEAM FILM SOCIETY AND CHALACHITHRA ACADEMY

## 18 Women Film Festival & Marta Meszaros retrospective

Friday, Sept, 2026.
Press club, S.S Ram Hall,
Trivandrum

| 11:30 AM | 2 PM | 4 PM |
| --- | --- | --- |
|  |  |  |
| DIARY FOR MY CHILDREN | NORTHERN LIGHTS | DIARY FOR MY LOVERS |





## വനിതാ സംഗമം

10 AM



ഉത്ഘാടനം

ബഹു: മന്ത്രി. ബിന്ദു കൃഷ്ണ





നോവലിസ്റ്റ് ഗിരിജ സേതുനാഥ്, പ്രൊഫ.ഡോ. മേരി ജോർജ്ജ്,
ഫിൽക്ക വൈസ് പ്രസി. കവയിത്രി – രാജാംബിക

## വനിതാ പ്രമേയ കവിയരങ്ങ്


സുഭാഷിണി തങ്കച്ചി


സുലേഖ കുറുപ്പ്


അനിത ശരത്


സജി അജീഷ്


എം..ടീ. ഗിരിജാകുമാരി.


ദിവ്യ സി.ആർ

## തൊഴിലനുഭവങ്ങൾ


എസ്. മിനി
ആശാ വർക്കർ


ഡോ. സങ്കീതാസുരേഷ്
പാലിയം ഇന്ത്യ

FREE ENTRY TO ALL

# ആദരാഞ്ജലികൾ



*Surya Krishnamoorthy*

സൂര്യ കൃഷ്ണമൂർത്തി / ഇന്ത്യൻ ക്ലാസിക്കൽ സിനിമയെയും
സംവിധായകരെയും നടീനടന്മാരെയും നൃത്തകലയിലെ
മാസ്റ്റേഴ്സിനെയും  നൃത്തരൂപങ്ങളെയും അതുല്യ
സംഗീതജ്ഞരെയും സംഗീതധാരകളെയും 1980 കളിൽ
പ്രേക്ഷകർക്ക് പരിചയപ്പെടുത്തിയ സൂര്യ ഫിലിം ആൻഡ്
സ്റ്റേജ് സൊസൈറ്റി ഒരു സർവ്വ കലാശാലയായിരുന്നു. സൂര്യ
കൃഷ്ണമൂർത്തി ഓർമ്മകളിൽ നിറഞ്ഞു നിൽക്കും .
ഹൃദയാഞ്ജലി.



# Patricio Guzmán Lozanes

(1941 August 11 - 2026 Sep 15)

ചിലിയൻ ഡോക്യുമെന്ററി, ഫീച്ചർ ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത് . ലാറ്റിൻ അമേരിക്കൻ ഡോക്യുമെന്ററി സിനിമയിലെ പ്രമുഖ വ്യക്തിത്വം .

സാൽവഡോർ അലൻഡെയുടെ സർക്കാരിന്റെ അവസാന വർഷത്തെയും 1973-ലെ ചിലിയൻ പട്ടാള അട്ടിമറിയെയും കുറിച്ചുള്ള ബൃഹത്തായ വിവരണമായ 'ദി ബാറ്റിൽ ഓഫ് ചിലി' (1975–1979) എന്ന ത്രയത്തിലൂടെയും, ചിലിയുടെ ഭൂപ്രകൃതിയിലെ ചരിത്രവുമായി ബന്ധിപ്പിക്കുന്ന, ഉപന്യാസസ്വഭാവമുള്ള 'നോസ്റ്റാൾജിയ ഫോർ ദി ലൈറ്റ്' (2010), 'ദി പേൾ ബട്ടൺ' (2015), 'ദി കോർഡില്ലേര ഓഫ് ഡ്രീംസ്' (2019) എന്നീ ത്രയത്തിലൂടെയും അദ്ദേഹം ഏറ്റവും കൂടുതൽ അറിയപ്പെടുന്നു.

അഗസ്റ്റോ പിനോഷെയെ അധികാരത്തിലെത്തിച്ച 1973-ലെ പട്ടാള അട്ടിമറിയെത്തുടർന്ന് അറസ്റ്റിലായ ഗുസ്മാൻ, തന്റെ ചലച്ചിത്ര ദൃശ്യങ്ങൾ ചിലിയിൽ നിന്ന് രഹസ്യമായി പുറത്തെത്തിക്കുകയും തുടർന്ന് ക്യൂബ, സ്പെയിൻ, ഫ്രാൻസ് എന്നിവിടങ്ങളിൽ പ്രവാസജീവിതം നയിക്കുകയും ചെയ്തു. അവിടെയിരുന്നുകൊണ്ട്, തന്റെ മാതൃരാജ്യത്തിന്റെ ചരിത്രത്തെയും അവിടുത്തെ രാഷ്ട്രീയ സംഭവങ്ങളെയും ജനകീയ പ്രതിരോധങ്ങളുടെ പൈതൃകത്തെയും കുറിച്ചുള്ള ചിത്രങ്ങൾ നിർമ്മിച്ചു.

രാഷ്ട്രീയ അധികാര അട്ടിമറിയുടെ അമ്പതാം വാർഷികമായ 2023 -ൽ, ഒരു കലാകാരന് രാജ്യം നൽകുന്ന പരമോന്നത ബഹുമതിയായ 'പെർഫോമിംഗ് ആൻഡ് ഓഡിയോ വിഷ്വൽ ആർട്സിനുള്ള ചിലിയുടെ ദേശീയ പുരസ്കാരം' അദ്ദേഹത്തിന് ലഭിച്ചു. ആദരാഞ്ജലി.



KFC Kerala Financial Corporation
we finance your dream
സമൃദ്ധിയുടെ ഓണം
വലിയ സ്വപ്നങ്ങൾക്ക്
മൂലധനത്തിന്റെ കരുത്ത്
6 ശതമാനം മുതൽ ആരംഭിക്കുന്ന പലിശ നിരക്കുകൾ* (സർക്കാർ സബ്സിഡിയോടെ)
സ്റ്റാർട്ടപ്പുകൾക്ക് ഈടില്ലാതെ 10 കോടി രൂപവരെയുള്ള വായ്പകൾ*
മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി
കെ എഫ് സി സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി
കരാറുകാർക്കുള്ള വായ്പാ പദ്ധതികൾ
ടൂറിസം, മാനുഫാക്ചറിംഗ്, സേവന, ഊർജ്ജ പദ്ധതികൾക്കുള്ള വായ്പകൾ
വേഗത്തിലുള്ള നടപടിക്രമങ്ങൾ
സുതാര്യമായ സേവനം
krlfincorp
keralafinancialcorporation
keralafinancialcorporation
keralafincorp
keralafinancialcorporation
SCAN ME
കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് കൈത്താങ്ങായി ഏഴ് പതിറ്റാണ്ടുകൾ
*വ്യവസ്ഥകൾക്ക് വിധേയം
Vellayambalam, Thiruvananthapuram, 695033
0471 2737500
WEBSITE
www.kfc.org

KSFE

# എംപവർ ചിട്ട്സ്

EMPOWERING LIVES

KSFE POWER

24x7 ഓൺലൈൻ
പാസ്ബുക്ക് ഓവർഡ്രാഫ്റ്റ്
സൗകര്യത്തോട് കൂടി

## മെഗാ ബംബർ സമ്മാനം

## ₹1.5 കോടിയുടെ വില്ല



## മേഖലാതല സമ്മാനങ്ങൾ

## 200



ഇലക്ട്രിക് സ്കൂട്ടറുകൾ

T&C Apply

സീരീസ് 2

## ശാഖാതല സമ്മാനങ്ങൾ




10 ൽ ഒരാൾക്ക് വീതം 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ

സീരീസ് 2 പദ്ധതി കാലയളവ്

**2026 ജൂലൈ 1 മുതൽ ഒക്ടോബർ 31 വരെ**

GO (Rt) No.143/2026/Taxes dtd 04.02.2026

KSFE (ഒരു കേരള സർക്കാർ സ്ഥാപനം)
ഈ നാടിന്റെ ധൈര്യം

CERTIFIED ISO 9001:2015 COMPANY

TOLL FREE HELPLINE : **1800-425-3455**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്. കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ - 680 020.

Ph: 0487-2332255. Fax: 0487-2336232, mail: mail@ksfe.com

# What's Inside

## ഫിലിം വിഷൻ

## Digital Magazine September 2026


9-19

**മാർത്ത മെസാറോസിൻറെ മൂന്നു സിനിമകൾ : ഒരു നഖചിത്രം**

- ഡോ. ബി. രാധാകൃഷ്ണൻ ( പ്രസിഡന്റ്, ഫിൽക്ക ഫിലിം സൊസൈറ്റി )



20-24

**വനിതകൾക്ക് സിനിമയുടെ സാങ്കേതിക രംഗങ്ങളിൽ പരിശീലനവും അവസരവും നൽകണം : മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ**



25-65

**മാർത്ത മെസാറോസുമായുള്ള അഭിമുഖവും ഹംഗേറിയൻ സിനിമയും**

- സാമ്പു ശങ്കർ ( നോവലിസ്റ്റ്, ചലച്ചിത്ര ഗ്രന്ഥകാരൻ , സംവിധായകൻ & ചീഫ് ന്യൂസ് എഡിറ്റർ )



66-81

**മാർത്ത മെസാറോസിന് ജന്മദിന ആശംസകൾ**

- പി . എസ് . ജ്യോതിഷ് കുമാർ ( ഫിൽക്ക )



82-86

**കലാകാരികൾക്ക് പരിശീലനവും തൊഴിലവസരവും സിനിമയിൽ : ഗിരിജാ സേതുനാഥ്**



87-92

**വനിതകളും സാമ്പത്തിക കേരളവും :**
**പ്രൊഫ. ഡോ. മേരി ജോർജ് (സാമ്പത്തിക വിദഗ്ധ)**



93-114

**വിശ്വസാഹിത്യത്തിലെ ശ്രദ്ധേയ സ്ത്രീകഥാപാത്രങ്ങൾ :**
രാജാംബിക ( വൈസ് പ്രസിഡന്റ് , ഫിൽക്ക )



115-133

**ഡയറി ഫോർ മൈ ചിൽഡ്രൻ - മാർത്ത മെസാറോസിന്റെ ഓർമ്മയും പ്രതിരോധവും**
-ലീലാമ്മ തോമസ് ബോട്സ്വാന ( ഫിൽക്ക )



134-138

**ഡയറി ഫോർ മൈ ചിൽഡ്രൻ ( കവിത )**
-രാജാംബിക ( വൈസ് പ്രസിഡന്റ്, ഫിൽക്ക )



139-144

**നോർത്തേൺ ലൈറ്റ്സ്**
- വിനോദ് കുമാർ. പി ( ഫിൽക്ക )



145-154

**ഡയറി ഫോർ മൈ ലവ്സ്**
- ജോൺ തോമസ് ( ഫിൽക്ക )





# വനിതാ പ്രമേയ കവിയരങ്ങ്


155-156

**അമ്മ - കവിത**

- സുഭാഷിണി തങ്കച്ചി



157-159

**ഭാരതപ്പെണ്ണിൻ മാതൃക - കവിത**

- സുലേഖ കുറുപ്പ്



160-161

**അവൾ - കവിത**

- അനിതാ ശരത്



162-163

**നോവാണവൾ - കവിത**

- സജി. അജീഷ്



164-165

**ശുഭരാത്രി പറയാതെ - കവിത**

- എം. ടി. ഗിരിജകുമാരി



166-167

**പൊളിച്ചെഴുത്തുകൾ - കവിത**

- ദിവ്യ . സി . ആർ



168-169

**'കടലിൽ പണിയെടുക്കുന്ന വനിത' തെരഞ്ഞെടുത്ത ചിത്രങ്ങൾ**

( സമ്മാനം സ്പോൺസർ ചെയ്യുന്നത് : സദ്ഭാവന പബ്ലിക്കേഷൻസ് )



170-171

**ഫോട്ടോ ഗാലറി**



# മാർത്ത മെസാരോസിന്റെ മൂന്ന് സിനിമകൾ : ഒരു നഖചിത്രം



ഡോ. ബി. രാധാകൃഷ്ണൻ
(പ്രസിഡന്റ് , ഫിൽക്ക ഫിലിം സൊസൈറ്റി)

*ആത്മകഥന സ്പർശമുള്ള ദൃശ്യങ്ങൾ മാർത്ത മെസാറോസിന്റെ സിനിമകളിൽ ചരിത്രത്തിനൊപ്പം സമാന്തരപ്പെടുന്നു. സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ സ്ത്രീയുടെ അവസ്ഥ അനാവരണം ചെയ്യുന്നു.*

## ഡയറി ഫോർ മൈ ചിൽഡ്രൻ

**(ഹംഗറി 1984 106 മിനിറ്റ് സംവിധാനം : മാർത്ത മെസാറോസ്)**

## നോർത്തേൺ ലൈറ്റ്സ്

**( ഹംഗറി 2017 104 മിനിറ്റ് സംവിധാനം : മാർത്ത മെസാറോസ്)**

## ഡയറി ഫോർ മൈ ലവ്സ്

**( ഹംഗറി 1987 143 മിനിറ്റ് സംവിധാനം : മാർത്ത മെസാറോസ്)**

ലോകസിനിമയിലെ ഏറ്റവും പ്രമുഖ വനിതാ സംവിധായികയാണ് മാർത്ത മെസാറോസ്.

മാർത്തയുടെ ജനനം 19 സെപ്റ്റംബർ 1931.  ലോക ക്ലാസിക് സിനിമയെ സ്നേഹിക്കുന്ന, ആദരിക്കുന്ന ലോകമെങ്ങുമുള്ള സുമനസ്സുകൾക്ക് അവിസ്മരണീയ ചലച്ചിത്ര സൃഷ്ടികൾ സമ്മാനിച്ച മാർത്തയ്ക്ക് ജന്മദിന ആശംസകൾ !

ഫിൽക്ക ഫിലിം സൊസൈറ്റിയുടെയും അമേരിക്കയിലെ നേർകാഴ്ച വീക്കിലിയുടെയും ആഭിമുഖ്യത്തിൽ വനിതാ ശിശു വികസന വകുപ്പ്, പ്രസ്സ് ക്ലബ്ബ്, ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി, കേരള പീഡിയ ഓൺലൈൻ ന്യൂസ് ചാനൽ എന്നിവയുടെ സഹകരണത്തോടെ മാർത്തയുടെ സിനിമകളുടെ ഒരു റിട്രോസ്പെക്റ്റീവ് 18 വെള്ളിയാഴ്ച പ്രസ് ക്ലബ്ബ് ഹാളിൽ നടത്തുന്നു. ഒപ്പം വനിതാ സംഗമവും. ഉദ്ഘാടനം ബഹു.മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ.

ഹംഗറിയുടെ ചരിത്ര രാഷ്ട്രീയ സംഭവങ്ങൾക്ക് ബാല്യം മുതൽ സാക്ഷ്യം വഹിച്ച മാർത്തയുടെ അനുഭവങ്ങളുടെ വിശകലനം കൂടിയാണ് സിനിമകളിലെ പ്രമേയങ്ങൾ.

ജീവിതത്തിന്റെ കയ്പ്പും മധുരവും ചേർന്ന മിശ്രിതരുചി ആവിഷ്കാരത്തിൽ നിറഞ്ഞു നിൽക്കുന്നു.

ആത്മകഥന സ്പർശമുള്ള ദൃശ്യങ്ങൾ  മാർത്ത മെസാറോസിന്റെ സിനിമകളിൽ ചരിത്രത്തിനൊപ്പം സമാന്തരപ്പെടുന്നു. സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ  സ്ത്രീയുടെ അവസ്ഥ അനാവരണം ചെയ്യുന്നു.

മേൽപ്പറഞ്ഞ മൂന്ന് സിനിമകളും പരിചയമില്ലാത്തവർക്ക്  ഈ ലഘുവിവരണം ആസ്വാദനത്തിന് വഴിവെളിച്ചമാകുമെന്ന് കരുതുന്നു.

## ഡയറി ഫോർ മൈ ചിൽഡ്രൻ



മാതാപിതാക്കളെ നഷ്ടപ്പെട്ട ജൂലി റഷ്യയിൽ അനാഥശാലയിലാണ് പഠിച്ചുവളർന്നത്. അവൾ പതിനാറാമത്തെ വയസ്സിൽ മുത്തച്ഛനോടും മുത്തശ്ശിയോടും ഒപ്പം ഹംഗറിയിൽ തിരിച്ചെത്തുന്നു.

ബന്ധുവും സൈനിക ഉദ്യോഗസ്ഥയുമായ മാഗ്ദയാണ് ജൂലിയുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്നത്.

റഷ്യൻ അധിനിവേശ ഹംഗറിയിൽ മാഗ്ദയുടെ രാഷ്ട്രീയ നിലപാടുകളും നിർബന്ധങ്ങളും ജൂലിയ്ക്ക് അസഹ്യമായി മാറുന്നു.

കുട്ടിക്കാലത്ത് തന്റെ പിതാവിനെ സൈന്യം അറസ്റ്റുചെയ്തു കൊണ്ടുപോയത് ജൂലിക്ക് ഓർമ്മയുണ്ട്. വീണ്ടും പിതാവിനെ കണ്ടുമുട്ടുമെന്ന് അവൾ പ്രതീക്ഷിക്കുന്നു. മാതാവ് രണ്ടാം പ്രസവത്തിൽ ശുശ്രൂഷ കിട്ടാതെ മരണപ്പെട്ടതും അവൾക്ക് ഓർമ്മയുണ്ട്.

പിതാവിന്റെ ഉറ്റ സുഹൃത്ത് ജാനോസ് യുദ്ധത്തിൽ പരുക്കേറ്റ മകനുമൊത്ത് ഫ്രാൻസിൽ നിന്നും തിരികെയെത്തുന്നു. ജാനോസിൽ നിന്നും തന്റെ

പിതാവിന്റെ സാന്നിധ്യമാണ് ജൂലിക്ക് അനുഭവപ്പെടുന്നത്.

അധികാരിയായ മാഗ്ദയുമായുള്ള വൈരുദ്ധ്യം മൂർച്ഛിക്കുന്നു. ജാനോസും അറസ്റ്റ് ചെയ്യപ്പെടുന്നു. അതോടെ ജൂലി ജാനോസിന്റെ വീട്ടിലേക്ക് താമസം മാറ്റുന്നു.

1953 ൽ റഷ്യയിൽ ജോസഫ് സ്റ്റാലിൻ മരിക്കുന്നതോടെ ഹംഗറിയിൽ ജനകീയ രാഷ്ട്രീയ ചലനങ്ങൾ ഉണ്ടാകുന്നു.

ജയിലിൽ ജാനോസിനെ ജൂലിയും ആന്ദ്രാസും സന്ദർശിക്കുന്നു. പ്രതീക്ഷകളും നിരാശകളും അനാഥത്വവും ആശങ്കകളും ജൂലിയുടെ മനസ്സിൽ നിറയുന്നതോടെ സിനിമ അവസാനിക്കുന്നു.

## നോർത്തേൺ ലൈറ്റ്സ്

യുദ്ധത്തിന്റെ ആഘാതങ്ങളും സ്ത്രീയുടെ മാനസിക അവസ്ഥകളുമാണ് നോർത്തേൺ ലൈറ്റ്സ് എന്ന സിനിമയിൽ മാർത്ത മെസാറോസ് ആവിഷ്കരിക്കുന്നത്. വൃദ്ധയായ മരിയയ്ക്ക് ഒരു യുവതിയുടെ ഫോട്ടോ കിട്ടുന്നു. അവർ

അസ്വസ്ഥയാവുകയും തുടർന്ന് ഹോസ്പിറ്റലിലാവുകയും ചെയ്യുന്നു.



കോമയിലായ മരിയയെ കാണാൻ വിയന്നയിൽ നിന്നും മകൾ ഓൾഗയും ചെറുമകൻ റോബർട്ടും എത്തുന്നു. അമ്മ പെട്ടെന്ന് കോമയിലായതിന്റെ കാരണം കണ്ടെത്താൻ ഓൾഗ ശ്രമിക്കുന്നു. അമ്മയുടെ സ്വകാര്യവസ്തുക്കൾ പരിശോധിക്കുന്നു. തന്റെ ജീവിതത്തെക്കുറിച്ചുള്ള രഹസ്യം അവൾ തേടുന്നു.

രോഗവിമുക്തയാകുന്ന മരിയ മകളോട് മനസ്സ് തുറക്കുന്നു. രണ്ടാം യുദ്ധകാലത്ത് യുവതിയായ

മരിയയുടെ കാമുകനായിരുന്ന അക്കോസാണ് ഓൾഗയുടെ യഥാർത്ഥ അച്ഛൻ.

പണ്ട്, 1950 കളിലെ റഷ്യൻ അധിനിവേശ ഹംഗറിയിൽ നിന്ന് കമിതാക്കളായ മരിയയും അക്കോസും ഹംഗറിയിൽ നിന്നും ഓസ്ട്രേലിയയിലേക്ക്  അതിർത്തികടന്ന് രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ  റഷ്യൻ സൈന്യത്തിന്റെ വെടിയേറ്റ് അക്കോസ് കൊല്ലപ്പെടുന്നു. റഷ്യൻ സൈനികരാൽ ബലാത്സംഗം ചെയ്യപ്പെടുന്ന മരിയ ഓടിരക്ഷപ്പെടുന്നു. അക്കോസിന്റെ ബന്ധുവിന്റെ വീട്ടിലെത്തുന്നു.

എഡിത് എന്ന കസിൻ  മരിയയെ വിയന്നയിൽ   ഒരു കന്യാസ്ത്രീ മഠത്തിലാക്കുന്നു. റഷ്യൻ സൈനികനാൽ ഗർഭിണിയാണ്  എഡിത്. മരിയയും എഡിതും ആ മഠത്തിൽ തന്നെ ഒരുമിച്ച് പ്രസവിക്കുന്നു.

സുരക്ഷാകാരണങ്ങളാൽ എഡിത് തന്റെ കുഞ്ഞിനെ മരിയയെ ഏൽപ്പിക്കുന്നു. സൈന്യം പിടികൂടിയ എഡിത് കൊല്ലപ്പെട്ടു. എഡിതിന്റെ കുഞ്ഞിനെ അന്വേഷിച്ചെത്തിയ സൈനികർക്ക്





മരിയ സ്വന്തം കുഞ്ഞിനെ നൽകുന്നു. മരിയ എഡിത്തിന്റ കുഞ്ഞിനെ വളർത്തുന്നു.

വാസ്തവത്തിൽ എഡിതിന്റെ കുഞ്ഞാണ് ഓൾഗ.

മരിയയുടെ യഥാർത്ഥ മകൾ അന്നയെ കണ്ടെത്താൻ വേണ്ടി ഓൾഗയും അവളുടെ ഭർത്താവും പുറപ്പെടുന്നു.

അന്നയുടെ ഫോട്ടോ കാണുന്ന മരിയ, അന്ന എന്ന് വിളിച്ച് സന്തോഷത്തോടെ മരിക്കുന്നു.

അന്വേഷണം തുടരുന്ന ഓൾഗയും ഭർത്താവും രാത്രിയിൽ ഒരു കടൽത്തീരത്ത് ആകാശത്ത് ധ്രുവദീപ്തി കാണുന്നു...

## ഡയറി ഫോർ മൈ ലവ്സ്

ചരിത്രപരവും സാമൂഹികവുമായ കടുത്ത യാഥാർത്ഥ്യങ്ങൾക്കുള്ളിൽ വളർത്തപ്പെട്ട വ്യക്തിത്വമാണ് ഡയറി ഫോർ മൈ ലൗവ്സിലെ നായിക ജൂലി.

നായികയുടെ ഓർമ്മകൾക്ക് ഊന്നൽ നൽകി ഡോക്കുമെന്ററി ശൈലി കൂടി അവലംബിച്ചുകൊണ്ട് സത്യാന്വേഷണത്തെ മുൻനിർത്തിയുള്ള കഥന രീതിയാണ് ഡയറി

ഫോർ മൈ ലവ്സ് എന്ന സിനിമയിൽ മാർത്ത മെസാറോസ് അവതരിപ്പിക്കുന്നത്.

ഡയറി ത്രയത്തിലെ രണ്ടാമത്തെ ചിത്രം. ( മൂന്നാമത്തെ സിനിമ - ഡയറി ഫോർ മൈ ഫാദർ ആൻഡ് മദർ ).




ഡയറി ഫോർ മൈ ലവ്സ് എന്ന ഈ സിനിമയുടെ ആരംഭത്തിൽ ജാനോസിന്റെ അറസ്റ്റിനെ തുടർന്ന് വീടുവിട്ടുപോകുന്ന ജൂലിയെയാണ് നാം കാണുന്നത്.

തനിക്കുള്ള പാർട്ടി സ്വാധീനം ഉപയോഗിച്ച് വളർത്തമ്മയായ മാഗ്ദ ജൂലിയെ കണ്ടെത്തി വീട്ടിലേക്ക് തിരികെ കൊണ്ടുവരികയും തുടർന്ന്

ഇക്കണോമിക്സ് പഠിക്കാൻ  മോസ്കോയിലേക്ക് അയക്കുകയും ചെയ്യുന്നു.

ജൂലി മോസ്കോയിൽ ഇക്കണോമിക്സിനു പകരം സിനിമാ നിർമ്മാണ കോഴ്സിനാണ് ചേരുന്നത്. അവിടെ അവളുടെ രാഷ്ട്രീയ ധാരണകൾ ശക്തിപ്പെടുന്നു.
ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം, ഡോക്യുമെന്ററി ഫിലിം നിർമ്മാണം, യാഥാർത്ഥ്യങ്ങൾ ചിത്രീകരിക്കുന്നതിലൂടെ അധികൃതരുമായുള്ള പ്രശ്നങ്ങൾ, കലയുടെ   സൗന്ദര്യശാസ്ത്ര വീക്ഷണത്തിലെ വൈരുധ്യങ്ങൾ, സർക്കാർ നിബന്ധനകൾ, അറസ്റ്റ് ചെയ്യപ്പെട്ട തന്റെ പിതാവിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവ ജൂലിയുടെ മോസ്കോ ജീവിതത്തിലുണ്ട്.

ഡോക്യുമെൻററി ഫുട്ടേജുകൾ കൂടി ഉപയോഗിച്ചുള്ള ഈ  സിനിമ, കളറിൽ നിന്നും ബ്ലാക്ക് ആൻഡ് വൈറ്റിലേക്കും തിരിച്ചും ഇടവിട്ട് സഞ്ചരിക്കുന്നു. അതിലൂടെ ചരിത്രപരമായ യാഥാർഥ്യത്തെ  ഭാവനയുമായി ഇഴ ചേർത്ത് അവതരിപ്പിച്ചിരിക്കുന്നു.

സ്റ്റാലിന്റെ ജീവിതത്തിലെ പല ഘട്ടങ്ങളും ഈ സിനിമയിലെ ഭൂതകാലാവിഷ്കരണത്തിന്റെ ഭാഗമായി ബ്ലാക്ക് ആൻഡ് വൈറ്റിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

1953 - ലെ സ്റ്റാലിന്റെ മരണം ഈ ചിത്രത്തിലെ ഒരു നിർണായക സന്ദർഭമാണ്. തുടർന്നുണ്ടാകുന്ന അധികാരമാറ്റങ്ങളും പ്രതീക്ഷകളും  നിരാശകളും രാഷ്ട്രീയ സങ്കീർണ്ണതകളും ജൂലിയെ അലട്ടുന്നുണ്ട്.

പിതാവ്  കൊല്ലപ്പെട്ടുവെന്ന് ജൂലിയ്ക്ക് സങ്കൽപ്പിക്കാൻ പോലും കഴിയുന്നില്ല. അവളുടെ മനസ്സിൽ   മാതാപിതാക്കളെ കുറിച്ചുള്ള ഓർമ്മ ഒരു അഗാധവേദനയായി  നിലനിൽക്കുന്നുണ്ട്.

1956 ലെ ഹംഗേറിയൻ വിപ്ലവത്തിന്റെ ആരംഭ ദശ ചിത്രീകരിക്കുന്നതോടെ, ഹംഗറിയിലേക്ക് തിരികെ പോകാനുള്ള പരിശ്രമത്തോടെ   സിനിമ അവസാനിക്കുന്നു.

മാർത്ത മെസാറോസ് ചലച്ചിത്രമേളയിലേക്കും വനിതാ സംഗമത്തിലേക്കും ഏവർക്കും സ്വാഗതം.




*സിനിമ കാണുക എന്നതിനപ്പുറം ചിന്തിക്കുകയും സംസാരിക്കുകയും പഠിക്കുകയും ചെയ്യുന്നത് സംസ്കാരം വളർത്തിയെടുക്കാൻ ഉപകരിക്കും എന്നതിൽ സംശയമില്ല*

**26** വർഷത്തിലേറെ കാലമായി സിനിമയെ കേവലമൊരു വിനോദം മാത്രമായി കാണാതെ മനുഷ്യജീവിതത്തെ അടുത്തറിയാനുള്ള മാധ്യമമായി കണ്ടു പ്രവർത്തിക്കുന്നത് ഏറെ പ്രചോദനം നൽകുന്ന ഒന്നാണ്.

ലോക ക്ലാസിക് സിനിമകളുടെ സൗജന്യപ്രദർശനവും സിനിമയെ കുറിച്ചുള്ള പഠനങ്ങളും ഫിലിം ജേർണലിസവും ഫോട്ടോഗ്രാഫിയും സെമിനാറുകളും

പരിശീലനവും ഒക്കെ നൽകി സിനിമയെ ആഴത്തിൽ അറിയാനുള്ള അവസരം ഒരുക്കി കൊടുക്കുമ്പോഴാണ് ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ ചലനാത്മകം ആകുന്നത്.

സിനിമ കാണുക എന്നതിനപ്പുറം ചിന്തിക്കുകയും സംസാരിക്കുകയും പഠിക്കുകയും ചെയ്യുന്നത് സംസ്കാരം വളർത്തിയെടുക്കാൻ ഉപകരിക്കും എന്നതിൽ സംശയമില്ല.

സാധാരണ ജനങ്ങൾക്ക് സിനിമ ഒരു വിനോദോപാധി മാത്രമാണ്. എന്നാൽ യഥാർത്ഥ സിനിമയെ അടുത്തറിയുന്നവർക്ക് സൃഷ്ടിപരമായ വഴി കൂടി ഒരുക്കുകയാണ് ഒരു ഫിലിം സൊസൈറ്റിയുടെ ലക്ഷ്യം. ഫിൽക്ക അതിന്റെ പാതയിലാണ്.

സിനിമയിൽ സ്ത്രീകളുടെ സാന്നിധ്യം എന്ന് പറയുമ്പോൾ കേവലം അഭിനയം മാത്രമായി രേഖപ്പെടുത്തരുത്. എഴുത്ത് , സംവിധാനം , ഛായാഗ്രഹണം , എഡിറ്റിംഗ് എന്നീ മേഖലകളിലേക്ക് സ്ത്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മേഖലയിൽ

സ്ത്രീകൾ എത്തിപ്പെടണം. വനിതകൾക്ക് പരിശീലനം കിട്ടുമ്പോൾ അത് അവരുടെ സാങ്കേതിക മികവിന് മുതൽക്കൂട്ടാകും എന്നതിൽ തർക്കമില്ല.

നിത്യജീവിതത്തിൽ സ്ത്രീകൾ എത്രയെത്ര വേഷങ്ങളാണ് പകർന്നാടുന്നത്. അത്രയും കഴിവുള്ളവർക്ക് എല്ലാ മേഖലകളിലും എത്തിപ്പെടാൻ കഴിയും. കഴിവുകൾ അടയാളപ്പെടുത്തിക്കൊണ്ട് സ്ത്രീകൾക്കും ഉയർന്നു വരാൻ അവസരം വേണം. പുരുഷന്മാരെ ഒഴിവാക്കുക എന്നതല്ല, മറിച്ച് ഒരു അവസരം കൊടുത്താൽ സ്ത്രീകൾ ഉയർന്നുവരും എന്ന വിശ്വാസം ഉള്ളതുകൊണ്ടാണ്.

തൊഴിലിടങ്ങളിൽ ചൂഷണം വളരെ വലുതാണ്. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല. കഴിവുള്ളതുകൊണ്ട് മാത്രം സ്ത്രീകൾക്ക് മുന്നോട്ട് വരാൻ കഴിയില്ല. സ്ത്രീകൾ വിജയിക്കുന്നത് അവർക്ക് വേണ്ടി പോരാടാൻ ഉത്കൃഷ്ടരായ പുരുഷന്മാരും അവർക്ക് പിന്നിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. അത് രാജാറാം മോഹൻ റോയ് മുതൽ ഇങ്ങോട്ട് ഉള്ളവർ വരെ



ചെയ്ത നല്ല പ്രവർത്തനങ്ങൾ കൊണ്ടാണ്.

സ്ത്രീ ആയതുകൊണ്ട് ഒരു സ്ഥലത്തും മാറ്റി നിർത്തേണ്ടതില്ല. മലയാള സിനിമ രംഗത്ത് ഒരുപാട് സാധ്യതകൾ ഉണ്ട്. നിരവധി പേർ പ്രതിസന്ധികളോടും ഇല്ലായ്മകളോടും പോരാടി മുന്നിലേക്കുള്ള പാത തെളിച്ചു വന്നവരാണ്. അവർക്ക് പകർത്താൻ വേറെ മാതൃകകളില്ലായിരുന്നു. വളരെയേറെ കഷ്ടപ്പെട്ടാണ് സ്വന്തം ഇരിപ്പിടങ്ങൾ അവർ സ്വന്തമായി കണ്ടെത്തിയത്.

വനിതകൾക്ക് സിനിമയുടെ സാങ്കേതിക രംഗങ്ങളിൽ പരിശീലനവും  മികച്ച തൊഴിൽ

അവസരവും സൃഷ്ടിക്കുവാൻ ഫിൽക്ക ഫിലിം സൊസൈറ്റിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

വനിതാ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന മന്ത്രി എന്ന നിലയിൽ മുഴുവൻ പിന്തുണയും പ്രഖ്യാപിക്കുന്നു.

മാർത്താ മെസാറോസിന്റെ ജന്മദിനത്തോടനുബന്ധിച്ച് ചലച്ചിത്രമേളയും വനിത സംഗമവും  ഞാൻ ഉദ്ഘാടനം  ചെയ്യുന്നു. എല്ലാവർക്കും  നല്ലൊരു ദിവസം ആശംസിക്കുന്നു.






*മാർത്തയുടെ കുട്ടിക്കാലത്തുതന്നെ അമ്മ മരിച്ചു. സ്റ്റാലിന്റെ ഭരണകൂടത്തിനു മുന്നിൽ വിചാരണ ചെയ്യപ്പെട്ട അച്ഛൻ തിരിച്ചെത്തുമെന്ന് പ്രതീക്ഷിച്ചു. 1990 ൽ മരിച്ചുപോയെന്നു മാത്രം മാർത്ത അറിഞ്ഞു. എങ്ങനെ, എപ്പോൾ, എന്തു കൊണ്ട് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചില്ല. അതൊന്നും തന്നെ അനുവദനീയമല്ലായിരുന്നു.*

**സം**സാരത്തിൽ നിറയെ സ്നേഹവും വാത്സല്യവും. മാധുര്യമുള്ളൊരു മാതൃഹൃദയം. അതിലേറെ ഒരു കലാകാരിയുടെ തുറന്ന സമീപനം. വിശ്വചലച്ചിത്രവേദിയിൽ ഏറ്റവും ഉന്നതിയിൽ നിൽക്കുന്ന വനിതാ സംവിധായകയാണെന്ന യാതൊരു ഭാവവും പെരുമാറ്റത്തിലില്ല. അതാണ്

മാർത്ത മെസറോസ് എന്ന ഹംഗേറിയൻ ചലച്ചിത്രകാരി. ജനനം 19 സെപ്റ്റംബർ 1931.

ലോകസിനിമയിൽ അംഗീകാരങ്ങളും പുരസ്കാരങ്ങളും നേടുന്ന ഈ ഹംഗേറിയൻ സംവിധായിക, പൂർവ്വ യൂറോപ്പിൽ ചെക് റിപ്പബ്ലിക്കിലെ വേരാ ചൈതി ലോവ, പോളണ്ടിലെ അഗ്നീസ്കാ ഹോളണ്ട് തുടങ്ങിയ പ്രതിഭകളേക്കാൾ വ്യത്യസ്തമായി ആത്മാവിന്റെ കയ്യൊപ്പുകൾ തന്റെ സിനിമകളിൽ ആഖ്യാനം ചെയ്യുന്നു.

യൂറോപ്പിലെ രാഷ്ട്രീയ സ്ഥിതിഗതികളിൽപ്പെട്ട് ഭഗ്നവും നാമാവശേഷവുമായ മനുഷ്യജീവിതങ്ങളെ, കുടുംബങ്ങളെ, വ്യക്തിഗത ജീവിതാനുഭവങ്ങളെ ചരിത്രത്തിന്റെ അപഗ്രഥന രേഖയിൽ പരിശോധിക്കുന്നു. ചിന്താവിഷയമാകേണ്ട യാഥാർത്ഥ്യങ്ങളെ പുറത്തെടുക്കുകയും ചെയ്യുന്നു.

രാഷ്ട്രീയ അധീശശക്തിക്കു മുന്നിൽ ഒരു മനുഷ്യൻ എന്ന നിലയ്ക്കു പോലും ജീവിക്കാനുള്ള അവകാശമില്ലായ്മ, സ്വാതന്ത്ര്യനിഷേധം, സ്ത്രീയുടെ അസ്തിത്വം , കുടുംബബന്ധങ്ങളിലെ

വേർപാടുകൾ, ആത്മവേദനകൾ തുടങ്ങിയവയെ ഓർമ്മകളിൽ ഖനനം ചെയ്ത് വീണ്ടും ഓർമ്മിക്കാനുള്ള ദിനക്കുറിപ്പുകളാക്കുന്നു.



ഒതുക്കപ്പെട്ട ധർമ്മസങ്കടങ്ങളോടുകൂടി പ്രേക്ഷകരുമായി പാരായണം ചെയ്യുന്നു. കഥയും സിനിമയും മനുഷ്യ ലോകത്തിന്റെ ഊഷ്മളതയോടു ചേർത്തുവെയ്ക്കുന്നു.

1975-ലെ 'ദത്തെടുക്കൽ' (അഡോപ്ഷൻ), 1976-ലെ 'ഒൻപതു മാസങ്ങൾ'(നയൻ മന്ത്സ്),1984-ലെ 'എന്റെ കുട്ടികൾക്കുള്ള ദിനക്കുറിപ്പുകൾ' (ഡയറി ഫോർ മൈ ചിൽഡ്രൻ ), 1986-ലെ 'എന്റെ

സ്നേഹഭാജനങ്ങൾക്കുള്ള ദിനക്കുറിപ്പുകൾ' (ഡയറി ഫോർ മൈ ലവ്ഡ് വൺസ് ), 1990-ലെ 'എന്റെ അച്ഛനും അമ്മയ്ക്കുമുള്ള ദിനക്കുറിപ്പുകൾ' (ഡയറി ഫോർ മൈ ഫാദർ ആൻഡ് മദർ), 1996-ലെ 'ഏഴാമത്തെ മുറി'( ദി സെവൻത് റൂം), 2000-ലെ കൊച്ചു വിൽമ-അവസാനത്തെ ദിനക്കുറിപ്പു കൾ'(ലിറ്റിൽ വിൽമ-ദി ലാസ്റ്റ് ഡയറി), 2004-ലെ 'അടക്കം ചെയ്യാത്ത ശവം' (ദി അൺബറീഡ് ഡെഡ്), 2009-ലെ 'അന്നയെ കുറിച്ചുള്ള അവ സാനത്തെ വൃത്താന്തം' (ദി ലാസ്റ്റ് റിപ്പോർട്ട് ഓൺ അന്ന) എന്നീ പ്രധാന ചിത്രങ്ങളിലേക്ക് കണ്ണോടിയ്ക്കും മുമ്പ് മാർത്ത മെസേറോസിന്റെ ജീവിതത്തിലേയ്ക്കും പിന്നിട്ട വഴികളിലേക്കും രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളിലേക്കും ദീപയഷ്ടി വീശേണ്ടതുണ്ട്.

1930-കളിൽ സ്റ്റാലിന്റെ ഭരണകാലത്ത് ഇടതുപക്ഷ ചിന്താഗതിക്കാരായ നിരവധി കുടുംബങ്ങൾ യൂറോപ്പിൽ നിന്ന് കിർഗിസ്ഥാൻ പോലുള്ള പ്രദേശങ്ങളിലേയ്ക്കു കുടിയേറിയിരുന്നു. യൂറോപ്പിലെ യുദ്ധാന്തരീക്ഷത്തിൽ നിന്നു മാറിനിന്ന അവർക്ക് കിർഗിസ്ഥാനിൽ എക്കാലവും ജീവിക്കണമെന്ന് ആഗ്രഹമൊന്നുമില്ലായിരുന്നു.

ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് പുതിയ രേഖകൾ തയ്യാറാക്കി പുതിയ ജീവിതം അവർ സ്വപ്നം കണ്ടു. പക്ഷേ അവരിൽ അനേകം പേർ സ്റ്റാലിന്റെ ഇരുമ്പുമറയ്ക്ക്  പിന്നിൽ അജ്ഞാതരായിത്തീർന്നു. ഏതാണ്ട് അറുപതുവർഷങ്ങൾക്കു ശേഷമാണ് ഈ മനുഷ്യക്കുരുതിയെ കുറിച്ച് ലോകം അറിഞ്ഞതുതന്നെ.



ഹംഗറിയിലെ കിസ്പെസ്റ്റ് എന്ന സ്ഥലത്തു ജനിച്ച മാർത്ത മെസറോസ് മാതാപിതാക്കളോടൊപ്പം ബാല്യകാലത്ത്

കിർഗിസ്ഥാനിലെത്തി. മാർത്തയുടെ കുട്ടിക്കാലത്തുതന്നെ അമ്മ മരിച്ചു. സ്റ്റാലിന്റെ ഭരണകൂടത്തിനു മുന്നിൽ വിചാരണ ചെയ്യപ്പെട്ട അച്ഛൻ തിരിച്ചെത്തുമെന്ന് പ്രതീക്ഷിച്ചു. 1990 ൽ മരിച്ചുപോയെന്നു മാത്രം മാർത്ത അറിഞ്ഞു. എങ്ങനെ, എപ്പോൾ, എന്തു കൊണ്ട് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചില്ല. അതൊന്നും തന്നെ അനുവദനീയമല്ലായിരുന്നു.

ഏതാണ്ട് അറുപതുവർഷം കഴിഞ്ഞ് സോവിയറ്റ് യൂണിയനിലുണ്ടായ മാറ്റങ്ങൾക്കൊപ്പം കിർഗിസ്ഥാൻ സ്വതന്ത്ര രാജ്യമായപ്പോൾ പ്രസിഡന്റ് അസ്കർ അകായെവ് ജനങ്ങൾക്കു വേണ്ടി മുൻകാലരേഖകൾ പുറത്തുവിട്ടു. അപ്പോഴാണ്, 1999-ൽ, മാർത്ത അറിയുന്നത് , നിഷ്കളങ്കനായ തന്റെ അച്ഛനെ ഒരു കാരണവുമില്ലാതെ സ്റ്റാലിനിസ്റ്റ് ഭരണകൂടം വധിക്കുകയായിരുന്നുവെന്ന്.

1950-കളിൽ ഹംഗറിയിലെ ഫിലിം സ്കൂളിൽ ചേർന്നു പഠിക്കുവാൻ മാർത്ത ആഗ്രഹിച്ചെങ്കിലും വനിതകൾക്കു പ്രവേശനം നൽകുന്ന പതിവ്

അവിടെയില്ലായിരുന്നു. റഷ്യയിൽ കുറച്ചുകാലം ജീവിച്ചതിനാൽ റഷ്യൻഭാഷ മാർത്തയ്ക്ക് വശമായിരുന്നു. അതിനാൽ മോസ്കോയിലേക്കു പോയി റഷ്യൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിനിമാട്ടോഗ്രാഫിയിൽ ചേർന്നു.

സ്റ്റാലിന്റെ കാലത്ത്, റഷ്യൻ ഫിലിം സ്കൂളിൽ നല്ല ചിത്രങ്ങളൊന്നും തന്നെ നിർമ്മിക്കപ്പെട്ടിരുന്നില്ല. പക്ഷെ ലോകസിനിമയിൽ അറിയപ്പെടുന്നവർ അവിടെ അധ്യാപകരായിട്ടുണ്ടായിരുന്നു. ഡൊവ്ഷെങ്കോ, പൈറീവ്, ജെറാസിമോവ്, ലേവ് കുലെഷോവ് എന്നിങ്ങനെ നിരവധിപേർ. സ്റ്റിൽ ഫോട്ടോഗ്രാഫി മാത്രമായിരുന്നു പ്രാക്ടിക്കൽ. ബാക്കിയെല്ലാം സൈദ്ധാന്തികമായ പഠനങ്ങൾ. ഫിലിം നെഗറ്റീവിന്റെ അഭാവത്താൽ ചിത്രങ്ങൾ നിർമ്മിച്ചു പഠിക്കാനുള്ള സാഹചര്യമില്ലായിരുന്നുവെങ്കിലും സംസ്കാരം, സാഹിത്യം, മറ്റു ദേശങ്ങളിലെ സിനിമകൾ തുടങ്ങിയവയൊക്കെ ഉൾക്കൊള്ളാൻ സാധിച്ചിരുന്നു.

ഫിലിം സ്കൂളിൽ പഠനം പൂർത്തിയാക്കിയ മാർത്ത ഹംഗറിയിലേക്കു മടങ്ങി. ഒരു ഡോക്യുമെന്ററി സൃഷ്ടിക്കാനുള്ള പരിശ്രമത്തിലായി. 1956 -ൽ ഹംഗറിയിൽ റഷ്യൻ അധിനിവേശത്തിനെതിരെയും ജനാധിപത്യ സ്വാതന്ത്ര്യത്തിനു വേണ്ടിയും വിപ്ലവം പൊട്ടിപ്പുറപ്പെടുന്ന സമയമായിരുന്നുവത്.

ഹംഗറിയിലെ ബുദ്ധിജീവികളും സാഹിത്യകാരന്മാരും പത്ര പ്രവർത്തകരും പിന്തുണച്ച പ്രതിപക്ഷ മുന്നേറ്റം ശക്തിപ്പെട്ട രാഷ്ട്രീയാന്തരീക്ഷം മാർത്തയ്ക്ക് പ്രതീക്ഷയായി. ഹംഗറിയിലെ പാവപ്പെട്ട ജനങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു ആ ഡോക്യുമെന്ററി. എന്നാൽ ഹംഗേറിയൻ ഗവൺമെന്റ് ആ ഡോക്യുമെന്ററിയെ അവഗണിച്ചു. സൈനിക അധീശ രാഷ്ട്രീയ വാഴ്ച്ചയ്ക്കു കീഴിലുള്ള സാധാരണ ജനജീവിതത്തെയും പ്രശ്നങ്ങളെയും തുറന്നുകാട്ടുന്ന ഒന്നായിരുന്നുവത്.

1956-ലെ ബുഡാപെസ്റ്റ് വിപ്ലവം അട്ടിമറിക്കപ്പെട്ടതിനു ശേഷം ഹംഗറിയിൽ ഒരു തരം ബൗദ്ധികമാന്ദ്യം പരന്നിരുന്നു.




സ്വതന്ത്ര രാഷ്ട്രീയത്തിന്റെ നേതാവായിരുന്ന ഇമ്രേ നാഗിയും മറ്റു ചിന്തകരും വിപ്ലവകാരികളും വധിക്കപ്പെട്ടിരുന്നു. ജോർജ്ജ് ലൂക്കാച്ച് , ബേല ബലാസ് തുടങ്ങിയ തത്ത്വചിന്തകരും നിരൂപകരും എഴുത്തുകാരും കലാകാരന്മാരും രാജ്യം വിട്ടു. 1987-ൽ മാർത്ത മെസറോസ് സംവിധാനം ചെയ്ത 'എന്റെ സ്നേഹഭാജനങ്ങൾക്കുള്ള ദിനക്കുറിപ്പുകൾ' (ഡയറി ഫോർ മൈ ലവ്ഡ് വൺസ് ) എന്ന സിനിമ ഈ കാലഘട്ടത്തിലെ രാഷ്ട്രീയ അന്തരീക്ഷത്തെ ഉൾക്കൊള്ളുന്നതാണ്.

ഹംഗേറിയൻ ഭാഷയും സംഗീതവും വൈതൃകവുമൊക്കെ സുന്ദരമാണെങ്കിലും





ഹംഗേറിയൻ ഭാഷ അയൽരാജ്യക്കാർക്കു പോലും ബുദ്ധിമുട്ടായിരുന്നു. അതിനാൽ സംഭാഷണങ്ങളും വാമൊഴിപ്രയോഗങ്ങളും പരമാവധി ചുരുക്കിക്കൊണ്ടുള്ള ദൃശ്യഭാഷ രൂപപ്പെടുത്താൻ ഹംഗേറിയൻ സംവിധായകർ പരിശ്രമിച്ചു. സൊൾത്താൻ ഫാബ്രി, ഇസ്തവാൻ സാബോ തുടങ്ങിയവർ മികച്ച ചലച്ചിത്രങ്ങൾ ഇത്തരത്തിൽ സൃഷ്ടിച്ചു. 1960-കളിൽ മിക് ലോസ് യാങ്ച്ചോ എന്ന സംവിധായകൻ ദൃശ്യകലയിൽ പുതിയ രാഷ്ട്രീയ ഭാഷ സൃഷ്ടിച്ച് ഹംഗേറിയൻ സിനിമയെ വിശ്വസിനിമയുടെ ഉന്നതിയിലെത്തിച്ചു. 1965-ൽ എടുത്ത 'റൗണ്ട് അപ് ' എന്ന ചിത്രത്തിൽ ഹാബ്സ്ബുർഗ് രാജവാഴ്ചയ്ക്കെതിരെ 1848-ലുണ്ടായ കർഷക വിപ്ലവം, അടിച്ചമർത്തൽ, രക്തസാക്ഷിത്വം, മുൻകാല രാഷ്ട്രീയ പ്രവർത്തകർക്കുള്ള ജയിൽശിക്ഷ, പീഢനം, അവശേഷിക്കുന്ന വിപ്ലവകാരികൾക്കുള്ള മരണശിക്ഷ തുടങ്ങിയവയെ പുതിയ രാഷ്ട്രീയ ഭാഷയിൽ ആവിഷ്കരിച്ചു. സോഷ്യലിസം, സ്വാതന്ത്ര്യം, സ്വേച്ഛാധിപത്യം എന്നിവയെ വ്യവഹരിക്കുവാനുള്ള ഒരു പുതിയ ദൃശ്യസങ്കേതമായിരുന്നുവത്. സ്കാരിക

വകുപ്പിന്റെ കീഴിലുള്ള ഹംഗേറിയൻ ചലച്ചിത്ര നിർമ്മാണ രംഗത്ത് വിമർശനാത്മക ദൃശ്യശൈലി രൂപപ്പെട്ടുവെങ്കിലും മികച്ച ചലച്ചിത്രം എന്ന നിലയിൽ സൃഷ്ടികളെ സമീപിക്കാൻ അധികാരികൾക്കു കഴിഞ്ഞിരുന്നു. ഗ്രിഗറി എക്സലിനെ പോലുള്ള ഔദ്യോഗിക ബൗദ്ധിക നിരീക്ഷകർ അനുകൂലിക്കുകയും ചെയ്തു.

ഇത്തരം ചിത്രങ്ങൾ നിർമ്മിക്കുവാൻ ഹംഗേറിയിലെ ഭരണകൂടം തയ്യാറായതിനു കാരണം തങ്ങൾ യഥാർത്ഥ ജനാധിപത്യത്തെയും വിമർശന സ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്നു എന്ന് ലോകത്തോട് വെളിപ്പെടുത്താൻ വേണ്ടികൂടിയായിരുന്നു.

എന്നാൽ 1956 -ലെ ബുഡാപെസ്റ്റ് വിപ്ലവത്തെ സ്വതന്ത്ര ബുദ്ധിജീവികളുടെ കലാപവും പ്രതിവിപ്ലവവുമായി കണക്കുകൂട്ടിയ ഔദ്യോഗിക ഭരണകൂടം സൈനിക രാഷ്ട്രീയത്തോട് പ്രതിഷേധിക്കുന്ന സിനിമകളെ പ്രോത്സാഹിപ്പിച്ചില്ല. പിൽക്കാലത്ത് മാർത്ത മെസറോസ് 'ഡയറി പരമ്പര' എന്ന പേരിലറിയപ്പെടുന്ന ചിത്രങ്ങൾ സൃഷ്ടിച്ചപ്പോഴും

ഗവൺമെന്റിന്റെ നിലപാടുകൾ പ്രതിബന്ധമായിരുന്നു.

1960 -ൽ മാർത്ത മെസറോസ് ഹംഗേറിയൻ ചലച്ചിത്രകാരനായ മിക് ലോസ് യാങ്ങ്ചോയെ വിവാഹം കഴിച്ചു. അവരുടെ രണ്ടു മക്കളും - നൈക യാങ്ങ് ചോയും മിക് ലോസ് യാങ്ങ്ചോ ജൂനിയറും -  മികച്ച ഛായാഗ്രാഹകന്മാരാണ്. മാർത്തയുടെ ചിത്രങ്ങൾക്ക് ക്യാമറ കൈകാര്യം ചെയ്യുന്നതും മക്കൾ തന്നെ. പിൽക്കാലത്ത് മിക് ലോസ് യാങ്ങ്ചോ മായുള്ള വിവാഹബന്ധം വേർപെട്ടു. മാർത്തയുടെ ചിത്രങ്ങളിൽ അഭിനയിച്ച പോളിഷ് നടൻ ജാൻ നൊവിസ്കിയുമായി പുനർ വിവാഹിതയാ യെങ്കിലും 2008-ൽ ആ ബന്ധത്തിൽ നിന്നും സ്വതന്ത്രയായി.

മാർത്തയ്ക്കു മുന്നിൽ ഒരു സിനിമ നിർമ്മിക്കുവാനുള്ള കടമ്പകൾ പലതായിരുന്നു. ഹംഗറിയിൽ ഒരു സിനിമ സൃഷ്ടിക്കണമെങ്കിൽ ഗവൺമെന്റിന്റെ ഫിലിം കമ്പനിക്ക് (സ്റ്റുഡിയോ) തിരക്കഥ നൽകണം. ഗവൺമെന്റിന്റെ രാഷ്ട്രീയ വീക്ഷണമുള്ള ഒരു പാനൽ അതു

പരിശോധിക്കണം. തുടർന്ന് ബഡ്ജറ്റ് നിശ്ചയിക്കണം. പിന്നെ ആ പദ്ധതി സാംസ്കാരിക മന്ത്രാലയത്തിനു മുന്നിലെത്തിക്കണം. സൂക്ഷ്മവും അന്തിമവുമായ സെൻസർഷിപ് അവിടെ നടക്കും. ചിലപ്പോൾ തിരുത്തലുകളും ഭേദഗതികളും ആവശ്യപ്പെടാം. മറ്റു ചിലപ്പോൾ പദ്ധതി ഉപേക്ഷിച്ചെന്നിരിക്കും. ഔദ്യോഗിക നിരീക്ഷണത്തിന്റെ കടമ്പകൾ കടന്നാൽ ബഡ്ജറ്റ് വെട്ടി കുറച്ചുകൊണ്ട് പണം അനുവദിക്കും. കുറഞ്ഞ വേതനത്തിൽ തന്നെ സംവിധാനം ചെയ്യണം. നടീനടന്മാർക്കും സാങ്കേതിക വിദഗ്ദർക്കുമെല്ലം കുറഞ്ഞ വേതനം തന്നെ. ചിത്രത്തിനുമേൽ യാതൊരു അവകാശവും സംവിധായകർക്ക് ഉണ്ടായിരിക്കുകയുമില്ല.

രാജ്യാന്തര ചലച്ചിത്രോത്സവങ്ങളിൽ നിന്നോ അന്യരാജ്യ ടി.വി.ചാനലുകളിൽ നിന്നോ ലഭിക്കുന്ന തുകയ്ക്കുള്ള അവകാശം സർക്കാരിന് മാത്രമാണ്.

വിദേശ ചലച്ചിത്രോത്സവങ്ങളിൽ പങ്കെടുക്കുമ്പോഴും തുച്ഛമായ തുകയാണ് സംവിധായകർക്കു ലഭിക്കുക. 1975-ലെ സിനിമ- "ദത്തെടുക്കൽ'(അഡോപ്ഷൻ) - കാൻ

ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ പാരീസിലെത്തിയ മാർത്തയുടെ കയ്യിൽ കേവലം 100 ഫ്രാങ്ക്സ് മാത്രമാണുണ്ടായിരുന്നതെന്ന് മാർത്ത അനുസ്മരിക്കുന്നുണ്ട്. ഫ്രാൻസിൽ കഴിയുന്ന ഹംഗറിക്കാരായ ചലച്ചിത്രപ്രേമികളാണ് അവിടെവച്ച് മാർത്തയെ സഹായിച്ചത്. ഓസ്ക്കാറിന് നാമനിർദ്ദേശം ലഭിച്ചപ്പോൾ ലോസ് ആഞ്ചലോസിലെത്തിയ മാർത്തയെ അമേരിക്കയിൽ വസിക്കുന്ന ഹംഗറിക്കാരായിരുന്നു സഹായിച്ചത്. പല രാജ്യങ്ങളിലെത്തുമ്പോഴും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഇത്തരം സാമ്പത്തിക പ്രശ്നങ്ങൾ മൂലം പല വിഖ്യാത സംവിധായകരും വിദേശ രാജ്യങ്ങളിലെ കമ്പനികളുമായി കോ-പ്രൊഡക്ഷൻ ആരംഭിച്ചു.

മിക്ലോസ് യാങ്ങ്ചോ ഇറ്റലിയിലും ഇസ്തവാൻ സാബോ ജർമ്മനിയിലും കോ-പ്രൊഡക്ഷൻ സിനിമ ചെയ്തു. ഹംഗേറിയൻ ഛായാഗ്രാഹകർ അമേരിക്കയിൽ പോയി ജോലി ചെയ്തു തുടങ്ങി. ഇതേ സമയം എഴുത്തുകാരനും ചരിത്രകാരനും തിരക്കഥാകൃത്തുമൊ ക്കെയായ

ഇസ്തവാൻ നെമിസ്കൂർത്തി ഔദ്യോഗിക പദവി വഹിച്ചപ്പോഴാണ് ഹംഗേറിയൻ സിനിമയിൽ വിസ്മയങ്ങൾ സൃഷ്ടിക്കുവാൻ സംവിധായകർക്ക് അവസരമൊരുക്കിയത്. ഇങ്ങനെ 1960-കളിലും 1970-കളിലും മികച്ച ചിത്രങ്ങൾ ഹംഗറിയിലുണ്ടായി. ഈ കാലഘട്ടത്തെ ഹംഗേറിയൻ സിനിമയുടെ സുവർണകാലമായി ചലച്ചിത്രകാരന്മാർ വിലയിരുത്തുകയും ചെയ്യുന്നു.

മാർത്ത മെസറോസും കോ-പ്രൊഡക്ഷനിലേക്കു നീങ്ങിയിരുന്നു. യൂറിമേജസ് എന്ന യൂറോപ്യൻ ചലച്ചിത്ര നിർമ്മാണ കമ്പനിയുമായി ചേർന്ന് മാഡം ക്യൂറിയെ കുറിച്ച് ചിത്രം നിർമ്മിക്കുവാനുള്ള പദ്ധതിയുണ്ടായിരുന്നു. പോളണ്ടിൽ ജീവിച്ചിരുന്ന മേരി-സ്ക്ളോഡോവ്സ്ക -ക്യൂറി എന്ന മാഡം ക്യൂറിയുടെ വ്യക്തിജീവിതത്തിലെ അന്തഃസംഘർഷങ്ങളും ദുരന്തങ്ങളുമൊക്കെയായിരുന്നു പ്രമേയം.

സ്വേച്ഛാധിപത്യത്തിനും റഷ്യൻ രാഷ്ട്രീയ അധീശത്വത്തിനും കീഴിൽ നിലകൊണ്ട ഹംഗറി

ജനാധിപത്യത്തിലേക്കു കടന്നുവരുന്നതു തന്നെ 1990 -കൾക്കു ശേഷമാണ്.

മുൻ കമ്യൂണിസ്റ്റുകളായ സോഷ്യലിസ്റ്റുകളും വലതുപക്ഷ രാഷ്ട്രീയക്കാരുമാണ് ഹംഗറിയിൽ രണ്ടു ചേരികളിലായി നില കൊള്ളുന്നത്. ജനാധിപത്യത്തിന്റെ ഹംഗേറിയൻ രൂപം വാസ്തവത്തിൽ സങ്കീർണവുമാണ്. ഹംഗറിയിലെ സാംസ്കാരിക മന്ത്രാലയം നോക്കുന്നത് സ്വന്തം രാഷ്ട്രീയ താല്പര്യങ്ങൾക്ക് അനുസൃതമായ പുതിയ സംസ്കാരം എങ്ങനെ കെട്ടിപ്പടുക്കാമെന്നാണ്. സാംസ്കാരിക വകുപ്പ് മന്ത്രി തീരുമാനിക്കുന്നതു പോലെയാവും സിനിമാ നിർമ്മാണം നടക്കുക.

മാർത്ത മെസറോസ് പോളിഷ് ടെലിവിഷനുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും പോളണ്ടിൽ താമസിക്കുവാനുമൊക്കെ താല്പര്യപ്പെട്ടിരുന്നു. സംവിധായകർക്ക് നിർമ്മാണത്തുകയും പ്രതിഫലവും പോളിഷ് ടെലിവിഷൻ അനുവദിക്കുന്നതുപോലെ ഹംഗേറിയൻ ടെലിവിഷൻ അനുവദിക്കുകയില്ല. രാഷ്ട്രീയ

പ്രചരണത്തിനുള്ള മാധ്യമമാണ് ഔദ്യോഗിക ഹംഗേറിയൻ ടെലിവിഷൻ. എന്നാൽ പോളണ്ടിന്റെ ചരിത്ര സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ജർമ്മനിയുമായും റഷ്യയുമായും യുദ്ധം ചെയ്തവരാണ് പോളണ്ടുകാർ. സാംസ്കാരിക പൈതൃകവും കലയും സാഹിത്യവുമൊക്കെ സമ്പന്നമാണ്. പോളണ്ടിലെ ബുദ്ധിജീവികളും കലാകാരന്മാരും ജനങ്ങളുമൊക്കെ അവിടുത്തെ രാഷ്ട്രീയ- സാംസ്കാരിക പ്രശ്നങ്ങളോട് പെട്ടെന്ന് പ്രതികരിക്കും. തെരുവിലിറങ്ങി പ്രതിഷേധ പ്രകടനം നടത്തും. പണിമുടക്കും ആരംഭിക്കും. എന്നാൽ പ്രശ്നങ്ങളോടു പെട്ടെന്ന് പ്രതികരിക്കാനുള്ള ഊർജ്ജം ഹംഗറിയിലില്ല. ഇതിനു കാരണം രാഷ്ട്രീയത്തിലെ ഹിംസയും നിലപാടുകളുമാണെന്ന് മാർത്ത അഭിപ്രായപ്പെടുന്നു.

യഹൂദ വിരോധം കലർന്ന സ്വേച്ഛാധിപത്യമാണ് ഹംഗറിയിൽ നിലനിന്നത്. 1956-ലെ ബുഡാപെസ്റ്റ് വിപ്ലവത്തെ അടിച്ചമർത്തിയതിനു ശേഷം ജാനോസ്  കേദാർ ആയിരുന്നു മുപ്പതു വർഷക്കാലം ഹംഗറി ഭരിച്ചിരുന്നത്. ജനാധിപത്യത്തിനു വേണ്ടി ഒരു മുറവിളിയും

ജനങ്ങൾക്കുണ്ടായില്ല. ഈ ജനകീയ വിമുഖതയുടെ മനഃശാസ്ത്രം മിക് ലോസ് യാങ്ച്ചോയുടെ ചിത്രങ്ങളിൽ കാണാം.

സ്വാതന്ത്ര്യത്തോടുള്ള വിമുഖതയ്ക്കു കാരണമെന്താണ് ? രാഷ്ട്രീയ ഹിംസ മാത്രമല്ലെന്നാണ് മാർത്തയുടെ നിരീക്ഷണം. ഹംഗേറിയൻ ജനത വാസ്തവത്തിൽ ആയിരം വർഷം മുമ്പ് കിർഗിസ്ഥാൻ പോലുള്ള ഉത്തര ഏഷ്യയിൽ നിന്നും കുടിയേറിയവരാണ്. യൂറോപ്പിന്റെയും ഏഷ്യയുടേതുമായ ഒരു മിശ്രസ്വഭാവം ഇതിനു കാരണമാകാമെന്ന് മാർത്ത വിലയിരുത്തുന്നു.

ഹംഗറിയിലെ ജനാധിപത്യ പരിഷ്ക്കാരങ്ങൾക്കൊപ്പം ചലച്ചിത്രമേഖലയിലും അടുത്തകാലത്ത് ചില മാറ്റങ്ങളുണ്ടായി. അതിൽ പ്രധാനം ഹോളിവുഡ് ചിത്രങ്ങളുടെ പ്രോത്സാഹനമാണ്. വലതുപക്ഷ ഗവൺമെന്റിലെ പ്രധാനമന്ത്രി വിക്തർ ഒർബാൻ ചലച്ചിത്രവ്യവസായ പരിഷ്ക്കാരങ്ങൾക്കു വേണ്ടി കമ്മീഷണറായി നിയോഗിച്ചത് ജന്മം കൊണ്ട് ഹംഗറിക്കാരനായ അമേരിക്കൻ

സിനിമാനിർമ്മാതാവ് ആൻഡ്രു.ജെ.വജ്നയെയാണ്. ഇദ്ദേഹമാണ് റാംബോ, ടെർമിനേറ്റർ തുടങ്ങിയ ചലച്ചിത്രപരമ്പര നിർമ്മിച്ചിട്ടുള്ളതും. ഇത്തരം കാഴ്ച്ചപ്പാടുള്ളവർ ഹംഗേറിയൻ സിനിമയുടെ വൈവിധ്യമാർന്ന പ്രതിഭാ സമ്പത്തിനെ അപകടത്തിലാക്കുമെന്ന് ഹംഗേറിയൻ ചലച്ചിത്രകാരന്മാർ പരാതിപ്പെടുന്നുണ്ടെന്ന് മാർത്ത പറഞ്ഞു.

മിക് ലോസ് യാങ്ങ്ചോ, ബേല താർ, ഇൽദികോ എനദി തുടങ്ങി ഒൻപതു ഹംഗേറിയൻ സംവിധായകർക്കൊപ്പം മാർത്ത മെസറോസും പ്രതിഷേധ പ്രസ്താവനയിൽ ഒപ്പിട്ടിരുന്നു. 1970-കളിൽ ഹംഗറിയിൽ സൃഷ്ടിച്ച ചലച്ചിത്രങ്ങൾ സാർവ്വദേശീയ പ്രശ്നങ്ങളെ സപർശിക്കുന്ന പ്രമേയങ്ങൾ ഉള്ളവയായിരുന്നു.

സ്വാതന്ത്ര്യവും രാജ്യദ്രോഹവും തമ്മിൽ അതല്ലെങ്കിൽ സമർപ്പണവും വഞ്ചനയും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ഇവ  കൈകാര്യം ചെയ്യുന്നു. എന്നാൽ അവയിൽ നിന്ന് വ്യത്യസ്തമായി വ്യക്തിഗത അനുഭവ പശ്ചാത്തലവും വിശകലനവും

പുനർവിചിന്തനത്തിന് വിധേയമാക്കുന്ന ചലച്ചിത്ര സൃഷ്ടികളും ഉണ്ടായി. അതിൽ ഏറ്റവും പ്രധാനം മാർത്ത മെസറോസിന്റെ ചിത്രങ്ങൾ തന്നെയാണ്.

മാർത്ത ഉറപ്പിച്ചു പറയുന്നു:

"എനിക്ക് ഭയാനകമായൊരു കുട്ടിക്കാലം ഉണ്ടായിരുന്നു. എന്റെ അച്ഛൻ റഷ്യയിൽ കൊല്ലപ്പെട്ടു. പക്ഷേ ഞാൻ പിന്നിട്ട വഴികളിൽ സ്വതന്ത്രയും നിർഭയയുമായി നിന്നു. സ്വാതന്ത്ര്യത്തെയും സത്യത്തെയും അന്വേഷിച്ചു. സ്നേഹിച്ചവരോടൊപ്പം ഞാൻ ജീവിച്ചു. അതുകൊണ്ടാണ് ഞാൻ എന്റെ കുട്ടികളോടും കൊച്ചുമക്കളോടും പറഞ്ഞത് - സ്വാതന്ത്ര്യം എനിക്ക് ജീവശ്വാസമാണെന്ന്."

സിനിമയിൽ സൃഷ്ടിക്കപ്പെടുന്ന ജീവിതത്തെ മാർത്ത ഇഷ്ടപ്പെടുന്നു. സിനിമാ നിർമ്മാണമെന്ന തൊഴിലിനെ സ്നേഹിക്കുന്നു. നടീ-നടന്മാർ മാർത്തയുടെ കഥാപാത്രങ്ങളാവുമ്പോൾ, കൂടുതൽ നന്നായി അവതരിപ്പിച്ചു വരുമ്പോൾ, മാർത്തയുടെ മനസ്സ് അവരോടൊപ്പമായിരിക്കും. പക്ഷേ താദാത്മ്യപ്പെടുകയുമില്ല.

മിക് ലോസ് യാങ്ച്ചോ ചിലപ്പോൾ പറയുമായിരുന്നു : അത്താഴം ഒരുക്കുന്നതിനിടയിലുള്ള ഒഴിവുസമയത്ത് നല്ല സിനിമയുണ്ടാക്കാൻ മാർത്തയ്ക്കു കഴിയുമെന്ന്.

ആദ്യഘട്ടത്തിൽ മാർത്തയുടെ സിനിമയെ ഹംഗറിയിലെ പ്രേക്ഷകർ സ്വീകരിച്ചിരുന്നില്ലെന്നു വേണം മനസ്സിലാക്കാൻ. എന്നാൽ ലോകത്തിലെ ഉന്നതമായ ചലച്ചിത്രോത്സവങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടപ്പോഴാണ് സിനിമ ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയത്. രാജ്യാന്തര അംഗീകാരവും പുരസ്കാരങ്ങളും നേടിയപ്പോഴാണ് മാർത്തയുടേത് ലോകോത്തര സിനിമയാണെന്ന് പറയാൻ തുടങ്ങിയതും. പക്ഷേ അതൊന്നും തന്നെ മാർത്ത കാര്യമാക്കുന്നില്ല. പുരസ്കാരങ്ങൾ കിട്ടുകയും കിട്ടാതിരിക്കുകയും ചെയ്യുമെന്ന് മാർത്ത പറയുന്നു.

1968-ൽ എടുത്ത 'ദിവസങ്ങൾ അകലെ' (ഡെയ്സ് എവേ) എന്ന സിനിമയ്ക്കു ശേഷം 1975-ൽ സംവിധാനം ചെയ്ത് 'ദത്തെടുക്കൽ' (അഡോപ്ഷൻ) എന്ന സിനിമയാണ് മാർത്ത

മെസറോസിനെ ലോക ചലച്ചിത്രവേദിയിൽ ശ്രദ്ധേയമാക്കിയത്.

ബെർലിൻ ഫിലിം ഫെസ്റ്റിവലിൽ ഈ ചിത്രം ഗോൾഡൻ ബെയർ അവാർഡു നേടിയെടുത്തു. സി.ഐ.സി.എ.എൽ.സി, ഇന്റർ ഫിലിം- ഓട്ടോ ഡിബിലിയാസ് എന്നീ അവാർഡുകളും കരസ്ഥമാക്കി. ഒ.സി.ഐ.സി- അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. ചിക്കാഗോ ഫെസ്റ്റിവലിൽ മികച്ച ചലച്ചിത്രത്തിനുള്ള പുരസ്കാരം ലഭിച്ചു.

ദത്തെടുക്കലിന്റെ പ്രമേയം ഇങ്ങനെയാണ്. 43കാരിയായ കാത്ത ഒരു ഫാക്ടറി തൊഴിലാളിയാണ്. രഹസ്യകാമുകനും വിവാഹിതനുമായ ജോസ്കയോട് തനിയ്ക്ക് ഒരു കുഞ്ഞിനെ വേണമെന്ന് കാത്ത ആവശ്യപ്പെടുന്നു. എന്നാൽ ജോസ് വിയോജിക്കുകയും ചെയ്യുന്നു. ഇതിനിടെ ആറാം വയസ്സിൽ മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട അന്ന എന്ന സ്കൂൾകുട്ടിയുമായി കാത്ത ചങ്ങാത്തത്തിലാവുന്നു. ഒരു ദിവസം താൻ താമസിച്ചിരുന്ന അനാഥബാലമന്ദിരത്തിൽ നിന്നും അന്ന ഒളിച്ചോടി കാത്തയുടെ അടുത്തെത്തുന്നു.

അവിടെ അന്നയ്ക്ക് തൻറെ കാമുകനായ സന്യയെ കണ്ടുമുട്ടുവാനും സാധിക്കുന്നു. കാത്തയാവട്ടെ അന്നയുടെ മാതാപിതാക്കളെ കണ്ടെത്തുവാനും അന്നയുടെയും സന്യയുടെയും വിവാഹത്തിന് അനുമതി വാങ്ങാനുമുള്ള പരിശ്രമത്തിലാണ്. അന്നയിലൂടെ ഉപേക്ഷിക്കപ്പെട്ട കുട്ടികളോടുള്ള താല്പര്യം കാത്തയ്ക്കുണ്ടാകുന്നു. മാത്രമല്ല അനാഥമന്ദിരത്തിൽ നിന്നും ഒരു കുഞ്ഞിനെ ദത്തെടുക്കുകയും ചെയ്യുന്നു. ഒരു രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥിതിയുടെ മറുവശമാണ് ഈ സിനിമ.

അനാഥത്വം, നിരാലംബം, മാതൃത്വം, സ്നേഹം, വാത്സല്യം, ഉത്തരവാദിത്വം തുടങ്ങിയവയാൽ ഊഷ്മളമായ രംഗങ്ങളാൽ സ്ത്രീകളുടേതായൊരു ലോകത്തിലേക്ക് ഈ സിനിമ കടന്നുചെല്ലുന്നു. 'ദത്തെടുക്കൽ' എന്ന ചിത്രം നൂറോളം രാജ്യങ്ങളിൽ പ്രദർശിപ്പിക്കുകയുണ്ടായി. ചില രാജ്യങ്ങളിൽ പ്രാദേശിക വിതരണവും നടന്നു. സാമ്പത്തികമായി വിജയിച്ചുവെങ്കിലും ഈ ചിത്രം വഴി ലഭിച്ച ധനം ഗവൺമെന്റിനു മാത്രം അവകാശപ്പെട്ടതായിരുന്നു.

1976- ൽ നിർമ്മിച്ച 'ഒൻപതു മാസങ്ങൾ' എന്ന ചിത്രം 1977-ലെ ബെർലിൻ ഫെസ്റ്റിവലിൽ ഒ.സി.ഐ.സി അവാർഡിനു നാമനിർദ്ദേശം ചെയ്തിരുന്നു. കാൻ ഫെസ്റ്റിവലിൽ ഫിപ്രെസി പുരസ്കാരം ലഭിച്ചു.

1978 -ലെ "ഭവനം പോലെ തന്നെ' (ജസ്റ്റ് ലൈക്ക് ഹോം) എന്ന ചിത്രത്തിന് സാൻ സെബാസ്റ്റ്യൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ സിൽവർ സീഷെൽ അവാർഡ് ലഭിച്ചു.

1981-ൽ 'അന്ന' എന്നൊരു ചിത്രവും പുറത്തിറക്കി.

1984-ൽ എടുത്ത വിശ്വവിഖ്യാത ചിത്രമാണ് 'എന്റെ കുട്ടികൾക്കുള്ള ദിനക്കുറിപ്പുകൾ'(ഡയറി ഫോർ മൈ ചിൽഡ്രൻ ). ലോകത്തിലെ പ്രധാനപ്പെട്ടതും പ്രാദേശികവുമായ എല്ലാ ചലച്ചിത്രോത്സവങ്ങളിലും പ്രദർശിപ്പിച്ച ഈ ചലച്ചിത്രവും രാജ്യാന്തര പുരസ്കാരങ്ങൾ നേടിയെടുത്തു. 1984-ലെ കാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ സ്പെഷ്യൽ ജൂറിയുടെ ഗ്രാൻഡ് പ്രൈസ്. ഗോൾഡൻ പാം അവാർഡിന്

നാമനിർദ്ദേശം. ചിക്കാഗോ ഫിലിം ഫെസ്റ്റിവലിൽ ബ്രോൺസ് ഹ്യൂഗോ അവാർഡ്.

മാർത്ത മെസറോസിന്റെ ആത്മകഥാംശമുള്ള ഈ ചിത്രത്തിലെ കഥാനായിക ജൂലി എന്ന പെൺകുട്ടിയാണ്. അനാഥമന്ദിരത്തിൽ വളർന്ന ജൂലി സോവിയറ്റ് യൂണിയനിലെ പഠനവും താൽക്കാലിക ജോലിയും  വിട്ട് , രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ഹംഗറിയിലേക്ക് മടങ്ങിവരികയാണ്. ജൂലിയുടെ മാതാപിതാക്കൾ സോവിയറ്റ് യൂണിയനിൽ വെച്ച് കൊല്ലപ്പെട്ടു. അമ്മായി ആയ   മാഗ്ദായുടെ അടുത്തേക്കാണ് ജൂലി വരുന്നത്.

പക്ഷേ സോവിയറ്റ് യൂണിയനിലേതു പോലെ തന്നെ രാഷ്ട്രീയ അടിച്ചമർത്തലും ഔദ്യോഗിക രാഷ്ട്രീയത്തിന്റെ സ്വേച്ഛാധിപത്യവും ഹംഗറിയിലുമുണ്ടെന്ന് തിരിച്ചറിയുന്നു. ജൂലിയുടെ പ്രതീക്ഷകൾ മങ്ങുന്നു. അസ്വസ്ഥയാവാൻ തുടങ്ങുന്നു. ഒരിടത്തു നിന്നും പലായനം ചെയ്ത് സ്വന്തം മണ്ണിലെത്തുമ്പോൾ അവിടെയും ഭീഷണമായ സാഹചര്യം. പക്ഷേ സ്വന്തം വ്യക്തിത്വവും സ്വാതന്ത്ര്യബോധവും

നഷ്ടപ്പെടുത്തുവാൻ ഒരുക്കവുമല്ല. ബാല്യകാല ഓർമ്മകൾ അവളെ വേട്ടയാടുന്നു. താൻ എവിടെ നിന്ന്, എവിടെയെത്തി, എങ്ങനെ ഇനി മുന്നോട്ട് എന്നിങ്ങനെ ചോദ്യങ്ങളാൽ വ്യാകുലയാവുന്നു. പൂർവ്വകാല പശ്ചാത്തലം സ്റ്റാലിനിസ്റ്റ് ആധിപത്യത്തിന്റേതാണ്. ഈ പ്രമേയം മാർത്തയുടെ ആത്മകഥാംശം നിറഞ്ഞതെങ്കിലും അനേകം പേരുടെ ജീവിത യാഥാർത്ഥ്യം കൂടിയാണ്.

ഹിംസാരാഷ്ട്രീയത്തിനു മുന്നിൽ ഈ ചിത്രം വിമർശിക്കപ്പെട്ടുവെങ്കിലും ജീവിതത്തിന്റെ പച്ചപ്പുകൾ തേടിപ്പോകുന്ന ഓർമ്മകളിൽ കുടുംബബന്ധങ്ങളുടെ, മനുഷ്യ ബന്ധങ്ങളുടെ ഊഷ്മളത അനുഭവിച്ചറിയാൻ പ്രേക്ഷകനു സാധിക്കുന്നു.

1986- ലെ ചിത്രമാണ് 'എന്റെ സ്നേഹഭാജനങ്ങൾക്കുള്ള ദിനക്കുറിപ്പുകൾ' (ഡയറി ഫോർ മൈ ലവ്ഡ് വൺസ്). ബുഡാപെസ്റ്റ് വിപ്ലവകാലത്ത് ബലിയർപ്പിക്കപ്പെട്ടവരെ ഓർമ്മിക്കുന്നതാണ് ഈ ചിത്രം. ബെർലിൻ ഫിലിം

ഫെസ്റ്റിവലിൽ ഓ.സി.ഐ.സി അവാർഡും സിൽവർ ബെർലിൻ ബെയർ അവാർഡും നേടി.

1990-ലെ ചിത്രമാണ് എന്റെ അച്ഛനും അമ്മയ്ക്കുമുള്ള ദിനക്കുറിപ്പു കൾ' (ഡയറി ഫോർ മൈ ഫാദർ ആൻഡ് മദർ). 1930-കളിൽ യൂറോപ്പിൽ നിന്ന് കിർഗിസ്ഥാനിലേക്കു പലായനം ചെയ്ത മാതാപിതാക്കളെ ക്കുറിച്ചുള്ളതാണ് ഈ ചിത്രം. അക്കാലത്ത് യൂറോപ്പിൽ ജീവിക്കുവാൻ പൊതുവെ ബുദ്ധിമുട്ടായിരുന്നു. ജർമ്മനിയിൽ ഹിറ്റ്ലറുടെ വിജയത്തെ തുടർന്ന് രാഷ്ട്രീയ-സൈനിക അന്തരീക്ഷം ഇതര സമൂഹങ്ങൾക്കുപോലും ഭീഷണിയായിരുന്നു. അശാന്തിയുടെയും അരക്ഷിതാവസ്ഥയുടേതുമായ ഈ സാഹചര്യത്തെ സോവിയറ്റ് യൂണിയൻ മനസ്സിലാക്കിയിരുന്നില്ല. അവിടേക്കെത്തിയ ഇടതുപക്ഷ അനുഭാവികളിൽ അനേകം പേർ രാഷ്ട്രീയ വിചാരണ ചെയ്യപ്പെട്ടു. രഹസ്യമായി വധിക്കപ്പെട്ടു. അവശേഷിച്ചവരും തിരികെ പോയവരും ഇതൊന്നും ലോകത്തിന് വെളിപ്പെടുത്തിയില്ല. ഇത്തരം ദുരന്തങ്ങൾ സ്പർശിക്കുന്ന സിനിമകൾ പോലും സ്റ്റാലിനിസ്റ്റ് റഷ്യയിൽ വെച്ചു വധിക്കപ്പെട്ട 20 കോടി

നിഷ്കളങ്ക മനുഷ്യരെ കുറിച്ച് ചില സൂചനകൾ മാത്രമേ നൽകിയിട്ടുള്ളു.

മാർത്തയുടെ ബാല്യകാല ജീവിതത്തിലെ ഏടുകളും മുറിപ്പാടുകളുമാണ് ഈ ചിത്രം- 'എന്റെ അച്ഛനും അമ്മയ്ക്കുമുള്ള ദിനക്കുറിപ്പുകൾ'.

1992-ൽ ടെലിവിഷനു വേണ്ടി സംവിധാനം ചെയ്ത സിനിമയാണ് 'എഡിത്തും മർലിനും'. 1993-ലെ 'ഭ്രൂണം' (ദി ഫീറ്റെസ്) എന്ന ചിത്രത്തിന് ബെർലിൻ ഫെസ്റ്റിവലിൽ ഗോൾഡൻ ബെയർ അവാർഡിനു നാമനിർദ്ദേശമുണ്ടായി.

1995-ൽ 'ഏഴാമത്തെ മുറി' (ദി സെവൻത് റൂം), 1995 -ലെ വെനീസ് ഫെസ്റ്റിവലിൽ ഒ.സി.ഐ.സി- അവാർഡും പ്രത്യേക പരാമർശവും എൽവീരാ നൊടാരി പ്രൈസും നേടി.

1995 -ൽ തിരുവനന്തപുരത്ത് എത്തിയ മാർത്ത മെസറോസുമായി ഒരു കൂടിക്കാഴ്ചയ്ക്ക് ഈ ലേഖകന് അവസരമുണ്ടായിട്ടുണ്ട്.

കോവളത്തെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലായിരുന്നു മാർത്ത താമസിച്ചിരുന്നത്. മാർത്തയുടെ രണ്ടാമത്തെ ഭർത്താവും പോളിഷ്

നടനുമായ ജാൻ നൊവിസ്കിയും കൂടെ ഉണ്ടായിരുന്നു.

1987 - ൽ പ്രസിദ്ധീകരിച്ച 'സിനിമയുടെ സൗന്ദര്യശാസ്ത്രത്തിന് ഒരാമുഖം ' എന്ന ഈ ലേഖകന്റെ പുസ്തകത്തിലുള്ള 'രസദർശനവും രാഷ്ട്രീയ പരിഃസ്ഥിതിയും ഹംഗേറിയൻ സിനിമയിൽ' എന്ന അധ്യായം മാർത്ത കൗതുകത്തോടെ ശ്രദ്ധിച്ചു.

ഹംഗേറിയൻ സിനിമയെ കുറിച്ച് ഒരു പഠനം മലയാളത്തിലെ സിനിമ പുസ്തകത്തിൽ വന്നിരിക്കുന്നത് കണ്ട് മാർത്തയ്ക്ക് സന്തോഷവും തോന്നി. കടലിനെ നോക്കി മാറിയിരുന്ന നൊവിസ്കിയോട് ഇക്കാര്യം ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. ഓരോ പേജുകൾ മറിക്കുമ്പോഴും ഉള്ളടക്കമെന്തെന്ന് ആകാംക്ഷയോടെയും ചെറുചിരിയോടെയും മാർത്ത ചോദിച്ചുകൊണ്ടിരുന്നു.

19-ാം നൂറ്റാണ്ടിലെ റിയലിസം, പിന്നെ സോഷ്യലിസ്റ്റ് റിയലിസം, ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പുള്ള ഹംഗേറിയൻ സിനിമാരംഗത്തെ വാണിജ്യതന്ത്രങ്ങൾ, റഷ്യൻ

വിപ്ലവത്തിനു ശേഷമുള്ള സോവിയറ്റ് യൂണിയൻ, ഹംഗറിയിലെ ചലച്ചിത്ര രംഗത്തെ ദേശസാത്കരണം, പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് ആധിപത്യവും മാധ്യമങ്ങളും എന്നിങ്ങനെ ഒരു ഘട്ടം കഴിഞ്ഞ്,

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള മത്യാസ് റാകോസിയുടെ ഭരണകാലം, ഹംഗേറിയൻ സിനിമ, ബേലാ ബലാസ് എന്ന ഹംഗേറിയൻ ചലച്ചിത്ര ദാർശനികൻ, സോവിയറ്റ് ഇറക്കുമതിയായ ഷ്ഡ്നോവിയൻ സൗന്ദര്യശാസ്ത്രം, 1956-ലെ ബുഡാപെസ്റ്റ് കലാപം, ക്രൂഷ്ചേവിന്റെ അടിച്ചമർത്തർ, ജാനോസ് കേദാറിന്റെ ഭരണം, സൊൾത്താൻ ഫാബിയുടെയും ഇസ്തവാൻ സാബോയുടെയും മിക് ലോസ് യാങ്ങ്ചോയുടെയുമൊക്കെ വിശ്വസിനിമകൾ, ജോർജ്ജ് ലൂക്കാച്ച് എന്ന സ്വതന്ത്ര മാർക്സിയൻ ദാർശനികനും സോഷ്യൽ റിയലിസവും, 1960-കളിലെ ദേശീയ നിർണ്ണായവകാശവാദത്തിന്റെ തലമുറയും ഹംഗേറിയൻ സിനിമയും, എഴുപതുകളിലെ ഹംഗേറിയൻ സിനിമ. ബലാ ബലാസ് എന്ന ചലച്ചിത്ര അധ്യാപകനെ കുറിച്ചും ജോർജ്ജ്

ലൂക്കാച്ച് എന്ന സ്വതന്ത്ര മാർക്സിസ്റ്റ് സൈദ്ധാന്തികനെകുറിച്ചും കൂടുതൽ താല്പര്യത്തോടെ സംസാരിക്കുവാൻ മാർത്ത തയ്യാറായി.

സോവിയറ്റ് സൗന്ദര്യശാസ്ത്ര തത്വങ്ങളുടെ ഇറക്കുമതിയെ ചെറുത്ത് ഹംഗേറിയൻ ധിഷണതയെ പ്രകാശിപ്പിച്ചവരാണവർ. കലയും സാഹിത്യവും എന്നപോലെതന്നെ ഹംഗേറിയൻ സിനിമയുടെ സർഗ്ഗഭാവനകളെ തുറന്നു കൊടുത്ത പ്രചോദകശക്തികളായിരുന്നു അവർ.

ഒരു സ്വതന്ത്ര സമൂഹത്തിന്റെ പരമാധികാരങ്ങളും ആവിഷ്കാരങ്ങളും സ്വപ്നം കണ്ടവരാണവർ. അതേപോലെ വിവിധ രംഗങ്ങളിലായി നിരവധി പേരുണ്ട്.  മാർത്തയുടെ 'ഡയറി ഫോർ മൈ ചിൽഡ്രൻ' തുടങ്ങിയ ചിത്രങ്ങളിൽ പുതിയ തലമുറയെ കുറിച്ചുള്ള ഉത്കണ്ഠ കാണാം.

**ഇങ്ങനെയൊരു നിലപാട് രൂപപ്പെടുവാനുള്ള കാരണമെന്താണ് ?**

മാർത്ത മെസറോസ്: "എന്റെ ചലച്ചിത്രങ്ങൾ ആരൊക്കെ കാണുമെന്ന്

എനിക്കറിയില്ല. പ്രത്യേകിച്ച് പുതിയ തലമുറ. എന്നിരുന്നാലും ഹംഗേറിയൻ തലമുറയെയും ദേശീയതയെയും കുറിച്ചോർക്കുമ്പോൾ ചരിത്രപരമായ പല അവസ്ഥകൾ ഞാൻ തെരഞ്ഞെടുക്കുന്നു. പ്രത്യേകിച്ച് ഹംഗേറിയൻ വിപ്ലവങ്ങൾ, ലോകമഹായുദ്ധങ്ങൾ, സൈനിക സോഷ്യലിസ്റ്റ് വാഴ്ച, ഹംഗേറിയൻ ജനാധിപത്യത്തിലെ സങ്കീർണതകൾ, കുടുംബം, സ്ത്രീ - അങ്ങനെ ഓരോന്നും.

'ലക്കി വുമൺ' എന്ന ഒരു പ്രോജക്ട് ഒരു റഷ്യൻ സ്ത്രീയെ കുറിച്ചാണ്. അവൾ പോളണ്ടിൽ വന്നു താമസിക്കുന്നു. ജോലി ചെയ്യുന്നു. വ്യക്തിഗതവും കുടുംബപരവുമായ പല സങ്കീർണതകൾക്കിടയിലും ശുഭാപ്തി വിശ്വാസം അവളിൽ നിറഞ്ഞു നിൽക്കുന്നു. ഒരു സ്ത്രീയുടെ വളരെ വ്യത്യസ്തമായ, ജീവിതത്തിന്റെ ചില വശങ്ങളാണതിൽ'.

**രാഷ്ട്രീയ പശ്ചാത്തലത്തിൽ കുടുംബകഥകൾ സ്വീകരിക്കുന്നതിനെ കുറിച്ച് ?**

മാർത്ത മെസറോസ് പറഞ്ഞു : "അധീശ





രാഷ്ട്രീയത്തെ ഞാൻ വെറുക്കുന്നു. പ്രമേയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനു പിന്നിൽ

നിർമ്മാതാവിന്റെ ( ഗവൺമെന്റിന്റെ ) നിലപാടു കൂടിയുണ്ട്. എന്നാൽ ഞാൻ കഥകളും സംഭവങ്ങളും തെരഞ്ഞെടുക്കുന്നു. തീർച്ചയായും ജീവിതം തന്നെ ഒരു വലിയ പ്രചോദനമാണ്. ഹിംസാ രാഷ്ട്രീയമാണ് എല്ലാത്തിനെയും വഴി തെറ്റിക്കുന്നത്. ഈ സാഹചര്യം ഇപ്പോൾ ലോകത്ത് എല്ലായിടത്തുമുണ്ട്. ഇന്ത്യയിലും ഹംഗറിയിലും ഇറ്റലിയിലും എല്ലാ സ്ഥലങ്ങളിലും ഞാൻ കാണുന്നതും കേൾക്കുന്നതും ഏതാണ്ട് ഒരേ കാര്യങ്ങളാണ്. അഴിമതി, ഫാസിസം, അധികാരം, ക്രൂരത തുടങ്ങിയ അനവധി കാര്യങ്ങൾ. പേരുകൾക്കു മാത്രം അല്ലെങ്കിൽ ഭാഷകൾക്കു മാത്രം വ്യത്യാസമുണ്ടെന്നേയുള്ളു!"

ഹംഗറിയിൽ കമ്യൂണിസവും നാസിസവും തമ്മിലുള്ള സംഘർഷം വളരുന്നുണ്ടോ?

മാർത്ത മെസറോസ്: "കമ്യൂണിസമോ നാസിസമോ ഹംഗറിയിൽ ഒരിക്കലും തിരിച്ചുവരുന്ന പ്രശ്നമേയില്ല. കമ്മ്യൂണിസത്തിന്റെയും നാസിസത്തിന്റെയും

അംശങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അതത്ര ഗൗരവമേറിയതല്ല. യുദ്ധത്തിനു മുമ്പുള്ള സ്ഥിതിവിശേഷം പഴയ രൂപത്തിൽ ആവർത്തിക്കുകയില്ല. എന്നാൽ പുതിയ ചില സങ്കീർണമായ രാഷ്ട്രീയ അവസ്ഥകൾ രൂപപ്പെടുന്നുണ്ട് !"

**ഹംഗറിയിൽ ഇപ്പോൾ ചലച്ചിത്ര മേഖലയുടെ അവസ്ഥ എന്താണ് ?**

മാർത്ത മെസറോസ്: "ഇപ്പോഴുള്ള അവസ്ഥ ഏതാണ്ട് ഇന്ത്യയുടേതു പോലെതന്നെയാണ്. ഹംഗറിയിൽ നല്ല ചലച്ചിത്ര സംവിധായകർക്കു മുന്നിൽ സാമ്പത്തികം ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു. ഭാഗ്യവശാൽ ഗവൺമെന്റ് ഇപ്പോഴും ചലച്ചിത്രനിർമ്മാണത്തിന് പണം മുടക്കുന്നുണ്ട്. എന്നാൽ ചലച്ചിത്രപരമായി ഞങ്ങൾക്ക് വേണ്ടത്ര സ്വാതന്ത്ര്യമില്ല. ഇപ്പോൾ ജനാധിപത്യപരമായ സ്വാതന്ത്ര്യം ഉണ്ടെങ്കിലും ചലച്ചിത്രപരമായ ഉൾക്കാഴ്ചകൾ  ഉള്ള ചിത്രം സംവിധാനം ചെയ്യുവാനോ നിർമ്മിക്കുവാനോ കഴിയുന്നില്ല".

ചലച്ചിത്രമേഖല ദേശസാത്കരിച്ചതോടെയുള്ള സാഹചര്യമായിരുന്നോ നല്ലത് ?

മാർത്ത മെസറോസ്: " " മുമ്പ് ഗവൺമെന്റിന്റെ ഒരു പ്രത്യേക ഔദ്യോഗിക വിഭാഗം സഹകരണ മനോഭാവത്തിൽ ചലച്ചിത്രനിർമ്മാണ രംഗത്തുണ്ടായിരുന്നു. സാങ്കേതികവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് ഈ വിഭാഗത്തിന്റെ കീഴിലായിരുന്നു. ഈ വിഭാഗത്തിൽ ഗവൺമെന്റിന്റെ വക്താക്കളും സാമൂഹിക രംഗത്തു നിന്നുള്ള വക്താക്കളും ഉൾപ്പെട്ടിരുന്നു. സ്ക്രിപ്റ്റ് അടക്കമുള്ള ഒരു ഫിലിം പ്രൊജക്ട് ഞങ്ങൾ സമർപ്പിച്ചു കഴിഞ്ഞാൽ ഈ വിഭാഗം നല്ലതുപോലെ പഠിച്ചു ചർച്ച ചെയ്തതിനുശേഷം സംവിധായകന്റെ ആശയപരമായ സ്വാതന്ത്ര്യത്തിൽ കൈകടത്താതെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. ചിലപ്പോൾ വേണ്ടെന്നു വെയ്ക്കുകയും ചെയ്യുമായിരുന്നു "

ഇന്ത്യൻ ചിത്രങ്ങൾ കണ്ടിട്ടുണ്ടോ?

മാർത്ത മെസറോസ്: "ചില ചലച്ചിത്രോത്സവ

ങ്ങളിൽ പങ്കെടുക്കുമ്പോൾ ഇന്ത്യൻ ചലച്ചിത്രങ്ങൾ കണ്ടിട്ടുണ്ട്. വ്യാപാര താല്പര്യമുള്ള സിനിമകളാണ് ചലച്ചിത്രോത്സവങ്ങളിൽ കാണാൻ ഇടയായത് ".

സിനിമാ രംഗത്തുള്ള തുടക്കം എങ്ങനെയായിരുന്നു?

മാർത്ത മെസറോസ്: "1950-കളിൽ മോസ്കോ ഫിലിം സ്കൂളിലാണ് ഞാൻ പഠിച്ചത്. ഇന്നു ഞാൻ ഒരു യൂറോപ്യൻ ഫിലിം മേക്കറായിട്ടാണ് പൊതുവെ അറിയപ്പെടുന്നതെന്നു തോന്നുന്നു. അമേരിക്കൻ ചിത്രങ്ങൾ വളരെ ജിജ്ഞാസ ഉളവാക്കുന്നവയാണ്. പക്ഷേ, അത്തരം രീതികൾ എനിക്ക് യോജിച്ചതല്ല."

മെസറോസ് 1999 -ലെടുത്ത ചിത്രമാണ് 'ഭാഗ്യത്തിന്റെ പുത്രിമാർ' (ഡോട്ടേഴ്സ് ഓഫ് ഫോർച്യൂൺ). 2000-ൽ എടുത്ത ശ്രദ്ധേയചിത്രമാണ് “കൊച്ചുവിൽമ-അവസാനത്തെ ദിനക്കുറിപ്പുകൾ' (ലിറ്റിൽ വിൽമ-ദി ലാസ്റ്റ് ഡയറി). 1930-കളിൽ തന്റെ അച്ഛൻ മരിച്ചു പോയതല്ല, മറിച്ച് വധിക്കപ്പെട്ടതാണെന്ന് മാർത്ത മെസറോസ് 1999-ൽ അറിഞ്ഞതിനു

ശേഷമെടുത്ത സിനിമയാണിത്. കൊച്ചു വിൽമ വാസ്തവത്തിൽ കിർഗിസ്ഥാനിലുണ്ടായിരുന്ന കൊച്ചു മാർത്ത തന്നെ. കിർഗിസ്ഥാനിൽ വെച്ചുതന്നെയായിരുന്നു ചിത്രീകരണവും. ഒരു വ്യക്തിക്ക് സ്വന്തം വേരുകളിൽ നിന്ന് വേർപെടാനാവുകയില്ല എന്നു പറയുന്ന മാർത്തയുടെ ബാല്യകാലം തന്നെയാണ് ഈ ചിത്രത്തിന്റെ പ്രമേയം.

മാർത്ത പറഞ്ഞു: "മാതാപിതാക്കൾ വധിക്കപ്പെട്ട അനേകം സംഭവങ്ങൾ യൂറോപ്പിൽ അറിയപ്പെടുന്നില്ല. തന്റേതുപോലെതന്നെ മറ്റുള്ളവരുടെയും വധിക്കപ്പെട്ട മാതാപിതാക്കൾ നിഷ്കളങ്കരായിരുന്നുവെന്ന് കിർഗിസ്ഥാൻ ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ കൂടിയാണ് ഈ സിനിമ. സ്റ്റാലിനിസ്റ്റ് അധികാരം വേട്ടയാടിയ തലമുറയിൽ അവശേഷിക്കുന്നവർക്ക് ഓർമ്മകളുണ്ട്. അതു വെളിപ്പെടുത്തേണ്ടതുമുണ്ട്. ഓർമ്മകൾ തന്നെയാണ് ഡയറി പരമ്പരയിലെ ഈ അവസാന ചിത്രവും."

മാർത്ത പറഞ്ഞു. "എല്ലാവർക്കും ഓർമ്മകളുണ്ട്. മഹാന്മാരായ എഴുത്തുകാരും

കലാകാരന്മാരും അതു എഴുതുന്നുണ്ട്. ഫെല്ലിനിയും ബെർഗ്മാനുമൊക്കെ ബാല്യകാല സ്മരണകൾ സിനിമകളാക്കിയിട്ടുണ്ട്. എനിക്കും അസാധാരണമായ ബാല്യകാലം ഉണ്ടായിരുന്നു. തുടക്കം എന്റെ മാതാപിതാക്കളിൽ നിന്നുതന്നെയാണ്. "

വധിക്കപ്പെട്ട നിഷ്കളങ്ക മനുഷ്യർ മറക്കപ്പെട്ട

2004- ൽ എടുത്ത ചിത്രമാണ് 'അടക്കം ചെയ്യപ്പെടാത്ത ശവം' (ദി അൺബറീഡ് ഡെഡ്). 1956 - ലെ  ബുഡാപെസ്റ്റ് വിപ്ലവത്തിൽ ജനകീയ സർക്കാർ പ്രസിഡന്റ് ആയിരുന്ന ഇമ്രേ നാഗിയെ സോവിയറ്റ് സൈന്യം പിടികൂടി നാടുകടത്തുന്നതും പിന്നീട് തിരികെ കൊണ്ടുവന്ന് വിചാരണ ചെയ്ത് തൂക്കിക്കൊന്നതും എവിടെയോ മറവ് ചെയ്തതും രാഷ്ട്രീയ മാറ്റങ്ങൾ വന്നപ്പോൾ കുഴിമാടം കണ്ടെത്തുന്നതും ഹംഗേറിയൻ ജനതയുടെ വീരനേതാവായി ആദരിക്കുന്നതുമാണ് പ്രമേയം.

മറവുചെയ്യാത്ത ചില ശവശരീരങ്ങളെ പിൽക്കാലത്ത് ഒരു പുണ്യവസ്തുവിന്റെ തിരുശേഷിപ്പു പോലെ കണ്ണാടിക്കൂട്ടിൽ സൂക്ഷിക്കാറുണ്ട്. പക്ഷേ ശവശരീരത്തിന്റെ

കഥയിലെ മുൻകാലവും പിൻകാലവും പുനർവിചാരണ ചെയ്യപ്പെട്ടേയ്ക്കാം. കാലം അങ്ങനെയാണെന്നു കൂടി ഈ ചിത്രം ഓർമ്മപ്പെടുത്തുന്നു.

കാർലോവിവാരി ഫിലിം ഫെസ്റ്റിവലിൽ ഈ ചിത്രം ക്രിസ്റ്റൽ ഗ്ലോബ് അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു.



2009-ൽ സൃഷ്ടിച്ച സിനിമയാണ് 'അന്നയെക്കുറിച്ചുള്ള അവസാന വൃത്താന്തം' (ദി ലാസ്റ്റ് റിപ്പോർട്ട് ഓൺ അന്ന). അന്ന കെല്ലി എന്ന

സോഷ്യൽ ഡെമോക്രാറ്റ്, ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പൊരുതി ജീവൻ ബലിയർപ്പിച്ച ഹംഗേറിയൻ വനിതയാണ്. അന്ന കെല്ലിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ചിത്രമാണിത്. അന്ന കെല്ലിയുടെ മരണകാരണം അധികൃതർ മറച്ചു വെച്ചു. ആരും തന്നെ അന്നയുടെ മരണത്തെക്കുറിച്ച് അന്വേഷിച്ചതുമില്ല. അന്നയുടെ മറച്ചുവെയ്ക്കപ്പെട്ട ജീവിതകഥ വെളിച്ചത്തു കൊണ്ടുവരികയാണ് മാർത്ത.

1956 – ലെ ബുഡാപെസ്റ്റ് വിപ്ലവത്തെ അടിച്ചമർത്തിക്കൊണ്ട് സോവിയറ്റ് സൈനിക പിന്തുണയോടെ അധികാരത്തിൽ അവരോധിക്കപ്പെട്ട ജാനോസ് കേദാർ മരണമടയും വരെയുള്ള കാലഘട്ടവും 1989 മുതൽക്കുള്ള ജനാധിപത്യശബ്ദങ്ങളുടേതായ ദശാബ്ദവും 1956-ലെ ബുഡാപെസ്റ്റ് വിപ്ലവത്തിന്റെ ദശാബ്ദവും തമ്മിൽ സമാന്തരപ്പെടുത്തിക്കൊണ്ടുള്ള ഒരു വിശകലന വ്യാഖ്യാനതലത്തിലേക്ക് അന്ന കടന്നു വരുന്നു.

1950 -കളിൽ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊണ്ട അന്ന കെല്ലി മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടതിനെ

തുടർന്ന് ഹംഗറിയിൽ നിന്ന് ബെൽജിയത്തേക്ക് രക്ഷപ്പെടുന്നു. എന്നാൽ അന്നയെ എങ്ങനെയും മടക്കിക്കൊണ്ടുവരുവാനും ജയിലിലടച്ച് വധിക്കുവാനും അധികൃതർ കെണിയൊരുക്കുന്നു. പീറ്റർ ഫരാഗോ എന്ന യുവാവിനെയാണ് ഇതിനു നിയോഗിക്കുന്നത്. അന്നയുടെ മുൻകാല കാമുകന്റെ അനന്തിരവൻ കൂടിയാണ് പീറ്റർ. ആ മുൻകാല കാമുകന്റെ രൂപസാദൃശ്യം ഉള്ളതിനാൽ അന്നയ്ക്ക് പ്രത്യേകമായൊരു മനസ്സലിവ് പീറ്ററിനോടുണ്ട്. എന്നാൽ പീറ്റർ ഒരു ചാരനാണെന്ന് അന്ന അറിയുന്നില്ല. പൊള്ളയായ വാഗ്ദാനങ്ങളിൽ അന്ന വിശ്വസിക്കുന്നു. ഹംഗറിയിലേക്ക് മടങ്ങിയെത്തുന്ന അന്ന പിന്നീട് ചരിത്രത്തിൽ നിന്ന് അജ്ഞാതയാവുകയാണ്...

ജീവിതത്തിന്റെ ഖനിയിൽ നിന്ന് സിനിമയെ കണ്ടെത്തുകയും സിനിമയിലെ ജീവിതത്തിൽ നിന്ന് മനുഷ്യത്വത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന ചലച്ചിത്രകാരിയാണ് മാർത്ത മെസറോസ്.

# മാർത്ത മെസാറോസിന് ജന്മദിന ആശംസകൾ

പി.എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക)



*മാർത്ത മെസാറോസിന്റെ ബാല്യകാല അനുഭവങ്ങളാണ് അവരുടെ സിനിമകളുടെ ആന്തരിക ലോകത്തെ മനസ്സിലാക്കാനുള്ള പ്രധാന താക്കോൽ.*

**ലോ**ക സിനിമയിൽ സ്ത്രീപക്ഷ ചിന്തകൾക്കും രാഷ്ട്രീയ യാഥാർഥ്യങ്ങൾക്കും തനതായ ദൃശ്യഭാഷ നൽകിയ ഹംഗേറിയൻ സംവിധായിക മാർത്ത മെസാറോസ് (Márta Mészáros) സെപ്റ്റംബർ 19 - ന്  96 -)0 വയസ്സിലേക്ക് പ്രവേശിക്കുന്നു.

ഹംഗേറിയൻ സിനിമയുടെ ചരിത്രത്തിൽ സ്ത്രീകളുടെ ജീവിതത്തെയും അവരുടെ സ്വാതന്ത്ര്യത്തെയും സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളെയും  ആഴത്തിൽ സിനിമയിലേക്ക്

കൊണ്ടുവന്ന സംവിധായകരിൽ പ്രധാനിയാണ് മാർത്ത. 1931 സെപ്റ്റംബർ 19-ന് ബുഡാപെസ്റ്റിൽ ജനിച്ച അവർ സംവിധായികയും തിരക്കഥാകൃത്തുമാണ്.

1968-ൽ പുറത്തിറങ്ങിയ The Girl (Eltávozott nap) എന്ന ചിത്രത്തിലൂടെ ഫീച്ചർ സിനിമയിലേക്ക് കടന്ന മെസാറോസ്, ഹംഗറിയിൽ ഫീച്ചർ ഫിലിം സംവിധാനം ചെയ്ത ആദ്യ വനിതാ സംവിധായികയായി ചരിത്രത്തിൽ ഇടം നേടി. വിശ്വസിനിമയിൽ സ്വന്തം വ്യക്തിജീവിതവും രാഷ്ട്രീയവും ഇത്രമേൽ ധൈര്യത്തോടെയും ആഴത്തിലും ആവിഷ്കരിച്ച സംവിധായകർ അപൂർവമാണ്.

## ബാല്യവും വ്യക്തിജീവിതവും

മാർത്ത മെസാറോസിന്റെ ബാല്യകാല അനുഭവങ്ങളാണ് അവരുടെ സിനിമകളുടെ ആന്തരിക ലോകത്തെ മനസ്സിലാക്കാനുള്ള പ്രധാന താക്കോൽ. ഹംഗറിയിലെ ബുഡാപെസ്റ്റിലാണ് മാർത്ത ജനിച്ചത്. ശിൽപിയായിരുന്ന പിതാവ് ലാസ്ലോ മെസാറോസ്, കസാഖിസ്ഥാനിലേക്ക് കുടിയേറിയതിനെ തുടർന്ന് മാർത്ത 1935 മുതൽ

1946 വരെ അവിടെ ജീവിച്ചു. എന്നാൽ, സ്റ്റാലിന്റെ ഭരണകാലത്തുണ്ടായ രാഷ്ട്രീയ ശുദ്ധീകരണത്തിൽ മാർത്തയുടെ പിതാവ് അറസ്റ്റ് ചെയ്യപ്പെടുകയും കാണാതാവുകയും ചെയ്തു. ( ദശാബ്ദങ്ങൾ കഴിഞ്ഞ് സോവിയറ്റ് യൂണിയനിൽ ഭരണമാറ്റങ്ങൾ ഉണ്ടായശേഷമാണ് തന്റെ പിതാവ് കൊലചെയ്യപ്പെട്ടതായി മാർത്തയ്ക്ക് തെളിവ് ലഭിക്കുന്നത് ). തുടർന്ന് അമ്മയും മരണപ്പെട്ടതോടെ, മാർത്തയുടെ ബാല്യം വേർപാടിന്റെയും അനാഥത്വത്തിന്റെയും രാഷ്ട്രീയ ഭീതിയുടെയും അനുഭവങ്ങളാൽ അടയാളപ്പെട്ടു. ഒരു സോവിയറ്റ് അനാഥാലയത്തിലാണ് അവർ വളർന്നത്.







രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഹംഗറിയിലേക്ക് തിരിച്ചെത്തിയ മാർത്ത പിന്നീട് ചലച്ചിത്ര പഠനത്തിനായി മോസ്കോയിലെ പ്രശസ്തമായ VGIK എന്ന പ്രശസ്ത ചലച്ചിത്രവിദ്യാലയത്തിൽ പഠിച്ച് 1956 -ൽ സംവിധാനത്തിൽ ബിരുദം നേടി. ഹംഗേറിയൻ ചലച്ചിത്ര സംവിധായകനായ മിക്‌ലോസ് യാൻചോ (Miklós Jancsó) ഉൾപ്പെടെയുള്ള പ്രമുഖരുമായുള്ള ബന്ധവും രാഷ്ട്രീയ പ്രക്ഷുബ്ധത നിറഞ്ഞ ജീവിതാനുഭവങ്ങളും അവരുടെ വ്യക്തിത്വത്തെയും ചിന്തകളെയും ആഴത്തിൽ സ്വാധീനിച്ചു.

അവരുടെ വ്യക്തിജീവിതവും ചരിത്രവും രാഷ്ട്രീയവും  സിനിമയുമായി വളരെ അടുത്ത് ബന്ധപ്പെട്ടു കിടക്കുന്നു. സംവിധായകൻ  മിക് ലോസ് യാൻചോയുമായുള്ള വിവാഹബന്ധം അവരുടെ ജീവിതത്തിലും സിനിമയിലും ശ്രദ്ധേയമായ ഘട്ടമായിരുന്നു. പിന്നീട് വിവിധ വ്യക്തിജീവിതബന്ധങ്ങളിലൂടെ കടന്നുപോയെങ്കിലും, സ്വന്തം ജീവിതാനുഭവങ്ങളെ നേരിട്ട് സിനിമയുടെ ഭാഷയിലേക്ക് മാറ്റിയതാണ് മെസാറോസിന്റെ ഏറ്റവും വലിയ സർഗ്ഗാത്മകത.

# സിനിമാ ജീവിതവും ശൈലിയും

മെസാറോസ് സിനിമാ ജീവിതം ആരംഭിച്ചത് ഡോക്യുമെന്ററി സിനിമയിലൂടെയാണ്. ബുക്കാറസ്റ്റിലെ Alexandru Sahia സ്റ്റുഡിയോയിലും പിന്നീട് ഹംഗേറിയൻ ഫിലിം നിർമ്മാണ സ്ഥാപനമായ MAFILM-ലും അവർ പ്രവർത്തിച്ചു. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന മനുഷ്യരുടെ ജീവിതം നിരീക്ഷിക്കുകയും അവരുടെ യാഥാർഥ്യങ്ങളെ രേഖപ്പെടുത്തുകയും ചെയ്ത ഈ കാലഘട്ടം പിന്നീട് അവരുടെ ഫീച്ചർ സിനിമകളുടെ ശൈലിയിലും പ്രതിഫലിച്ചു. 1968-ൽ പുറത്തിറങ്ങിയ 'ദ ഗേൾ' (Eltávozott nap  The Girl) എന്ന ചിത്രത്തിലൂടെ ഹംഗറിയിൽ ഒരു മുഴുനീള ഫീച്ചർ ചിത്രം സംവിധാനം ചെയ്യുന്ന ആദ്യ വനിതയായി അവർ മാറി. കുടുംബത്തിൽനിന്നുള്ള വേർപാടും സ്നേഹത്തിനായുള്ള അന്വേഷണവും സ്വന്തം ജീവിതം സ്വയം നിർണയിക്കാനുള്ള ഒരു സ്ത്രീയുടെ ശ്രമവുമാണ് ചിത്രത്തിന്റെ കേന്ദ്രത്തിൽ. പിന്നീട് മെസാറോസിന്റെ സിനിമകളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന

സ്ത്രീകഥാപാത്രങ്ങളുടെ ആദ്യരൂപം ഇവിടെ കാണാം.

## മാർത്തയുടെ സിനിമകളുടെ പ്രധാന പ്രത്യേകതകൾ

**സ്ത്രീപക്ഷ കാഴ്ചപ്പാട്**

അന്നത്തെ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകളുടെ സ്വാതന്ത്ര്യം, മാതൃത്വം, തൊഴിൽ, ബന്ധങ്ങളിലെ സങ്കീർണ്ണതകൾ എന്നിവയെക്കുറിച്ച് അവർ തുറന്നുപറഞ്ഞു.

**ആത്മകഥാപരമായ ഘടകങ്ങൾ**

സ്വന്തം ജീവിതത്തിലെ അനാഥത്വം, രാഷ്ട്രീയ അതിക്രമങ്ങൾ, സോവിയറ്റ് ഭരണത്തിന്റെ അനുഭവങ്ങൾ എന്നിവ അവരുടെ ചിത്രങ്ങളിലെ സ്ഥിരം പ്രമേയങ്ങളായിരുന്നു.

**റിയലിസ്റ്റിക് ശൈലി**

ഡോക്യുമെന്ററി ശൈലിയും ഫിക്ഷനും സമർത്ഥമായി സമന്വയിപ്പിച്ച് ലളിതവും എന്നാൽ ആഴത്തിലുള്ളതുമായ ദൃശ്യാവിഷ്കാരം നൽകി.

മാർത്ത മെസാറോസിന്റെ സിനിമയുടെ ഏറ്റവും പ്രധാന സവിശേഷത സ്ത്രീയെ വെറും

കഥാപാത്രമായി കാണാതെ, സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കുന്ന വ്യക്തിയായി അവതരിപ്പിക്കുന്നു എന്നതാണ്.

## പ്രധാന സിനിമകൾ

### 1. അഡോപ്ഷൻ (Adoption - 1975).

മാർത്തയുടെ സിനിമാ ജീവിതത്തിലെ ഏറ്റവും വലിയ നാഴികക്കല്ലുകളിൽ ഒന്നാണിത്. ഏകാന്തത അനുഭവിക്കുന്ന മധ്യവയസ്കയായ ഒരു സ്ത്രീയും, അനാഥാലയത്തിൽ കഴിയുന്ന ഒരു യുവതിയും തമ്മിലുള്ള സൗഹൃദത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. മാതൃത്വത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെയും സ്ത്രീയുടെ ജീവിതത്തെക്കുറിച്ച് സമൂഹം നിശ്ചയിക്കുന്ന അതിരുകളെയും സിനിമ ചോദ്യം ചെയ്യുന്നു. സ്ത്രീയുടെ ആഗ്രഹങ്ങൾക്കും തീരുമാനങ്ങൾക്കും സ്വതന്ത്രമായ മൂല്യമുണ്ടെന്ന് ചിത്രം മുന്നോട്ടുവയ്ക്കുന്നു.

ബെർലിൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഗോൾഡൻ ബെയർ (Golden Bear) ലഭിച്ചു. ആ പുരസ്കാരം നേടുന്ന ആദ്യ വനിതാ സംവിധായികയായി മെസാറോസ് മാറിയത്

ലോകസിനിമാ ചരിത്രത്തിലെ ആഹ്ലാദ സംഭവമായിരുന്നു.

**2. ഡയറി പരമ്പര (The Diary Trilogy).**

1984-ലെ Diary for My Children (Napló gyermekeimnek) മെസാറോസിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നാണ്. മാർത്തയുടെ സ്വന്തം ആത്മകഥയെ ആസ്പദമാക്കി നിർമ്മിച്ച മൂന്ന് ചിത്രങ്ങളാണ് അവരെ ആഗോളതലത്തിൽ കൂടുതൽ ശ്രദ്ധേയയാക്കിയത്: ഇത് അവരുടെ വ്യക്തിജീവിതവും ഹംഗറിയുടെയും സോവിയറ്റ് കാലഘട്ടത്തിന്റെയും രാഷ്ട്രീയചരിത്രവും കൂട്ടിച്ചേർത്ത ഒരു ആത്മകഥാപരമായ സിനിമയാണ്.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സോവിയറ്റ് യൂണിയനിൽ നിന്ന് ഹംഗറിയിലേക്ക് മടങ്ങിയെത്തുന്ന ജൂലി എന്ന പെൺകുട്ടിയുടെ കഥ. സ്റ്റാലിനിസ്റ്റ് ഭരണകാലത്തെ രാഷ്ട്രീയ അടിച്ചമർത്തലുകളും സ്വന്തം ഐഡന്റിറ്റി കണ്ടെത്താനുള്ള പെൺകുട്ടിയുടെ ശ്രമവുമാണ് ഇതിന്റെ കാതൽ. 1984-ലെ കാൻ ഫിലിം

ഫെസ്റ്റിവലിൽ ഗ്രാൻഡ് പ്രിക്സ് (Grand Prix) പുരസ്കാരം ഈ ചിത്രം നേടി.

ഡയറി ഫോർ മൈ ലവേഴ്സ് (Diary for My Lovers – 1987): ജൂലിയുടെ കൗമാരകാലവും മോസ്കോയിൽ സിനിമാ പഠനത്തിനായി പോകുന്നതുമാണ് ഈ ചിത്രത്തിൽ പ്രമേയമാകുന്നത്. ജൂലി എന്ന കഥാപാത്രം മാർത്ത തന്നെയാണെന്ന് പറയാം.

ഡയറി ഫോർ മൈ മദർ ആൻഡ് ഫാദർ (Diary for My Mother and Father - 1990): 1956-ലെ ഹംഗേറിയൻ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ ജൂലിയുടെ ജീവിതത്തിന്റെ തുടർച്ച അവതരിപ്പിക്കുന്നു.

ചിത്രത്തിലെ ജൂലി എന്ന പെൺകുട്ടിയുടെ അനുഭവങ്ങളിൽ മെസാറോസിന്റെ സ്വന്തം ബാല്യത്തിന്റെ പ്രതിധ്വനി കേൾക്കാം. മാതാപിതാക്കളെ നഷ്ടപ്പെട്ട ഒരു പെൺകുട്ടി, പുതിയ രാഷ്ട്രീയ-സാമൂഹിക ലോകത്തിൽ സ്വന്തം വ്യക്തിത്വം കണ്ടെത്താൻ ശ്രമിക്കുന്നു. വ്യക്തിഗത ഓർമ്മയും ചരിത്രവും ഇവിടെ വേർതിരിക്കാനാവാത്ത വിധം ഒന്നിക്കുന്നു. സിനിമയിൽ പഴയ വാർത്താചിത്രങ്ങളും

കാലഘട്ടത്തിന്റെ ദൃശ്യങ്ങളും ഉപയോഗിച്ചുകൊണ്ട് വ്യക്തിയുടെ ഓർമ്മയെ ഒരു രാജ്യത്തിന്റെ ചരിത്രവുമായി ബന്ധിപ്പിക്കുന്ന രീതി ശ്രദ്ധേയമാണ്.

## മറ്റ് പ്രധാന ചിത്രങ്ങൾ

നൈൻ മന്ത്സ് (Nine Months - 1976):
ഒരു ഫാക്ടറി തൊഴിലാളിയായ സ്ത്രീ തന്റെ വ്യക്തിസ്വാതന്ത്ര്യത്തിനും സ്വാഭിമാനത്തിനും വേണ്ടി പോരാടുന്ന കഥ. സ്ത്രീയുടെ ശരീരത്തെയും മാതൃത്വത്തെയും കുടുംബബന്ധങ്ങളെയും സമൂഹം എങ്ങനെ നിയന്ത്രിക്കുന്നു എന്നതിനെക്കുറിച്ചുള്ള ശക്തമായ സിനിമയാണ് Nine Months. വ്യക്തിപരമായ തിരഞ്ഞെടുപ്പും സാമൂഹിക പ്രതീക്ഷകളും തമ്മിലുള്ള സംഘർഷമാണ് ചിത്രത്തിന്റെ പ്രധാന പ്രമേയം. ചിത്രത്തിന് Cannes-ൽ FIPRESCI Prize ലഭിച്ചു.

ദ ടു ഓഫ് ദെം (The Two of Them - 1977):
രണ്ട് വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന സ്ത്രീകളുടെ പരസ്പര പിന്തുണയും സൗഹൃദവും ആവിഷ്കരിച്ച ചിത്രം.

നോർത്തേൺ ലൈറ്റ്സ് (Northern lights - 2017): കുടുംബ രഹസ്യങ്ങളും മുൻകാല ചരിത്രങ്ങളും അന്വേഷിക്കുന്ന വൈകാരികമായ ചിത്രം.

മെസാറോസിന്റെ സിനിമകൾ വലിയ സംഭവങ്ങളേക്കാൾ ദൈനംദിന ജീവിതത്തിലെ ചെറിയ നിമിഷങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. വീട്ടിലെ സംഭാഷണങ്ങൾ, സ്ത്രീകൾ തമ്മിലുള്ള ബന്ധങ്ങൾ, കുടുംബത്തിലെ സംഘർഷങ്ങൾ, കുട്ടികളുടെ കാഴ്ചപ്പാട്, നിശ്ശബ്ദതകൾ—ഇവയൊക്കെയാണ് അവരുടെ സിനിമയുടെ പ്രധാന ദൃശ്യഭാഷ.

ഡോക്യുമെന്ററി പശ്ചാത്തലത്തിന്റെ സ്വാധീനവും ഇവിടെ കാണാം. കഥാപാത്രങ്ങളെ അമിതമായ നാടകീയതയിലൂടെ അവതരിപ്പിക്കുന്നതിനേക്കാൾ അവരുടെ ജീവിതത്തെ അടുത്തുനിന്ന് നിരീക്ഷിക്കുന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ സിനിമകൾ ഒരേസമയം വ്യക്തിപരവും രാഷ്ട്രീയവുമാണ്.

മെസാറോസിന്റെ സിനിമയിലെ സ്ത്രീകൾ പലപ്പോഴും ഒരു തിരഞ്ഞെടുപ്പിന്റെ മുന്നിലാണ്.

സമൂഹം അവർക്കായി നിശ്ചയിച്ച ജീവിതം സ്വീകരിക്കണോ, അതോ സ്വന്തം വഴി കണ്ടെത്തണോ എന്നതാണ് ചോദ്യം. അതിനാൽ മെസാറോസിനെ കേവലം “സ്ത്രീപക്ഷ സിനിമയുടെ സംവിധായിക” എന്നൊരു വിശേഷണത്തിൽ മാത്രമായി ഒതുക്കുന്നത് അവരുടെ സിനിമയുടെ വിശാലത കുറയ്ക്കും.

ചരിത്രം, അധികാരം, കുടുംബം, ഓർമ്മ, വ്യക്തിത്വം, സ്നേഹം, മാതൃത്വം എന്നിവയെല്ലാം അവരുടെ സിനിമയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. Cannes Film Festival തന്നെ അവരുടെ സിനിമകളെ സമൂഹത്തിന്റെ നിർദേശങ്ങൾക്കെതിരെ സ്വന്തം തീരുമാനമെടുക്കേണ്ടിവരുന്ന സ്വതന്ത്ര സ്ത്രീകളുടെ കഥകളായി വിശേഷിപ്പിച്ചിട്ടുണ്ട്.

1990-കൾക്കുശേഷവും മെസാറോസ് സ്ത്രീജീവിതവും ചരിത്രവും കേന്ദ്രീകരിച്ചുള്ള സിനിമകൾ സംവിധാനം ചെയ്തു. Saint Edith Stein-ന്റെ ജീവിതത്തെ ആസ്പദമാക്കിയ The Seventh Room (1995), ഹംഗേറിയൻ രാഷ്ട്രീയപ്രവർത്തകയായ Anna Kéthly

യെക്കുറിച്ചുള്ള The Last Report on Anna (2009), Imre Nagy യെക്കുറിച്ചുള്ള Unburied Man (2004) തുടങ്ങിയ സിനിമകളിലൂടെ വ്യക്തിജീവിതത്തിനപ്പുറം ചരിത്രപുരുഷന്മാരുടെയും സ്ത്രീകളുടെയും ജീവിതത്തിലേക്കും അവർ ശ്രദ്ധ തിരിച്ചു.

അവരുടെ ഏറ്റവും പുതിയ ഫീച്ചർ ചിത്രമായി ശ്രദ്ധിക്കപ്പെടുന്നത് 2017-ലെ Northern Lights ആണ്. ഭൂതകാലവും വർത്തമാനവും തമ്മിലുള്ള ബന്ധവും കുടുംബസ്മൃതികളുമാണ് ചിത്രത്തിന്റെ പ്രധാന പ്രമേയം.

## സിനിമയിലെ സംഭാവനയും പുരസ്കാരങ്ങളും അംഗീകാരങ്ങളും



ലോകസിനിമയിൽ സ്ത്രീകൾക്ക് കൃത്യമായ ഇടം നേടിയെടുക്കുന്നതിൽ മാർത്ത മെസാറോസ് വഹിച്ച പങ്ക് വലുതാണ്. 2021-ൽ യൂറോപ്യൻ ഫിലിം അക്കാദമിയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി അവരെ ആദരിച്ചു. അഞ്ചു പതിറ്റാണ്ടിലേറെ നീണ്ട ചലച്ചിത്രജീവിതത്തിൽ മെസാറോസ് നിരവധി അന്താരാഷ്ട്ര

പുരസ്കാരങ്ങൾ നേടി. Berlin Film Festivalv- ലെ Golden Bear, Silver Bear, Cannes-ലെ FIPRESCI Prize, San Sebastián-ലെ Silver Shell തുടങ്ങിയവ അന്താരാഷ്ട്ര അംഗീകാരങ്ങളുടെ ഭാഗമാണ്. ഹംഗറിയിൽ Balázs Béla Award, Kossuth Prize, Master of Hungarian Motion Picture തുടങ്ങിയ ബഹുമതികളും ലഭിച്ചു.

മാർത്ത മെസാറോസിന്റെ സിനിമയെ മനസ്സിലാക്കുമ്പോൾ അവരുടെ ജീവിതവും സിനിമയും വേർതിരിച്ച് കാണാൻ കഴിയില്ല. ബാല്യത്തിലെ അനാഥത്വം, പിതാവിന്റെ രാഷ്ട്രീയ പീഡനത്തിലൂടെയുള്ള നഷ്ടം, സോവിയറ്റ് അനുഭവം, ഹംഗറിയിലേക്കുള്ള മടക്കം, സിനിമാ വിദ്യാഭ്യാസം, ഡോക്യുമെന്ററി പ്രവർത്തനം —





ഇവയെല്ലാം പിന്നീട് അവരുടെ സിനിമകളിൽ ഓർമ്മകളായും കഥാപാത്രങ്ങളായും രാഷ്ട്രീയ ചോദ്യങ്ങളായും തിരിച്ചെത്തി. അവരുടെ സിനിമയിലെ സ്ത്രീകൾ കരുണ ആവശ്യപ്പെടുന്ന ഇരകളല്ല; സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കാൻ ശ്രമിക്കുന്ന മനുഷ്യരാണ്. അതുകൊണ്ടുതന്നെ മെസാറോസിന്റെ സിനിമകൾ ഒരു കാലഘട്ടത്തിന്റെ ദൃശ്യരേഖ മാത്രമല്ല. സ്ത്രീ, കുടുംബം, അധികാരം, ഓർമ്മ, സ്വാതന്ത്ര്യം എന്നിവയെക്കുറിച്ചുള്ള ഇന്നും പ്രസക്തമായ ചോദ്യങ്ങളാണ്.

"സ്വന്തം ജീവിതത്തെ സ്വയം തിരഞ്ഞെടുക്കുന്ന സ്ത്രീ " — മെസാറോസിന്റെ സിനിമകളിലൂടെ ആവർത്തിച്ച് കടന്നുവരുന്ന ഈ ആശയം തന്നെയാണ് അവരുടെ മുഴുവൻ ചലച്ചിത്രജീവിതത്തിന്റെ ഏറ്റവും മനോഹരമായ അടയാളം.

വ്യക്തിപരമായ ദുരന്തങ്ങളെയും രാഷ്ട്രീയ അടിച്ചമർത്തലുകളെയും സിനിമ എന്ന കലയിലൂടെ അതിജീവിച്ച മാർത്ത മെസാറോസ്, ലോക സിനിമാ ചരിത്രത്തിലെ എക്കാലത്തെയും

മികച്ച വനിതാ സംവിധായികമാരിൽ ഒരാളായി നിലകൊള്ളുന്നു.

തിരുവനന്തപുരത്തെ ഫിൽക്ക ഫിലിം സൊസൈറ്റി മാർത്ത മെസാറോസ് ചലച്ചിത്രമേള സെപ്റ്റംബർ 15 ന് ആഘോഷിക്കുന്നു. ( 95 - )0 ജന്മദിനം 19 - നാണ് ). വനിതാ സംഗമവും വനിതകളുടെ കവിയരങ്ങും ചിതരചനാ മത്സരവും തൊഴിലിടങ്ങളിലെ സ്ത്രീകളുടെ അവസ്ഥകളെ കുറിച്ച് അനുഭവ പങ്കുവെയ്പ്പും ഇതോടൊപ്പമുണ്ട്. ലോകസിനിമാ സ്നേഹികളുടെ പ്രിയപ്പെട്ട മാർത്തയ്ക്ക് ജന്മദിനാശംസകൾ !



# കലാകാരികൾക്ക് പരിശീലനവും തൊഴിലവസരവും സിനിമയിൽ



ഗിരിജാ സേതുനാഥ്

*ലോക ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ, സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ, സ്ത്രീയുടെ അവസ്ഥ അനാവരണം ചെയ്യുന്ന, ആത്മകഥന സ്പർശമുള്ള പ്രമേയങ്ങളാണ് മാർത്ത മെസാറോസിന്റെ സിനിമകൾ.*

**വി**ശ്വപ്രസിദ്ധ ഹംഗേറിയൻ സംവിധായിക മാർത്ത മെസാറോസിൻറെ 95- )ഠ ജന്മദിനം പ്രമാണിച്ച്, വനിതാ ഫിലിം ഫെസ്റ്റിവലും വനിതാ സംഗമവും സംഘടിപ്പിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയ്ക്ക് അഭിനന്ദനങ്ങൾ!

മാർത്ത മെസാറോസിന്റെ ഡയറി ഫോർ മൈ ചിൽഡ്രൻ, നോർത്തേൺ ലൈറ്റ്സ്, ഡയറി ഫോർ മൈ ലവ്സ് എന്നീ വിശ്വവിഖ്യാത സിനിമകളാണ്

ഫിൽക്ക ഫിലിം സൊസൈറ്റി പ്രദർശിപ്പിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ലോക ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ, സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ, സ്ത്രീയുടെ അവസ്ഥ അനാവരണം ചെയ്യുന്ന, ആത്മകഥന സ്പർശമുള്ള പ്രമേയങ്ങളാണ് മാർത്ത മെസാറോസിന്റെ സിനിമകൾ.

ഒരുപക്ഷേ ലോകപ്രശസ്ത വനിതാ സംവിധായിക മാർത്ത മെസാറോസിന് ഇത്തരം ഒരു ആദരവ് ലോകത്തെവിടെയെങ്കിലും ഒരു ഫിലിം സംഘടന നടത്തുന്നുണ്ടോ എന്ന് സംശയമാണ്. വിവിധ കലാരംഗങ്ങളിൽ വനിതകൾക്ക് പരിശീലനവും തൊഴിലവസരവും സൃഷ്ടിക്കുന്ന ചില പ്രവർത്തനങ്ങൾ ഫിൽക്ക ഫിലിം സൊസൈറ്റി ആവിഷ്കരിച്ചിട്ടുണ്ട് എന്ന കാര്യം  ഏവരുടേയും ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമത്തെ പദ്ധതി കേരളത്തെ കുറിച്ച് ഒരു വിഷ്വൽ എൻസൈക്ലോപീഡിയ തയ്യാറാക്കുക എന്നതാണ്. ഓരോ പ്രദേശത്തെയും കുറിച്ചുള്ള

ഡോക്യുമെന്റേഷൻ. ഒരു ഡിജിറ്റൽ വിജ്ഞാന പുസ്തകം.

ഇന്ത്യയിൽ ആദ്യമായിട്ടാവും ഒരു സംസ്ഥാനത്തെ കുറിച്ചുള്ള ഡിജിറ്റൽ വിജ്ഞാനകോശം. ഓരോ പ്രദേശത്തെയും കുറിച്ചുള്ള ഡോക്യുമെന്ററി ഫിലിമുകൾ.

ഈ മാധ്യമ പ്രവർത്തന പദ്ധതിയിൽ ഒട്ടേറെ വനിതകൾക്ക് പരിശീലനവും സ്ഥിരമായ തൊഴിലവസരവും ഉണ്ട്. വിവര ശേഖരണം, സ്ക്രിപ്റ്റ്, ചിത്രീകരണം, എഡിറ്റിംഗ്, റെക്കോർഡിംഗ് എന്നിവ മനസിലാക്കാൻ വനിതകൾക്ക് കഴിയും. കൂടാതെ രണ്ട് എപ്പിസോഡുകൾ കഴിഞ്ഞാൽ, പരിശീലനം ലഭിച്ച വനിതകൾക്ക് എപ്പിസോഡ് മാനേജർ ആയി പ്രവർത്തിക്കാം. ഇതിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കുന്ന കലാകാരികൾക്ക് പരിശീലനത്തിനായി ഒരു ഫെലോഷിപ്പ് വനിതാ ശിശു വികസന വകുപ്പിൽ നിന്ന് ബഹുമാനപ്പെട്ട മന്ത്രി അനുവദിച്ചാൽ വനിതാ കലാകാരികൾക്ക് സഹായമായിരിക്കും. ഓരോ ജില്ലയിൽ നിന്നും 30

വീതം വനിതകൾക്ക്  പങ്കെടുക്കാം. പ്രത്യേക നിബന്ധനകൾ ഇല്ല.

കേരള വിഷ്വൽ എൻസൈക്ലോപീഡിയ എന്ന ഈ ഡോക്യുമെന്ററി പരമ്പര പദ്ധതിയുടെ ഒന്നാമത്തെ എപ്പിസോഡ് കേരള പീഡിയ ഓൺലൈൻ ചാനലിൽ കാണുവാൻ സാധിക്കും. www.keralapedia.com

രണ്ടാമത്തെ വനിതാ പദ്ധതി ഒരു മികച്ച സിനിമയാണ്. അതിൽ സ്ക്രീനിൽ പ്രത്യക്ഷമാവുന്ന  കഥാപാത്രങ്ങൾ എല്ലാം തന്നെ വനിതകളാണ്.

2020 ൽ, കൊറോണക്കാലത്ത് സാബു ശങ്കർ രചിച്ച നോവലാണ്   ഷെവലിയർ ഹൗസിലെ കൊറോണ രാത്രി. ലണ്ടൻ മലയാളി കൗൺസിൽ നോവൽ അവാർഡ് നേടിയ ഈ നോവൽ ആസ്പദമാക്കിയുള്ള സിനിമയാണിത്. ഫിൽക്ക ഫിലിം സൊസൈറ്റിയാണ് ഏകോപനം. കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് അസോസിയേറ്റ് അംഗമായ സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ആണ് നിർമ്മാണം.

വനിതകൾ  മാത്രം അഭിനയിക്കുന്ന ഈ ചിത്രത്തിൽ മുപ്പതോളം പുതിയ വനിതാ കലാകാരികൾക്കായിരിക്കും പ്രാമുഖ്യം.

മൂന്നാഴ്ചത്തെ അഭിനയ കളരി നടത്താനും തുടർന്ന് ചിത്രീകരണം നടത്തുവാനുമാണ് ഉദ്ദേശ്യം.



# വനിതകളും സാമ്പത്തിക കേരളവും



പ്രൊഫ. ഡോ. മേരി ജോർജ് –
സാമ്പത്തിക വിദഗ്ധ

*ഗർഭപാത്രത്തിൽ വച്ചുതന്നെ സ്ത്രീക്ക് വിവേചനം അനുഭവപ്പെടുന്നു എന്നതാണ്. പെണ്ണാണ് ഗർഭത്തിൽ ഉള്ളതെന്ന് അറിഞ്ഞാൽ ഭ്രൂണഹത്യ നടത്തുന്നു . ഇത് കേരളത്തിൽ കുറവാണെങ്കിലും ബംഗാളിലും മറ്റിടങ്ങളിലും ഒക്കെ ധാരാളമായി കണ്ടുവരുന്നു*

**ലോ**കപ്രശസ്ത ഹംഗേറിയൻ വനിതാ സംവിധായിക മാർത്ത മെസാറോസിന്റെ 95 -)0 ജന്മദിനത്തോടനുബന്ധിച്ച്, ഫിൽക്കാ ഫിലിം സൊസൈറ്റിയും അമേരിക്കയിലെ നേർകാഴ്ച വീക്കിലിയും ചേർന്ന് സംഘടിപ്പിച്ച വനിതാ ചലച്ചിത്ര മേളയും വനിതാ സംഗമവും എന്ന പരിപാടിയിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ ഡോ. പ്രൊഫ. മേരി ജോർജ്ജ് തന്റെ പ്രഭാഷണം ആരംഭിച്ചത്, വനിതകളുടെ അവസ്ഥയെ കുറിച്ച് വനിതകൾ നടത്തിയ കവിയരങ്ങിനെ

അഭിനന്ദിച്ചുകൊണ്ടാണ്.

കവിതകൾ കേട്ടിട്ട് തനിക്ക് പ്രസംഗിക്കാൻ ഉള്ള കാര്യങ്ങൾ മറന്നുപോയി എന്നാണ്  മേരി ജോർജ്ജ് അഭിപ്രായപ്പെട്ടത്.

"എത്ര മനോഹരങ്ങളായ കവിതകളാണ് ഇവിടെ ആലപിച്ചത് !  ഇതിൽ ഒരു കവിത കേട്ടപ്പോൾ വയോജന ക്ഷേമ വകുപ്പ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് തോന്നി. കുട്ടികൾ കേരളം വിട്ട്  മറ്റു സ്ഥലങ്ങളിൽ




ജോലിക്ക് പോകുന്നു.  അത് നമുക്ക് വലിയ നഷ്ടമാണ്. മാതാപിതാക്കൾ വാർധക്യത്തിൽ അനാഥരെ പോലെയാവുന്നു."

"സ്ത്രീകളെ ചേർത്ത് പിടിക്കാൻ ആഗ്രഹിച്ച സാമ്പത്തിക വിദഗ്ധൻ അമർത്യസെൻ 2019 - ലെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ പ്രൈസ് ഇന്ത്യയിൽ കൊണ്ടുവന്നു. അദ്ദേഹം സൂചിപ്പിക്കുന്ന ഒരു കാര്യം നാം ശ്രദ്ധിക്കണം.

ഗർഭപാത്രത്തിൽ വച്ചുതന്നെ സ്ത്രീക്ക് വിവേചനം അനുഭവപ്പെടുന്നു എന്നതാണ്. പെണ്ണാണ് ഗർഭത്തിൽ ഉള്ളതെന്ന് അറിഞ്ഞാൽ ഭ്രൂണഹത്യ നടത്തുന്നു. ഇത് കേരളത്തിൽ കുറവാണെങ്കിലും ബംഗാളിലും മറ്റിടങ്ങളിലും ഒക്കെ ധാരാളമായി കണ്ടുവരുന്നു. "

"1054 സ്ത്രീകൾ, ആയിരം പുരുഷന്മാർക്ക്. ഇതാണ് ഇപ്പോഴത്തെ സെക്സ് റേഷ്യോ. ഏകദേശം 45 ശതമാനത്തോളം പുരുഷന്മാരും 55 ശതമാനത്തോളം സ്ത്രീകളും എന്നതാണ് കേരളത്തിലെ സ്ഥിതി. പക്ഷേ ഇനി സംഭവിക്കാൻ പോകുന്നത് മറിച്ചാണ്. 911 സ്ത്രീകൾക്ക് ആയിരം പുരുഷന്മാർ. സ്ത്രീകൾ 947 ആയിരുന്നത് 911 ആയി കുറഞ്ഞിട്ടുണ്ട്. പെൺ ഭ്രൂണഹത്യ അനസ്യൂതം നടക്കുന്നുവെന്ന് ഇത് തെളിയിക്കുന്നു."

"ന സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന് മനുസ്മൃതിയെ കൂട്ടുപിടിക്കുകയും കർമ്മം ചെയ്യേണ്ടത് ആൺകുട്ടികൾ ആണെന്നുള്ള മതവിശ്വാസങ്ങൾ മനസ്സിലാക്കി തരികയും ചെയ്യുന്ന ദു:സ്ഥിതി പരിശോധിക്കണം. "

" ആണിന് തൈരും പെണ്ണിന് മോരും കൊടുക്കുന്ന ഒരു പതിവ് ഇന്നും പലയിടത്തുമുണ്ട്. ഇത് ഉദ്ദേശിക്കുന്നത് വിശിഷ്ടഭോജ്യങ്ങൾ ആൺകുട്ടികൾക്കും വിശപ്പിന് അനുസരിച്ച് എന്തെങ്കിലുമൊക്കെ പെൺകുട്ടികൾക്കും എന്നൊരു രീതി ഉണ്ടായിരുന്നു. ഇതൊക്കെ ഇന്നത്തെ കാലത്ത് മാറിയിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിൽ ഇന്നും നിലനിൽക്കുന്നു എന്നതാണ് സത്യം. "

" ചില‍ർ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള മൂലധന ചെലവ് വെട്ടിക്കുറയ്ക്കുന്നു. അതേസമയം ആൺകുട്ടികളെ ഡോക്ടർ , എൻജിനീയർ എന്നിങ്ങനെ ആക്കി മാറ്റാനും പഠിപ്പിക്കുന്നു. പെൺകുട്ടികൾക്ക് നാമമാത്രമായ വിദ്യാഭ്യാസം

നൽകി , വളരെ നേരത്തെ അവരെ കെട്ടിച്ചു വിടുന്ന ഒരു സമ്പ്രദായവും ഉണ്ടായിരുന്നു."

" സ്ത്രീകൾക്ക് പ്രസവ അവധി കൊടുക്കാതിരിക്കുക , കുഞ്ഞുങ്ങളെ നോക്കാനുള്ള സഹായം ചെയ്തു കൊടുക്കാതിരിക്കുക എന്നിങ്ങനെ സ്ത്രീകളെ മാനസികമായി സംഘർഷത്തിലാക്കുന്ന ധാരാളം പ്രവർത്തികൾ ഇന്നും സമൂഹത്തിലുണ്ട്. "

" സ്ത്രീകൾ കടലിൽ ജോലി ചെയ്യുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ സ്ത്രീകൾ കടലിൽ ജോലി ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന സംശയം ഇവിടെ ഉരുത്തിരിഞ്ഞു. സത്യത്തിൽ ഇനിയാണ് സ്ത്രീകൾ കടലിൽ ജോലി ചെയ്യാൻ പോകുന്നത്. ബ്ലൂ ഇക്കണോമി എന്ന കോൺസെപ്റ്റിൽ , അഥവാ സമുദ്രാധിഷ്ഠിത സമ്പദ് വ്യവസ്ഥയിൽ ഈ ആശയം നമ്മുടെ മുഖ്യമന്ത്രി ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. "

" മൂന്നുകോടി 52 ലക്ഷം ജനങ്ങൾ ഉണ്ട് കേരളത്തിൽ. 590 കിലോ മീറ്റർ കടൽത്തീരമുണ്ട്. ഓസ്ട്രേലിയയിൽ കടലിൽ ഷിപ്പ് സർവീസ് നടത്തുന്ന പോലെ ഇവിടെയും കടൽ മാർഗം

ഷട്ടിൽ സർവീസ് നടത്തുവാൻ ആലോചിക്കുന്നു. കേരളത്തിൽ അങ്ങനെ സംഭവിച്ചാൽ , വിചാരിക്കുന്ന സ്ഥലത്ത് നിശ്ചിത സമയത്ത് സുഗമമായി  എത്തിച്ചേരാൻ പറ്റും.  ഇന്ധനം ലാഭിക്കാൻ പറ്റും. ചരക്ക് നീക്കം ലാഭകരമാകും. ഈ ഒരൊറ്റ പദ്ധതിയിലൂടെ വനിതകൾക്കും വലിയ തൊഴിൽ സാധ്യത തെളിഞ്ഞു വരുന്നുണ്ട്. "






***19 - 20 നൂറ്റാണ്ടുകളിലെ ഏതാനും ശ്രദ്ധേയ സാഹിത്യ സൃഷ്ടികളിലെ സ്ത്രീകഥാപാത്രങ്ങളെ പരിചയപ്പെടാം***

**കാ**ലത്തിനും സാമൂഹിക പ്രകൃതിക്കും അഭിമുഖമായി രൂപാന്തരപ്പെടുന്ന കലയുടെ ചരിത്രവും പരിണാമചിത്രവും അടയാളപ്പെടുത്തുന്ന സൃഷ്ടികൾ സവിശേഷ വെളിപാടുകൾ പോലെയാണ്.

ലോകചരിത്രം രാജവാഴ്ചയുടെയും ഫ്യൂഡൽ വ്യവസ്ഥിതിയുടെയും കൊളോണിയൽ സാമ്രാജ്യത്വത്തിന്റെയും ഘട്ടത്തിൽ നിന്ന് ആധുനിക ഘട്ടത്തിലേക്ക് പ്രവേശിച്ച 19, 20 നൂറ്റാണ്ടുകൾ ഒട്ടേറെ ഘടനാ മാറ്റങ്ങൾക്ക് സാക്ഷിയായി.

രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മുന്നോടിയായി കലയും സാഹിത്യവും ദൃശ്യകലയും ഒക്കെ ബോധ നവീകരണത്തിന്റെ ചാലകശക്തികളായി. സമൂഹത്തിന്റെ ഉദാത്ത ബോധരൂപമാണ് യഥാർത്ഥ കലാസൃഷ്ടികൾ. അവ വൈവിധ്യവും സങ്കീർണ്ണവും വൈരുധ്യവും പ്രതിഫലിക്കുന്ന സൗന്ദര്യ രൂപങ്ങൾകൂടിയാണ്.

ക്ളാസ്സിക്കുകൾ എന്ന വിശേഷണത്തോടെ 19-)0 നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഉജ്ജ്വലമായ സംഭവങ്ങളാണ് ഒന്ന് തിരിഞ്ഞുനോക്കിയാൽ നാം കാണുന്നത്. 19 - 20 നൂറ്റാണ്ടുകളിലെ ഏതാനും ശ്രദ്ധേയ സാഹിത്യ സൃഷ്ടികളിലെ സ്ത്രീകഥാപാത്രങ്ങളെ പരിചയപ്പെടാം.

**1. എമ്മ**

ഗുസ്താവ് ഫ്ലൂബെയുടെ മാഡം ബോവറി എന്ന നോവലിലെ എമ്മ എന്ന കഥാപാത്രമാണ് ഒന്നാമത്തേത്.

1857 ൽ രചിച്ച ഈ നോവൽ അക്കാലത്ത് അശ്ലീലം എന്നു വിശേഷിക്കപ്പെട്ടിരുന്നു. എന്നാൽ

സാഹിത്യ ചരിത്രത്തിലും ഫ്രഞ്ച് സ്ത്രീസമൂഹത്തിലും ഏറെ സ്വാധീനിച്ചിരുന്നു. ബാഹ്യ സംഭവങ്ങളേക്കാൾ ചിന്തകളുടെയും വികാരങ്ങളുടെയും കൃത്യമായ അവതരണത്തിലൂടെ യാഥാർത്ഥ്യബോധം വായനക്കാരിൽ ഉളവാക്കുന്നു. റിയലിസത്തിന്റെ, അതായത് യഥാതഥ വാദത്തിന്റെ തുടക്കമായിരുന്നു അത്.

സുന്ദരിയും വിദ്യാഭ്യാസം ഉള്ളവളുമായ എമ്മയാണ് കേന്ദ്രപാത്രം. കുടുംബത്തിന്റെ നിർബന്ധത്തിനു വഴങ്ങി ഒരു രണ്ടാംകെട്ടുകാരനായ ഡോക്ടർ ചാൾസ് ബോവറിയെ വിവാഹം കഴിക്കുന്നു. രോഗീപരിചരണത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു ഡോക്ടർ ബോവറി. ഗ്രാമീണ ഡോക്ടർ ആയതുകൊണ്ട് വരുമാനം കുറവ്. അയാൾ എപ്പോഴും രോഗികളുടെ കൂടെയായിരിക്കും. എമ്മയാവട്ടെ ഏകാന്തതയിലും. അവൾക്കൊരു മകൾ ജനിച്ചു. വിരസമായ ജീവിതത്തിൽ തോട്ടത്തിലൂടെ അവൾ അലഞ്ഞു നടന്നു. വായനയിലും സമയം ചെലവഴിച്ചു. ക്രമേണ ഭർത്താവിന്റെ

സാന്നിധ്യത്തിൽ പോലും അവൾക്ക് അന്യതാബോധം അനുഭവപ്പെട്ടു.

സ്നേഹത്തിനും പദവിക്കും വേണ്ടിയുള്ള ആവേശത്തിൽ അവൾ ഒന്നൊന്നായി പലരെയും വിശ്വസിച്ചു. പ്രണയിച്ചു. ഓരോ പുരുഷനും അവളിൽ നിന്ന് നേടാവുന്നത് നേടിക്കഴിഞ്ഞപ്പോൾ അവളെ ഉപേക്ഷിച്ചു. അങ്ങനെ എമ്മ മറ്റൊരു സമ്പന്ന പുരുഷന്റെ സ്വാധീനത്തിലാകുന്നു. സ്വന്തം ആർഭാടത്തിനു വേണ്ടി കൈവിട്ട് ചെലവഴിച്ച അവൾ ഒടുവിൽ കടക്കെണിയിലാവുന്നു. തനിക്ക് ചുറ്റുമുള്ള പുരുഷലോകം ചൂഷണത്തിന്റെയും ചതിയുടെയും ലോകമാണെന്ന് തിരിച്ചറിയുന്ന എമ്മ എന്ന മാഡം ബോവറി ആർക്കും കീഴടങ്ങാൻ തയ്യാറാവാതെ ആത്മഹത്യ ചെയ്യുന്നു. അക്കാലത്തെ പുരുഷ മേധാവിത്വ സമൂഹത്തിൽ സ്വന്തം വ്യക്തിത്വം സ്ഥാപിക്കാൻ ശ്രമിച്ച ഒരു സ്ത്രീയുടെ കദനകഥയാണ് മാഡം ബോവറി.

**2. അന്ന കരേനിന**

1877 ൽ ലിയോ ടോൾസ്റ്റോയ് രചിച്ച വിശ്വ വിഖ്യാത നോവൽ അന്ന കരേനിന. ഇതിൽ

അന്ന എന്ന കഥാപത്രം അന്നത്തെ റഷ്യൻ സാമൂഹിക വ്യവസ്ഥയിൽ സ്ത്രീ ഒരു അടിമയ ല്ലെന്ന് തെളിയിക്കുന്നു.



ഒരു ട്രെയിൻ യാത്രയ്ക്കിടയിൽ അന്നയും വ്രോൻസ്കിയും പരിചയപ്പെടുന്നു. അവൾ അലക്സി കരേനിന്റെ ഭാര്യയും ഒരു മകന്റെ അമ്മയുമാണ്. ഭർതൃ കുടുംബത്തിൽ യാതൊരുവിധ സ്വാതന്ത്ര്യവും അവൾക്ക് ലഭിച്ചിരുന്നില്ല. അക്കാലത്തെ റഷ്യൻ

സമൂഹത്തിൽ ഭാര്യ എന്നത് കുടുംബത്തിലെ പരിചാരികയെ പോലെയായിരുന്നു. സമൂഹത്തിൽ അവൾക്ക് പ്രത്യേക സ്ഥാനങ്ങളൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ വിദ്യാസമ്പന്നയായ അന്ന തനിക്ക് ചുറ്റുമുള്ള അസ്വസ്ഥകരമായ ബന്ധങ്ങളിൽ നിന്ന് അകന്നുനിൽക്കുവാൻ ആഗ്രഹിച്ചു. തന്റേതായൊരു സ്വതന്ത്രലോകം അവൾ സ്വപ്നം കണ്ടു. എന്നാൽ അലക്സി പ്രഭുവിനാകട്ടെ ഏതു സ്ത്രീകളുമായും ബന്ധപ്പെടുന്നതിൽ വിലക്കൊന്നുമില്ല. ഈ അവസരത്തിലാണ് അന്ന വ്രോൻസ്കിയുമായി കൂടുതൽ അടുക്കുന്നത്. അവൾക്ക് അയാളെ വിശ്വാസമായിരുന്നു. വ്രോൻസ്കിയിൽ നിന്ന് ഗർഭം ധരിച്ച അന്നയെ ഭർത്താവ് ഉപേക്ഷിക്കുന്നു. അന്ന വ്രോൻസ്കിയോടൊപ്പം പോകുന്നു. പക്ഷെ താമസിയാതെ വ്രോൻസ്കിയെ അന്ന സംശയിക്കുന്നു. വ്രോൻസ്കിക്ക് മറ്റൊരു പ്രഭുകുമാരിയുമായി ബന്ധമുള്ളത് അന്നയെ അസ്വസ്ഥമാക്കി. വ്രോൻസ്കിയുടെ എസ്റ്റേറ്റിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടയിൽ അവൾക്ക് തന്റെ ഭാവിജീവിതം ശൂന്യമായെന്ന് തിരിച്ചറിയുന്നു. മോസ്കോ സ്റ്റേഷനിൽ എത്തുന്ന

അവൾ  മറ്റൊരു ട്രെയിനിന് മുന്നിൽചാടി ആത്മഹത്യ ചെയ്യുന്നു. ആശ്രയത്തിനും യഥാർത്ഥ സ്നേഹത്തിനും വേണ്ടിയുള്ള സ്വതന്ത്രചിന്തയിൽ  ഒരു സ്ത്രീയ്ക്ക് സംഭവിക്കുന്ന  ദുരന്തമാണ് അന്നയിലൂടെ ടോൾസ്റ്റോയ്  അവതരിപ്പിക്കുന്നത്..

**3. കാത്തി**

എമിലി ബ്രോണ്ടിയുടെ  വുതറിങ്  ഹൈറ്റ്സ് എന്ന നോവലിലെ  കാത്തി എന്ന സ്ത്രീകഥാപാത്രം.

കാത്തി  കൊച്ചുകുട്ടിയായിരിക്കുമ്പോൾ പിതാവ്  വുതറിങ്  ഹൈറ്റ്സ് എന്ന മാളികയിലേക്ക് കൂട്ടിക്കൊണ്ടുവന്ന അനാഥബാലൻ ഹീത്ത് ക്ലിഫുമായുള്ള വിചിത്ര ബന്ധമാണ്  ഈ നോവലിൽ നാം കാണുന്നത്. കൂട്ടുകാരെ പോലെ  അവർ  ജീവിച്ചുവളർന്നു. കാത്തിയുടെ മൂത്ത സഹോദരി ഹീത്ത് ക്ലിഫിനോട് ഒരു പരിചാരകനെ പോലെയാണ്   പെരുമാറുന്നത്. എന്നാൽ  ഹീത്ത് ക്ലിഫിന്  കാത്തിയോട്   ഇഷ്ടവും അധികാരവും തോന്നിത്തുടങ്ങുന്നു. ഒരിക്കൽ അയൽക്കാരായ  ലിന്റൺ കുടുംബം നടത്തിയ

സംഗീത പരിപാടി കാണുന്നതിനിടെ കാത്തിയെ നായകൾ ആക്രമിച്ചു. ലിന്റൺ കുടുംബം അവരുടെ വീട്ടിൽ മാസങ്ങളോളം കാത്തിയെ ശുശ്രുഷിക്കുന്നു. സുഖം പ്രാപിച്ച് വീട്ടിൽ തിരികെയെത്തിയ കാത്തിയോട് എഡ്ഗർ ലിന്റൺ വിവാഹ അഭ്യർത്ഥന നടത്തുന്നു. കാത്തി വിവാഹത്തിന് സമ്മതിക്കുന്നു. ഇതറിഞ്ഞ ഹീത്ത് ക്ലിഫ് അവിടെ നിന്ന് അപ്രത്യക്ഷമാവുന്നു. കാത്തിയുടെ വിവാഹം കഴിഞ്ഞു. വർഷങ്ങൾക്ക് ശേഷം സമ്പന്നനായിത്തീർന്ന ഹീത്ത് ക്ലിഫ് തിരിച്ചുവരുന്നു. അയാൾ രഹസ്യമായി വുതറിങ് ഹൈറ്റ്സ് വാങ്ങുന്നു. അയാൾക്ക് കാത്തിയെ സ്വന്തമാക്കണമെന്നുണ്ട്. പക്ഷെ കാത്തി എതിർക്കുന്നു. അങ്ങനെ അയാൾ അവളുടെ അനുജത്തി ഇസബെല്ലയുമായി വിവാഹത്തിന് ഒരുങ്ങുന്നു. കാത്തി ഈ ബന്ധത്തെ എതിർക്കുകയും ഇസബെല്ലയെ ഉപദേശിക്കുകയും ചെയ്യുന്നു. ആ ഉദ്യമം പരാജയപ്പെടുന്നു. ഹീത്ത് ക്ലിഫും ഇസബെല്ലയും വിവാഹിതരാവുന്നു ഹൃദയം തകർന്ന കാത്തി ഗുരുതരമായ രോഗാവസ്ഥയിലായി. ഹീത്ത് ക്ലിഫ് അവളെ കാണാനെത്തുന്നു. കാത്തിയും ഹീത്ത്

ക്ലിഫും മനസ്സ് തുറക്കുന്നു. അവളുടെ അവസാന ആഗ്രഹ പ്രകാരം അവർ പതിവായി കണ്ടുമുട്ടിയിരുന്ന പെനിസ്റ്റോൺ ക്രാഗ്സ് എന്ന സ്ഥലം, അവളെ കൈകളിൽ കോരിയെടുത്ത് ജനാലയുടെ അടുത്തു കൊണ്ടു പോയി കാണിച്ചു കൊടുക്കുന്നു. മരണമടഞ്ഞ കാത്തിയുടെ ആത്മാവ് ഹീത്ത് ക്ലിഫിനെ മഞ്ഞുമലയിലേക്ക് എന്നേയ്ക്കുമായി കൂട്ടിക്കൊണ്ടുപോകുന്നു.

**4. എലിസബത്ത്**

ജെയിൻ ഓസ്റ്റിൻ എഴുതിയ പ്രൈഡ് ആൻഡ് പ്രെജുഡീസ് എന്ന നോവലിലെ എലിസബത്ത് എന്ന സ്ത്രീകഥാപാത്രം.



ഇംഗ്ലീഷ് നോവൽ സാഹിത്യത്തിൽ ഇതിവൃത്തത്തിലും അവതരണത്തിലും സമൂലമായ മാറ്റങ്ങൾ ദർശിച്ച കാലഘട്ടമായിരുന്നു 19 -)ം നൂറ്റാണ്ട്. വ്യാവസായിക വിപ്ലവ സ്വാധീനം, നഗരജീവിതം, ദാരിദ്ര്യം, സാമൂഹിക വിമർശനവും എല്ലാം നോവലിന് വിഷയമായി. പ്രണയം, വിവാഹം, കുടുംബ ബന്ധങ്ങൾ, പൊള്ളയായ പൊങ്ങച്ചം, ആഢംബരം തുടങ്ങിയവയും വിശകലന വിധേയമാക്കി. സാമൂഹിക മര്യാദകളും സ്ത്രീകളുടെ മാനസിക തലങ്ങളും സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടു. അത്തരത്തിൽ ശക്തരായ സ്ത്രീ കഥാപാത്രങ്ങളെ സൃഷ്ടിച്ച പ്രശസ്തരായ എഴുത്തുകാരിയാണ് ജെയിൻ ഓസ്റ്റിൻ. ഓസ്റ്റിന്റെ മാസ്റ്റർ പീസ് ആണ് പ്രൈഡ് ആൻഡ് പ്രെജുഡീസ്.

19 -)ം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇംഗ്ലീഷ് മധ്യവർഗ ജീവിതത്തെ കൃതിയിൽ വിമർശനാത്മകമായി ചിത്രീകരിക്കുന്നു. ജെയിൻ ഓസ്റ്റിന് 21 വയസ്സുള്ളപ്പോൾ എഴുതിയ ഈ നോവൽ 20 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിലെ മികച്ച ജനപ്രിയ നോവൽ ആണിത്.

ഓസ്റ്റിൻ ജീവിച്ചിരുന്ന അടച്ചിടപ്പെട്ട സാമൂഹിക ജീവിതത്തിന്റെ കൃത്യമായ ചിത്രീകരണം ശക്തമായ ആക്ഷേപഹാസ്യത്തിലൂടെ അവർ നിർവഹിച്ചു.

പുരുഷ മേധാവിത്തം, സ്ത്രീകളുടെ വിദ്യാഭ്യാസമില്ലായ്മ, സാമ്പത്തിക പരാധീനത, ദുരഭിമാനം, വിവാഹം പോലുള്ള സമൂഹം നൽകുന്ന അമിത പ്രാധാന്യം, പൊള്ളയായ അന്തസ്സ് തുടങ്ങിയ വിഷയങ്ങളെ ഈ നോവലിൽ നിരീക്ഷണ വിധേയമാക്കുന്നു.

വളരെയധികം സമ്പന്നനായ അവിവാഹിതനായ ഒരു പുരുഷൻ ഒരു ഭാര്യയെ ആഗ്രഹിക്കുന്നു എന്നത് സർവ്വത്ര അംഗീകരിക്കപ്പെട്ട സത്യമാണ് എന്നൊരു നർമ്മത്തിലൂടെ സാമ്പത്തിക സുരക്ഷയും സാമൂഹിക നിലയും നേടാൻ സ്ത്രീകൾ വിവാഹത്തെ ആശ്രയിക്കേണ്ടി വരുന്നു എന്ന വിരോധാഭാസത്തെ എഴുത്തുകാരി വിമർശന വിധേയമാക്കുന്നു.

മറ്റേതൊരു രക്ഷകർത്താക്കളെയും പോലെ തന്റെ മക്കൾക്ക് അനുയോജ്യരായ സമ്പന്നനായ

യുവാക്കളെ കണ്ടുപിടിച്ച് വിവാഹം നടത്തുക എന്നാണ് മിസ്റ്റർ ആൻഡ് മിസ്സിസ് ബെന്നറ്റിന്റെ ജീവിതലക്ഷ്യം. അയൽവാസിയായ ചാൾസ് ബിംഗ്ലിയെ മരുമകൻ ആക്കാൻ അവർ ആഗ്രഹിക്കുന്നു. അയാൾക്ക് അവരുടെ മൂത്തമകളിൽ താല്പര്യമുണ്ടെന്ന് അറിഞ്ഞ അവർ സന്തോഷിക്കുന്നു.

ഒരു ഡാൻസ് പാർട്ടിയിൽ ഡാൻസി എന്ന യുവാവിന്റെ കൂടെ ഡാൻസ് ചെയ്യാൻ എലിസബത്തിനെ കൂട്ടുകാർ നിർബന്ധിക്കുമ്പോൾ എലിസബത്തിന് വേണ്ടത്ര സൗന്ദര്യവും പ്രൗഢിയും പോരെന്ന് ഉറക്കെ പറഞ്ഞ് ഡാൻസി പിന്മാറുന്നു. ഇത് എലിസബത്തിന് വലിയ മാനഹാനിയാകുന്നു.

യഥാർത്ഥത്തിൽ ഈ കൃതിയിലുടനീളം കാണുന്നത് പണക്കാരൻ എന്ന ഡാൻസിയുടെ അഹന്തയും എന്തും സംശയം ദൃഷ്ട്യാ വിലയിരുത്തുന്ന എലിസബത്തിന്റെ മുൻവിധിയും ആണ്.

ബെന്നറ്റിന്റെ മക്കളിൽ ഒരാളെ വിവാഹം കഴിക്കാൻ താല്പര്യപ്പെട്ട് ബന്ധുവായ കോളിൻസ്

എത്തുന്നു മിസിസ് ബെന്നറ്റ് അവനെ എലിസബത്തിന്റെ അടുക്കൽ എത്തിക്കുന്നു. പക്ഷേ അവന്റെ വിവാഹ വാഗ്ദാനം എലിസബത്ത് നിരസിക്കുന്നു. അവളെ നിരസിച്ച ഡാൻസിക്ക് ക്രമേണ എലിസബത്തിനോട് ഇഷ്ടം തോന്നുന്നു. അത് അവളോട് തുറന്നുപറയുന്നു. എന്നാൽ ഡാൻസിയുടെ പ്രേമം എലിസബത്ത് നിരസിക്കുന്നു പക്ഷേ കുറച്ചുനാൾ കഴിഞ്ഞ് തന്റെ സഹോദരിമാരുടെ ചില പ്രശ്നങ്ങളിൽ താൻ സംശയിച്ചത് പോലെ ഡാൻസി പ്രവർത്തിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയ എലിസബത്ത് ഡാൻസിയെ പുതിയ വെളിച്ചത്തിൽ കാണാൻ ശ്രമിക്കുന്നു. ഡാൻസി വീണ്ടും പ്രണയാഭ്യർത്ഥന  നടത്തുന്നു. ഇത്തവണ അവന്റെ പ്രണയം നിരസിക്കാൻ എലിസബത്തിന് കഴിയുന്നില്ല. എലിസബത്തിന്റെ പ്രണയമുല്ല മെല്ലെ തളർക്കാൻ തുടങ്ങുന്നു.

**5. പെലാജിയ**

മാക്സിം ഗോർക്കിയുടെ അമ്മ എന്ന പ്രസിദ്ധ സോഷ്യലിസ്റ്റ് റിയലിസ്റ്റിക് നോവലിലെ അമ്മയായ

പെലാജിയ വിശ്വസാഹിത്യത്തിലെ ശ്രദ്ധേയമായ ഒരു സ്ത്രീ കഥാപാത്രമാണ്.

വിപ്ലവത്തിന് മുൻപുള്ള 1905 ലെ റഷ്യൻ പശ്ചാത്തലം. ഭരണാധികാരം ലക്ഷ്യമിട്ട് തൊഴിലാളി വർഗ്ഗം നടത്തുന്ന മുന്നേറ്റങ്ങളെ ചെറുക്കുന്ന ചക്രവർത്തിയുടെ പോലീസും പട്ടാളവും. തൊഴിലാളി ആയിരുന്നെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം മദ്യപാനിയായി മാറുന്ന ഭർത്താവിന്റെ മരണത്തോടെ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുന്ന ഭാര്യ പെലാജിയ എന്ന മധ്യവയസ്ക ആണ് നായിക.

ഒളിപ്പോരാളികൾ നൽകുന്ന തോക്ക് തങ്ങളുടെ മകൻ പാവേൽ വീട്ടിൽ ഒളിപ്പിച്ചു വയ്ക്കുന്നത് കാണുന്ന അമ്മ, തൊണ്ടിമുതൽ കാണിച്ചുകൊടുത്താൽ തുടർന്നുള്ള നടപടികളിൽ നിന്ന് മകനെ ഒഴിവാക്കുമെന്ന് കരുതി പോലീസിന് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഒന്നിലേറെ ചാർജ്ജുകളുടെ പേരിൽ പാവേലിനെ അറസ്റ്റ് ചെയ്തു കാരാഗ്രഹത്തിൽ അടയ്ക്കുന്നു. സഹ തടവുകാർക്ക് ഒപ്പം പ്ലാൻ ചെയ്തു  പാവേൽ ജയിൽ ചാടുന്നു.  സാഹസികമായി നദി നീന്തി

കടന്ന് അമ്മയെ കണ്ടുമുട്ടുന്നു. പക്ഷേ പിന്തുടർന്നെത്തിയ പോലീസിന്റെ വെടിയേറ്റ് മരിക്കുകയും ചെയ്യുന്നു. മകന്റെ മരണം നേരിൽ കണ്ട പെലാജിയയിൽ ഉണ്ടാകുന്ന മന : പരിവർത്തനം അവരെ ഒരു വിപ്ലവകാരി ആക്കി മാറ്റുന്നു. സഖാക്കളോടൊപ്പം തെരുവിലൂടെ കയ്യിൽ ചുവന്ന കൊടിയുമായി അടിവച്ച് മുന്നേറുന്ന അമ്മ തങ്ങൾക്ക് നേരെ വന്ന പട്ടാളത്തിന്റെ മുന്നേറ്റത്തിൽ ഞെരിഞ്ഞു മരിക്കുന്നു.

**6. ഫെർമിന**

1960 കളിൽ വിശ്വ സാഹിത്യത്തിൽ ശ്രദ്ധേയമായി തീർന്നതും നിരൂപകർ മാജിക്കൽ റിയലിസം എന്ന് വിശേഷിപ്പിച്ചതുമായ സാഹിത്യധാര ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന്റെ കൃതികളിലൂടെയാണ് വികസിതമായത്. ലവ് ഇൻ ദി ടൈം ഓഫ് കോളറ എന്ന നോവലിലെ ഫെർമീന എന്ന സ്ത്രീകഥാപത്രം വിധവയാകുമ്പോൾ വാർദ്ധക്യത്തിലും തന്റെ പഴയകാല കാമുകനുമൊത്ത് ജീവിക്കാൻ തയ്യാറാവുന്നു. മരണത്തിനല്ല ജീവിതത്തിനാണ് അതിർത്തികൾ

ഉള്ളതെന്ന് നോവലിസ്റ്റ് ഫെർമീനയിലൂടെ പറഞ്ഞുവയ്ക്കുന്നു.



വീട്ടുപരിസരത്തെ പൂങ്കാവനത്തിൽ ഇരുന്ന് സംഗീതം കേട്ടുകൊണ്ടിരുന്ന വൃദ്ധനായ ഡോക്ടർ ജുവാനിൽ ഉർബിനോ തന്റെ വളർത്തു തത്തയെ പിടിക്കാൻ ശ്രമിക്കുന്നു. മരത്തിൽ ചാരി വച്ചിരുന്ന ഏണിയിൽ ബദ്ധപ്പെട്ട് കയറി. ഗോവണി മറിഞ്ഞ് വീണ് ഉർബിനോ താഴെ തലയടിച്ചു മരിക്കുന്നു. വൃദ്ധയായ ഭാര്യ ഫെർമിന അയാളുടെ നിശ്ചല ശരീരം ചേർത്തു പിടിച്ച് തേങ്ങി.

1930 - ലെ കാർട്ടെജീന പട്ടണത്തിലെ ഭദ്രാസന പള്ളിയിൽ മണി മുഴങ്ങി. ഊഞ്ഞാൽ കട്ടിലിൽ

നിന്ന് വൃദ്ധനായ ഫ്ലോറന്റിനോ, മരിച്ചത് ഏതോ വലിയ മാന്യനാണെന്ന് മനസ്സിലാക്കുന്നു. ഗവർണർ എങ്കിലും ആയിരിക്കണമെന്ന് കരുതുന്നു.

ഡോക്ടർ ഉർബിനോയുടെ മൃതശരീരത്തിന് അരികിൽ നിന്ന് ബന്ധുമിത്രാദികളുടെ അനുശോചനം സ്വീകരിക്കുന്ന ഫെർമീനയെ ഫ്ലോറന്റീനോ കാണുന്നു. ബന്ധുമിത്രാദികളും മക്കളും യാത്ര പറഞ്ഞു.

വീട്ടിലേക്ക് കയറിവന്ന ഫെർമിനയുടെ മനസ്സിൽ ദുഃഖം നിറഞ്ഞു നിൽക്കുമ്പോഴാണ് അവിടെ വൃദ്ധനായ ഫ്ലോറന്റിനോ കാത്തുനിൽക്കുന്നത് കാണുന്നത്. ഫെർമിനാ അയാളെ തിരിച്ചറിഞ്ഞു. കൗമാരക്കാലത്തെ കാമുകൻ ഫ്ലോറന്റീനോ. 51 വർഷങ്ങൾക്കു മുമ്പ് ഇരുവരും വിവാഹിതരാവാൻ കൊതിച്ചവരാണ്. ഫ്ലോറന്റിനോ അഭ്യർത്ഥിച്ചു. ഈ ഒരു സന്ദർഭത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു.

വാക്കുകളിൽ പ്രണയം വാരി വിതറി

നിൽക്കുന്ന ഫ്ലോറന്റിനോയെ ഫെർമിന ദേഷ്യപ്പെട്ടു ഇറക്കി വിട്ടു.

ചടങ്ങുകൾ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ ഫെർമിന അലമാരയിൽ നിന്ന് ഒരു കടലാസ് പുറത്തെടുത്തു. 50 വർഷം മുമ്പുള്ള പ്രണയലേഖനം. അതിൽ യുവാവായ ഫ്ലോറെന്റോയുടെ ഫോട്ടോ അവൾ കൈയിലെടുത്തു വലിച്ചുകീറി.

പക്ഷേ അവളുടെ മനസ്സ് തങ്ങളുടെ പഴയ പ്രണയകാലത്തിലേക്ക് പറന്നുനടന്നു. അമ്മായിയോടൊപ്പം എപ്പോഴും ഒരുമിച്ച് കാണുന്ന ഫെർമീനയെ സ്വന്തമാക്കാൻ ഫ്ളോറിന്റോ നടത്തിയ പ്രണയ സാഹസങ്ങൾ. തന്റെ മറുപടിക്കായി അവൻ കാത്തിരുന്ന നിമിഷങ്ങൾ...

പട്ടണത്തിൽ മുഴുവൻ കോളറ പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യം. ഒരിക്കൽ ഫെർമിനയ്ക്കും സുഖമില്ലാതെയായി. ചികിത്സിക്കാനെത്തിയ ഡോക്ടർ ഉർബിനോ ഫെർമിനയോട് തന്റെ ഇഷ്ടം അറിയിക്കുന്നു. കുടുംബ നിർബന്ധത്തിന് അവൾ വഴങ്ങി.

ഫ്ലോറെന്റോയുമായുള്ള ബന്ധം ഭാവനപരമായ ഒരു ഭ്രമം മാത്രമാണെന്ന് ബോധ്യപ്പെട്ട അവൾ ഡോക്ടറുമായുള്ള വിവാഹത്തിന് സമ്മതിക്കുന്നു. അങ്ങനെ അവരുടെ വിവാഹം കഴിഞ്ഞു. രണ്ടു മക്കൾ ഉണ്ടാവുകയും അവരുടെ വിവാഹം കഴിയുകയും ചെയ്തു. പിന്നീട് ഒരിക്കൽ ഡോക്ടർ ഉർബിനോയുടെ മറ്റൊരു സ്ത്രീബന്ധം ഫെർമിന മനസിലാക്കി. വിശ്വസ്തനായ ഒരു ഭർത്താവല്ല അദ്ദേഹം എന്ന് അവൾക്ക് ബോധ്യപ്പെട്ടു. ബാഹ്യമായ സ്നേഹം മാത്രമേ ഉള്ളൂ.

അവൾ വർത്തമാനകാലത്തിലേക്ക് തിരികെ എത്തി. വിധവയും വൃദ്ധയുമായ ഫെർമിന ഡോക്ടർ ഉർബിനോയുടെ മരണശേഷം വീട്ടിൽ ഏകാന്തതയിലാണ്. ആ ഏകാന്തതയിലേക്ക് ഫ്ലോറന്റിനോ വീണ്ടും കടന്നു ചെല്ലുന്നു.

ഫെർമിനയോടുള്ള സ്നേഹം വീണ്ടും ഒരിക്കൽ കൂടി പ്രഖ്യാപിക്കുന്നു. ആദ്യം ഫെർമിന കോപിച്ചുവെങ്കിലും മെല്ലെ അയാളുടെ ആദ്യ അനുരാഗത്തിന്റെ ആത്മാർത്ഥത തിരിച്ചറിയുന്നു. വാർദ്ധക്യത്തിൽ അവർ ഒന്നു ചേരുന്നു. പരസ്പരം ഒരാശ്വാസം, സന്തോഷം. ഇനിയുള്ള ജീവിതം

പ്രണയ വസന്തത്തിന്റേതാണ്. ജീവിതത്തിനാണ് അല്ലാതെ മരണത്തിനല്ല അതിരുകളില്ലാത്തത് എന്ന് ഫെർമിനോയുടെ  പ്രണയം ലോകത്തെ ഓർമിപ്പിക്കുന്നു.

**7. ഇലക്ട്ര**

ഇലക്ട്രയുടെയും സഹോദരൻ ഓറസ്തസിന്റെയും ബാല്യത്തിൽ പിതാവും രാജാവുമായ



അഗമനോണിനെ വധിച്ച് ഭാര്യയും ബന്ധു - കാമുകനും ചേർന്ന് അധികാരം പിടിച്ചെടുക്കുന്നു. 15 വർഷങ്ങൾക്ക് ശേഷം യുവതിയായ ഇലക്ട്രതന്റെ പിതാവിനെ വധിച്ചവരോടുള്ള പ്രതികാരം ഒരു കടമ പോലെ നിർവഹിക്കാൻ തയ്യാറെടുക്കുന്നു.
ബാല്യത്തിൽ നാടുകടത്തപ്പെട്ട ഓറസ്തസ്

സുഹൃത്ത് പിലാഡിയോടൊപ്പം പ്രച്ഛന്നരായി അവിടെ എത്തുന്നു.

രാജാവും മാതാവിന്റെ കാമുകനുമായ അഗസ്തിസ്തോസ് സഹോദരനെ വധിച്ചതായി ഇലക്ട്ര അറിയുന്നു. അധികാര പ്രമത്തതയിൽ അഗസ്തിസ്തോസ് വിജയോന്മത്തനാണ്. ഇലക്ട്ര തന്റെ നിയോഗം ഒരു വിധി പോലെ നിർവഹിക്കാനുള്ള നീക്കം ആരംഭിച്ചു. വേഷം മാറി എത്തിയ ഓറസ്തസും സുഹൃത്ത് പിലാഡിയും അധികാരിയായ അഗസ്തിസ്തോസിനെ വധിക്കുന്നു.

ഇലക്ട്രയുടെ ധാർമിക രോഷവും അനീതിക്കെതിരെയുള്ള, സ്വേച്ഛാധികാരത്തിനെതിരെയുള്ള, രാഷ്ട്രീയ ആയുധമായി മാറുന്നു. മറ്റൊരു അർത്ഥത്തിൽ ലോകരാഷ്ട്രീയത്തിൽ കാണപ്പെടുന്ന ഭ്രാന്തമായ അധികാര ത്വരയ്ക്ക് വിധി എഴുതുകയാണ് ഇവിടെ. അഗസ്തിസ്തോസ് വധിക്കപ്പെടുമ്പോൾ ഗ്രീക്ക് ഇതിഹാസത്തിൽ അകലെ നിന്നും ഒരു ചുവന്ന കഴുകൻ പറന്നുവരുന്നു. ഇലക്ട്രയും ഓറസ്തസും ജനകീയ സ്വാതന്ത്ര്യത്തിന്റെ

ആഹ്ലാദം നൃത്തം ചെയ്യുന്നു. പിതാവിന്റെ ഘാതകനായ അഗസ്തീസ്തോസിനെ വധിച്ച് രാജാധികാരം പിടിച്ചെടുക്കുന്ന ഇലക്ട്ര എന്ന സ്ത്രീകഥാപത്രം കേന്ദ്രമാക്കി പിൽക്കാലത്ത് നാടകങ്ങളും നോവലുകളും രചിക്കപ്പെട്ടിട്ടുണ്ട്. മനഃശാസ്ത്രജ്ഞനായ സിഗ് മണ്ടു് ഫ്രോയിഡ് മകളും പിതാവും തമ്മിലുള്ള പ്രത്യേക ഇഷ്ടത്തെയും മകനും മാതാവും തമ്മിലുള്ള പ്രത്യേക ഇഷ്ടത്തെയും വ്യാഖ്യാനിച്ചിട്ടുണ്ട്. അധികാര രാഷ്ട്രീയത്തിനെതിരെയുള്ള പ്രതികാരമായും ധാർമ്മിക നിലപാടായും സാഹിത്യകാരന്മാർ ഇലക്ട്രയെ അവതരിപ്പിച്ചിട്ടുണ്ട്.



# Diary for my children
# മാർത്ത മെസാറോസിന്റെ ഓർമ്മയും പ്രതിരോധവും

ലീലാമ്മ തോമസ് ബോട്സ്വാന (ഫിൽക്ക)



*ഇത് ഒരു കുട്ടിയും വളർത്തമ്മയും തമ്മിലുള്ള സംഘർഷം മാത്രമല്ല. വ്യക്തിയും അധികാരവും തമ്മിലുള്ള സംഘർഷം കൂടിയാണ്. ഓർമ്മയും ഔദ്യോഗിക ചരിത്രവും തമ്മിലുള്ള സംഘർഷമാണ്.*

**ഒ**രു രാജ്യത്തിന്റെ ചരിത്രം അധികാരത്തിന്റെ രേഖകളിൽ സൂക്ഷിക്കപ്പെടുമ്പോൾ, അതിന്റെ മനുഷ്യചരിത്രം പലപ്പോഴും ആരും വായിക്കാത്ത സ്വകാര്യ ഡയറിയുടെ താളുകളിൽ ഒളിച്ചിരിക്കും. ഔദ്യോഗിക ചരിത്രം തീയതികളും തീരുമാനങ്ങളും വിജയങ്ങളും പരാജയങ്ങളും രേഖപ്പെടുത്തും. എന്നാൽ ഒരു കാലഘട്ടം, മനുഷ്യന്റെ ഉള്ളിൽ ഉണ്ടാക്കിയ ഭയം, നഷ്ടം, ഏകാന്തത, സ്നേഹം, കോപം, സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹം—അവയെ

രേഖപ്പെടുത്താൻ ചരിത്രപുസ്തകങ്ങൾക്ക് എല്ലായ്പ്പോഴും കഴിയണമെന്നില്ല.

അവിടെയാണ് മാർത്ത മെസാറോസിന്റെ Diary for My Children (Naplogyermekeimnek, 1984) സിനിമയായി മാത്രമല്ല, ഓർമ്മയുടെ ഒരു രാഷ്ട്രീയ രേഖകൂടിയായി മാറുന്നത്.

പുറമേ നോക്കുമ്പോൾ, 1940-കളുടെ അവസാനത്തിലും 1950-കളുടെ തുടക്കത്തിലും ഹംഗറിയിൽ വളരുന്ന ജൂലി എന്ന പെൺകുട്ടിയുടെ കഥയാണ് ഇത്. മാതാപിതാക്കളെ നഷ്ടപ്പെട്ട് സോവിയറ്റ് യൂണിയനിൽ നിന്ന് ഹംഗറിയിലേക്ക് മടങ്ങിയെത്തുന്ന അവൾ മുത്തച്ഛന്റെ ബന്ധുവായ മഗ്ദയുടെ സംരക്ഷണത്തിലാകുന്നു. പുതിയ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിൽ അധികാരവും വിശ്വാസ്യതയും നേടിയ മഗ്ദ, ജൂലിക്ക് സുരക്ഷിതമായൊരു ഭാവി നൽകാൻ ശ്രമിക്കുന്നു. പക്ഷേ ആ സുരക്ഷയ്ക്ക് പിന്നിൽ ഒരു നിബന്ധനയുണ്ട്—അവൾ അനുസരിക്കണം. ഒന്നും ഓർക്കാൻ പാടില്ല. അച്ഛനമ്മമാരെ പോലും.

ജൂലി അതിന് തയ്യാറല്ല. അവിടെയാണ് സിനിമയുടെ യഥാർത്ഥ സംഘർഷം ആരംഭിക്കുന്നത്.

ഇത് ഒരു കുട്ടിയും വളർത്തമ്മയും തമ്മിലുള്ള സംഘർഷം മാത്രമല്ല. വ്യക്തിയും അധികാരവും തമ്മിലുള്ള സംഘർഷം കൂടിയാണ്. ഓർമ്മയും ഔദ്യോഗിക ചരിത്രവും തമ്മിലുള്ള സംഘർഷമാണ്. ഒരു പെൺകുട്ടിയുടെ സ്വത്വവും അവളെ നിർവചിക്കാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയ സംവിധാനവും തമ്മിലുള്ള സംഘർഷമാണ്; ചരിത്രം വീട്ടിനുള്ളിലേക്ക് കടന്നുവരുമ്പോൾ...



രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ഹംഗറി രാഷ്ട്രീയമായും സാമൂഹികമായും വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുകയായിരുന്നു. സോവിയറ്റ് സ്വാധീനം ശക്തിപ്പെടുകയും കമ്മ്യൂണിസ്റ്റ് ഭരണകൂടം സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിയന്ത്രണം ഉറപ്പിക്കുകയും ചെയ്തു. സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിലെ രാഷ്ട്രീയ ശുദ്ധീകരണങ്ങളും നിരീക്ഷണവും അറസ്റ്റുകളും ഭീതിയും വ്യക്തിജീവിതത്തെ പോലും രാഷ്ട്രീയത്തിന്റെ പരിധിക്കുള്ളിലേക്ക് കൊണ്ടുവന്നു.

മെസാറോസ് ഈ ചരിത്രത്തെ ഒരു രാഷ്ട്രീയ പ്രഭാഷണമായി അവതരിപ്പിക്കുന്നില്ല. അവൾ അത് ഒരു വീട്ടിനുള്ളിൽ കൊണ്ടുവരുന്നു.

ആര് എന്ത് പറയുന്നു ? ആരെയാണ് വിശ്വസിക്കേണ്ടത് ? എന്താണ് പറയാൻ പാടില്ലാത്തത്?

എന്തുകൊണ്ടാണ് മുതിർന്നവർ ചില പേരുകൾ പറയുമ്പോൾ ശബ്ദം താഴ്ത്തുന്നത് ?

എന്തുകൊണ്ടാണ് ഇന്നലെ വിശ്വസിച്ചിരുന്ന ഒരാൾ ഇന്ന് സംശയിക്കപ്പെടുന്നത് ?

ഈ ചെറിയ ചോദ്യങ്ങളിലൂടെയാണ് ഒരു വലിയ രാഷ്ട്രീയ കാലഘട്ടം ജൂലിയുടെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്.

അതിനാൽ സിനിമയിൽ രാഷ്ട്രീയം പുറത്തുള്ള ലോകമല്ല. അത് വീടിന്റെ ചുവരുകൾക്കുള്ളിലാണ്. അത് ഭക്ഷണമേശയ്ക്കരികിലുണ്ട്. അത് സ്കൂളിലുണ്ട്. അത് ജയിലിന്റെ ചുവരുകൾക്കുള്ളിലുണ്ട്. അത് ജൂലിയുടെ ഓർമ്മകളിലുണ്ട്. അവളുടെ അച്ഛന്റെ അഭാവത്തിലുണ്ട്.

ഇങ്ങനെ മെസാറോസ് ചരിത്രത്തെ “സംഭവം” എന്ന നിലയിൽ കാണിക്കുന്നില്ല; മനുഷ്യന്റെ ദൈനംദിന ജീവിതത്തിലേക്ക് കയറിയിരിക്കുന്ന ഒരു ശക്തിയായി കാണിക്കുന്നു. മാർത്ത തന്നെയാണ് ജൂലി.

ചരിത്രത്തിന്റെ ഇരയിൽ നിന്ന് സ്വന്തം ശബ്ദത്തിലേക്ക് വളരുന്ന സ്ത്രീകഥാപത്രമാണ് ജൂലി.  ജൂലിയെ വെറും പിടിവാശിയുള്ള കൗമാരക്കാരിയായി വായിച്ചാൽ സിനിമയുടെ വലിയൊരു ഭാഗം നമ്മിൽനിന്ന് നഷ്ടപ്പെടും.

അവളുടെ എതിർപ്പ് വ്യക്തിപരമായ അനുസരണക്കേടല്ല.

അവൾക്ക് അറിയണം. തന്റെ മാതാപിതാക്കൾക്ക് എന്താണ് സംഭവിച്ചതെന്ന് ?

തന്റെ അച്ഛൻ എവിടെയാണ്? എന്തുകൊണ്ടാണ് തന്റെ ബാല്യം ഇങ്ങനെ തകർന്നത് ? താൻ അനാഥയായത് ? മുതിർന്നവർ എന്തുകൊണ്ടാണ് ചില സത്യങ്ങൾ മറയ്ക്കുന്നത്? ജൂലിയുടെ മനസ്സിൽ ഉയരുന്ന ഈ ചോദ്യങ്ങളാണ് സിനിമയുടെ രാഷ്ട്രീയബോധത്തിന്റെ തുടക്കം.

ജൂലി ചരിത്രം പഠിക്കുന്നില്ല. അവൾ ചരിത്രം അനുഭവിക്കുകയാണ്.

അവളുടെ കുടുംബത്തിന്റെ തകർച്ച ഒരു രാഷ്ട്രീയ തീരുമാനത്തിന്റെ ദൂരെയുള്ള ഫലമല്ല. അത് അവളുടെ സ്വന്തം ജീവിതമാണ്.

ഇവിടെയാണ് മെസാറോസിന്റെ ആത്മകഥാപരമായ അനുഭവങ്ങൾ സിനിമയുമായി ചേരുന്നത്. സംവിധായികയുടെ ജീവിതത്തിലും മാതാപിതാക്കളുടെ നഷ്ടവും രാഷ്ട്രീയമായ അസ്ഥിരതയും ബാല്യത്തിലെ

വേർപാടുകളും ആഴത്തിലുള്ള മുറിവുകളായി നിലനിന്നിരുന്നു. അതുകൊണ്ട് ജൂലി തന്റെ പിതാവിനെ അന്വേഷിക്കുമ്പോൾ, ക്യാമറയ്ക്കു പിന്നിൽ നിൽക്കുന്ന മെസാറോസും തന്റെ നഷ്ടപ്പെട്ട ബാല്യത്തെ തിരികെ വിളിക്കുകയാണ്.

അതിനാൽ ഈ സിനിമയിലെ “ഡയറി” ജൂലിയുടെ സ്വകാര്യ കുറിപ്പല്ല. മറച്ചുവെക്കപ്പെട്ട ചരിത്രത്തിനെതിരെയുള്ള ഓർമ്മയുടെ സാക്ഷ്യപത്രമാണ്.

അധികാരം മനുഷ്യന്റെ മുഖം ധരിക്കുമ്പോൾ അത് മഗ്ദയായി  മാറുന്നു. സിനിമയിലെ ഏറ്റവും സങ്കീർണ്ണമായ കഥാപാത്രങ്ങളിലൊന്നാണ് മഗ്ദ.

അവളെ ഒരു ക്രൂരയായ വളർത്തമ്മയായി മാത്രം കാണുന്നത് സിനിമയോടുള്ള അനീതിയാകും. മഗ്ദ വിശ്വസിക്കുന്നു—താൻ ശരിയായ ലോകത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന്. പുതിയ രാഷ്ട്രീയ വ്യവസ്ഥയിൽ അവൾ വിശ്വാസം നേടിയിട്ടുണ്ട്. അധികാരത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ട്. ജൂലിക്ക് ഒരു സുരക്ഷിതമായ ജീവിതം നൽകണമെന്നാണ് അവളുടെ ആഗ്രഹം.

പക്ഷേ അവളുടെ സ്നേഹത്തിനുള്ളിൽ അധികാരത്തിന്റെ ഭാഷ കലർന്നിരിക്കുന്നു. ജൂലി അനുസരിക്കണം. ജൂലി വിശ്വസിക്കണം. ജൂലി ചോദ്യം ചെയ്യരുത്.

ജൂലിയുടെ ഭൂതകാലത്തെക്കുറിച്ചുള്ള സത്യവും മഗ്ദയ്ക്ക് നിർണ്ണയിക്കണം.

ഇവിടെയാണ് മെസാറോസ് ഒരു അസ്വസ്ഥമാക്കുന്ന ചോദ്യം ഉയർത്തുന്നത്: ഒരു മനുഷ്യനെ സംരക്ഷിക്കുന്നതിന്റെ പേരിൽ അവന്റെ സ്വാതന്ത്ര്യം കവർന്നെടുക്കാമോ?

മഗ്ദ ഒരു വ്യക്തി മാത്രമല്ല. അവൾ ഒരു രാഷ്ട്രീയ സംവിധാനത്തിന്റെ മനഃശാസ്ത്രപരമായ രൂപമാണ്. അധികാരം എങ്ങനെ മനുഷ്യരുടെ സ്നേഹത്തിലും ബന്ധങ്ങളിലും ഇടപെടുന്നു എന്നതിന്റെ പ്രതീകമാണ് അവൾ.

അതുകൊണ്ടാണ് മഗ്ദയും ജൂലിയും തമ്മിലുള്ള സംഘർഷം ഇത്ര ശക്തമാകുന്നത്.

ഒരു വശത്ത് - “നിനക്കായി ഞാൻ തീരുമാനിക്കും.”

മറുവശത്ത് - "എന്റെ ജീവിതം ഞാൻ തന്നെ തീരുമാനിക്കും."

ഈ രണ്ട് വാചകങ്ങൾക്കിടയിലാണ് സിനിമയുടെ രാഷ്ട്രീയം. പിതാവിന്റെ ഓർമ്മയും സ്വാതന്ത്ര്യത്തിന്റെ ഇടവുമായ ജാനോസ്, ജൂലിയുടെ ജീവിതത്തിൽ  ഒരു വ്യത്യസ്ത സാന്നിധ്യമാണ്.

മഗ്ദയുടെ ലോകം നിയന്ത്രണത്തിന്റെ ലോകമാണെങ്കിൽ, ജാനോസ് ജൂലിക്ക് തിരഞ്ഞെടുക്കാനുള്ള ഒരു ഇടം നൽകുന്നു. അയാൾ അവളെ ഒരു രാഷ്ട്രീയ പദ്ധതിയുടെ ഭാഗമായി കാണുന്നില്ല. അവളുടെ ചോദ്യങ്ങളെ ഭയപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ജാനോസുമായുള്ള ബന്ധത്തിൽ ജൂലിക്ക് നഷ്ടപ്പെട്ട പിതാവിന്റെ ഓർമ്മയുടെ ഒരു പ്രതിധ്വനി അനുഭവപ്പെടുന്നു.

ഇവിടെ പിതാവ് ഒരു വ്യക്തിയെക്കാൾ വലിയ അർത്ഥം നേടുന്നു. നഷ്ടപ്പെട്ട ഭൂതകാലത്തിന്റെ പ്രതീകമായി അദ്ദേഹം മാറുന്നു.

ജൂലിയ്ക്ക്  തന്റെ പിതാവിനെ  കണ്ടെത്താൻ കഴിയില്ല. പക്ഷേ അദ്ദേഹത്തെക്കുറിച്ചുള്ള





ഓർമ്മകളിലൂടെ അവൾ സ്വന്തം സ്വത്വത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നു.

അതുകൊണ്ട് ജാനോസ് അവൾക്ക് നൽകുന്നത് ഒരു രാഷ്ട്രീയ സിദ്ധാന്തമല്ല. തിരഞ്ഞെടുക്കാനുള്ള അവകാശമാണ്.

Diary for My Children സിനിമയെക്കുറിച്ചുള്ള സിനിമയുമാണ് എന്ന് പറയാം. ജൂലി സിനിമ കാണാൻ പോകുന്ന രംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണ്. യാഥാർത്ഥ്യത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു ഇടം എന്ന നിലയിലാണ് ആദ്യം സിനിമ അവൾക്കു തോന്നുന്നത്. എന്നാൽ അതിനപ്പുറം സിനിമയിലെ രംഗങ്ങൾ  അവളുടെ ഭാവനയ്ക്ക്  പുതിയ വാതിൽ തുറക്കുന്നു.

അധികാരം പറയുന്നു - “ഇതാണ് ലോകം.”

കല ചോദിക്കുന്നു - “ഇതല്ലാതെ മറ്റൊരു ലോകം സങ്കൽപ്പിക്കാനാവില്ലേ?”

അതാണ് സിനിമയുടെ ശക്തി. ജൂലിക്ക് സിനിമ വിനോദമല്ല. സ്വാതന്ത്ര്യത്തെ സങ്കൽപ്പിക്കാനുള്ള ഒരു പരിശീലനമാണ്.

ഒരു അടച്ച സമൂഹത്തിൽ ഭാവന തന്നെ ചിലപ്പോൾ പ്രതിരോധമായി മാറുന്നു. മറ്റൊരു ജീവിതം സങ്കൽപ്പിക്കാൻ കഴിയുന്ന മനുഷ്യനെ പൂർണ്ണമായി നിയന്ത്രിക്കാൻ അധികാരത്തിന് കഴിയില്ല.

അതിനാൽ മെസാറോസിന്റെ സിനിമയിൽ സിനിമയ്ക്കുള്ളിലെ സിനിമ ഒരു അലങ്കാരമല്ല. അത് സ്വാതന്ത്ര്യത്തിന്റെ ഭാഷ തന്നെയാണ്.

സിനിമയിലെ കറുപ്പും വെളുപ്പും അതിന്റെ കാലഘട്ടത്തെ പുനർസൃഷ്ടിക്കുന്ന ഒരു സാങ്കേതിക തിരഞ്ഞെടുപ്പ് മാത്രമായി കാണാനാവില്ല. ഓർമ്മയുടെ ദൃശ്യഭാഷയാണത്. അത് ഓർമ്മയുടെ സ്വഭാവത്തോടും ചേർന്നുനിൽക്കുന്നു.

ഓർമ്മകൾ വർത്തമാനത്തിന്റെ തെളിഞ്ഞ നിറങ്ങളിലുള്ള അനുഭവങ്ങളല്ല. ചിലത് വ്യക്തമായിരിക്കും. ചിലത് മങ്ങിയിരിക്കും. ചിലത് ഇരുട്ടിൽ മറഞ്ഞിരിക്കും. ചിലത് നാം മറക്കാൻ ശ്രമിച്ചാലും വീണ്ടും വീണ്ടും തിരിച്ചുവരും. മെസാറോസ്  ആ ഓർമ്മയുടെ സ്വഭാവത്തെ ദൃശ്യഭാഷയാക്കി മാറ്റുന്നു. അതോടൊപ്പം

യഥാർത്ഥ ചരിത്രദൃശ്യങ്ങളും വാർത്താചിത്രങ്ങളും സിനിമയുടെ സാങ്കൽപ്പിക ലോകത്തിലേക്ക് കടന്നുവരുന്നു. സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിന്റെ രാഷ്ട്രീയ അന്തരീക്ഷവും ജനക്കൂട്ടങ്ങളുടെ ആരാധനയും അധികാരത്തിന്റെ പ്രചാരണഭാഷയും ജൂലിയുടെ സ്വകാര്യജീവിതത്തിനൊപ്പം നിൽക്കുന്നു. അപ്പോൾ  ചരിത്രം തന്നെ ഒരു കഥാപാത്രമായി മാറുന്നു.

ഒരു വീട്ടിലെ നിശ്ശബ്ദതയ്ക്കും ഒരു രാജ്യത്തിന്റെ രാഷ്ട്രീയ ഭീതിയ്ക്കും ഇടയിൽ അദൃശ്യമായ ഒരു നൂൽപ്പാലം രൂപപ്പെടുന്നു.

സ്ത്രീയുടെ സ്വാതന്ത്ര്യം വളരുന്നു,  “ഞാൻ ആരാണ്?” എന്ന ചോദ്യത്തിലേക്ക്.

മെസാറോസിന്റെ സിനിമയെ രാഷ്ട്രീയ സിനിമയായി മാത്രം വായിക്കുന്നതും അപൂർണ്ണമാണ്. ഇത് സ്ത്രീയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സിനിമ കൂടിയാണ്.

ജൂലിയുടെ യാത്ര,  “എന്നെ ആരാണ് സംരക്ഷിക്കുക?” എന്ന ചോദ്യത്തിൽ നിന്ന് “ഞാൻ ആരാണ്?” എന്ന ചോദ്യത്തിലേക്കുള്ള

യാത്രയായി വികസിക്കുന്നു. ഇതാണ് അവളുടെ യഥാർത്ഥ വളർച്ച.

അവൾ ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെ മുദ്രാവാക്യം വിളിക്കുന്നില്ല. അധികാരത്തെ അട്ടിമറിക്കുന്ന വിപ്ലവകാരിയുമല്ല. പക്ഷേ അവൾ തന്റെ ചിന്ത മറ്റൊരാൾക്ക് ഏൽപ്പിക്കാൻ വിസമ്മതിക്കുന്നു.

ജീവിതത്തെ മറ്റൊരാൾ നിർവചിക്കാൻ അവൾ അനുവദിക്കുന്നില്ല. അവളുടെ ഭൂതകാലത്തെക്കുറിച്ചുള്ള സത്യം മറ്റൊരാൾക്ക് സ്വന്തമാക്കാൻ
അനുവദിക്കുന്നില്ല. അതുകൊണ്ടാണ് അവളുടെ ചെറിയ എതിർപ്പുകൾക്ക് വലിയ രാഷ്ട്രീയ അർത്ഥം ലഭിക്കുന്നത്. സ്വന്തം ശബ്ദം സംരക്ഷിക്കുക എന്നത് തന്നെ ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറുന്നു.

ചരിത്രത്തിന്റെ മറ്റൊരു രേഖയാണ് വ്യക്തിസ്മൃതി. സിനിമയുടെ ഏറ്റവും ആഴത്തിലുള്ള തലത്തിൽ എത്തുമ്പോൾ Diary for my children ഒരു ഓർമ്മയുടെ സിനിമയായി മാറുന്നു.

ജൂലി തന്റെ മാതാപിതാക്കളെ അന്വേഷിക്കുന്നു. മെസാറോസ് തന്റെ ബാല്യത്തെ അന്വേഷിക്കുന്നു.

ജൂലി പിതാവിന്റെ അഭാവത്തിൽ നിന്ന് അദ്ദേഹത്തിന്റെ സാന്നിധ്യം പുനർനിർമ്മിക്കാൻ ശ്രമിക്കുന്നു. മെസാറോസ് തന്റെ ഓർമ്മകളിൽ നിന്ന് ഒരു കാലഘട്ടത്തെ പുനർനിർമ്മിക്കുന്നു. ഇവിടെ വ്യക്തിയും സംവിധായികയും തമ്മിലുള്ള അതിർത്തികൾ മങ്ങുന്നു. അതിനാൽ സിനിമ ഒരു ആത്മകഥയാണോ എന്ന ചോദ്യം അത്ര പ്രധാനമല്ല.

പ്രധാനപ്പെട്ട ചോദ്യം മറ്റൊന്നാണ്: സ്വകാര്യ ഓർമ്മയ്ക്ക് ചരിത്രത്തെ ചോദ്യം ചെയ്യാൻ കഴിയുമോ? മെസാറോസിന്റെ മറുപടി വ്യക്തമാണ് : കഴിയും.

കാരണം ഔദ്യോഗിക ചരിത്രം പറയാതെ പോയതെല്ലാം വ്യക്തിയുടെ ഓർമ്മയിൽ ജീവിച്ചേക്കാം. ഒരു രാജ്യത്തിന്റെ രേഖകളിൽ ഒരു മനുഷ്യന്റെ പേര് ഇല്ലാതായേക്കാം. പക്ഷേ ഒരാളുടെ മനസ്സിൽ ആ മനുഷ്യൻ ജീവിച്ചേക്കാം. അങ്ങനെ ഓർമ്മ ചരിത്രത്തിന്റെ മറ്റൊരു രേഖയായി മാറുന്നു.

ഒരു രാജ്യത്തിന്റെ മുറിവ് ജൂലി എന്ന പെൺകുട്ടിയുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ട്. വലിയ രാഷ്ട്രീയ തീരുമാനങ്ങളുടെ വില ഒടുവിൽ അടയ്ക്കുന്നത് സാധാരണ മനുഷ്യരാണ്.

ചരിത്രപുസ്തകങ്ങളിൽ "ഭരണകൂടം", "പാർട്ടി", "ശുദ്ധീകരണം", "രാഷ്ട്രീയ അടിച്ചമർത്തൽ" എന്നൊക്കെയുള്ള വാക്കുകൾ കാണാം. പക്ഷേ സിനിമ ആ വാക്കുകൾക്ക് ഒരു മുഖം നൽകുന്നു. അത് ജൂലിയുടെ മുഖമാണ്. അവളുടെ ഏകാന്തതയാണ്. അവളുടെ കോപമാണ്. അവളുടെ പിതാവിന്റെ അഭാവമാണ്. അവളുടെ ബാല്യത്തിന്റെ നഷ്ടമാണ്. അവളുടെ ഉള്ളിൽ പുകയുന്ന ചോദ്യങ്ങളാണ്. അതുകൊണ്ട് ജൂലി ഒരു വ്യക്തി മാത്രമല്ല. ചരിത്രം തകർത്ത ഒരു തലമുറയുടെ മുഖമാണ് അവൾ.

അവൾക്ക് നഷ്ടപ്പെട്ടത് മാതാപിതാക്കളെ മാത്രം അല്ല. സ്വാഭാവികമായി വളരാനുള്ള അവകാശവും കൂടിയാണ്.

1984-ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ Diary for My Children, Grand Prix നേടി. പിന്നീട് റീസ്റ്റോറേഷൻ

ചെയ്ത രൂപത്തിൽ ചിത്രം Cannes Classics-ലും പ്രദർശിപ്പിക്കപ്പെട്ടു.

എന്നാൽ ഒരു പുരസ്കാരം ഒരു സിനിമയെ ക്ലാസിക് ആക്കുന്നില്ല. കാലം കഴിഞ്ഞിട്ടും അതിലെ ചോദ്യങ്ങൾ മരിക്കാതെ തുടരുമ്പോഴാണ് ഒരു സിനിമ ക്ലാസിക് ആകുന്നത്. Diary for My Children ഇന്നും പ്രസക്തമാകുന്നത് അതുകൊണ്ടാണ്.

അധികാരം സത്യത്തെ നിയന്ത്രിക്കുമ്പോൾ എന്ത് സംഭവിക്കും?

ഒരു കുട്ടിയുടെ ഭൂതകാലത്തെ മറ്റൊരാൾ നിർവചിക്കുമ്പോൾ എന്ത് സംഭവിക്കും?

സ്നേഹത്തിന്റെ പേരിൽ സ്വാതന്ത്ര്യം എടുത്തുകളയാമോ?

ഒരു രാജ്യത്തിന്റെ ഔദ്യോഗിക ചരിത്രവും ഒരു വ്യക്തിയുടെ ഓർമ്മയും ഏറ്റുമുട്ടുമ്പോൾ ഏതാണ് സത്യം?

ഭയത്തിന്റെ അന്തരീക്ഷത്തിൽ സ്വന്തം ശബ്ദം എങ്ങനെ സംരക്ഷിക്കാം?

ഇവ ഹംഗറിയുടെ മാത്രം ചോദ്യങ്ങളല്ല. ഇവ മനുഷ്യന്റെ ചോദ്യങ്ങളാണ്.

Diary for My Children കാണുമ്പോൾ ആദ്യം നമ്മൾ ജൂലിയെ കാണുന്നു. പിന്നീട് മഗ്ദയെ. അതിനുശേഷം ജാനോസിനെ. പിന്നീട് ഒരു കുടുംബത്തെ. അതിനുശേഷം ഒരു നഗരത്തെ. അവസാനം—ഒരു കാലഘട്ടത്തെ. ഇതാണ് മെസാറോസിന്റെ സിനിമയുടെ അത്ഭുതം.

അവൾ വലിയ ചരിത്രത്തെ ഒരു ചെറിയ ജീവിതത്തിലേക്ക് ചുരുക്കുന്നു. അതേ സമയം ആ ചെറിയ ജീവിതത്തിനുള്ളിൽ ഒരു വലിയ ചരിത്രത്തെ ഒളിപ്പിക്കുകയും ചെയ്യുന്നു.

ജൂലി തന്റെ മാതാപിതാക്കളെ അന്വേഷിക്കുമ്പോൾ യഥാർത്ഥത്തിൽ അവൾ അന്വേഷിക്കുന്നത് തന്റെ സ്വന്തം വ്യക്തിത്വത്തെയാണ്.

മെസാറോസ് തന്റെ ബാല്യത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, അവൾ ഒരു വ്യക്തിയുടെ ഓർമ്മ മാത്രം രേഖപ്പെടുത്തുന്നില്ല; ഒരു തലമുറയുടെ മുറിവാണ് രേഖപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ഈ

സിനിമയെ ഒരു പെൺകുട്ടിയുടെ വളർച്ചയുടെ കഥയായി മാത്രം വിശേഷിപ്പിക്കുന്നത് അതിന്റെ ആഴത്തെ ചുരുക്കിക്കളയുന്നതായിരിക്കും. ഇത് ഓർമ്മയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള സിനിമയാണ്.

ഇത് അധികാരത്തിനെതിരെയുള്ള വ്യക്തിയുടെ നിശ്ശബ്ദ പ്രതിരോധത്തിന്റെ സിനിമയാണ്.

ഇത് സ്ത്രീയുടെ സ്വയം കണ്ടെത്തലിന്റെ സിനിമയാണ്.

ഇത് ചരിത്രത്തിന്റെ കാരണം ഔദ്യോഗിക ശബ്ദത്തിന് എതിരായി വ്യക്തിസ്മൃതിയെ ഉയർത്തിപ്പിടിക്കുന്ന സിനിമയാണ്.

അതിലുപരി  ചരിത്രത്തെ മറച്ചുവെക്കാൻ കഴിയുമെങ്കിലും ഓർമ്മയെ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിക്കുന്ന സിനിമയാണ്.

ഒരു  ഡയറി തുറക്കുമ്പോൾ അതിനുള്ളിൽ ഒരു കുടുംബത്തിന്റെ കഥ മാത്രമല്ല കാണുന്നത്. അവിടെ ഒരു രാജ്യത്തിന്റെ ഭയം ഉണ്ട്. ഒരു തലമുറയുടെ നഷ്ടമുണ്ട്. ഒരു പിതാവിന്റെ

അഭാവമുണ്ട്. ഒരു പെൺകുട്ടിയുടെ കോപമുണ്ട്. സ്വാതന്ത്ര്യത്തിനായുള്ള അവളുടെ അടങ്ങാത്ത ആഗ്രഹമുണ്ട്.

സ്വന്തം ജീവിതത്തിന്റെ കഥ മറ്റൊരാൾ എഴുതാൻ അനുവദിക്കാത്ത ഒരു മനുഷ്യന്റെ ശബ്ദമുണ്ട്. അതാണ് മാർത്ത മെസാറോസിന്റെ Diary for My Children.

ഒരു ഡയറിയിൽ നിന്ന് ആരംഭിച്ച് ഒരു രാജ്യത്തിന്റെ ചരിത്രത്തിലേക്ക് എത്തുന്ന സിനിമ. ഇത് ഇളംതലമുറയ്ക്കായുള്ള മാർത്തയുടെ ഓർമ്മക്കുറിപ്പാണ്.



# ഡയറി ഫോർ മൈ ചിൽഡ്രൻ

(കവിത)



**രാജാംബിക**

( വൈസ് പ്രസിഡന്റ് , ഫിൽക്ക )

Film Vision Digital Magazine September 2026

ജൂലി,

ദിനക്കുറിപ്പുകളിൽ നീ മിഴിതുറക്കുന്നു

കാതോർക്കുക , നിറമില്ലാത്ത ചുവരിന്റെ
സ്നേഹമന്ത്രണം.

ചരിത്ര സംഗ്രാമ ഭൂമിയിൽ വേർപെട്ട

ചിറകുമായി ബാല്യ കൗമാരങ്ങൾ

മുറിഞ്ഞ ഹൃദയത്തിൻ പാതിയിൽ

മുനിഞ്ഞുവിങ്ങുന്നു നനവുള്ളയോർമ്മകൾ

വിടരുന്നു നീ കനൽവഴികളിൽ ഏകയായി

വിളങ്ങുന്നു മാർത്തതൻ ദൃശ്യശില്പങ്ങളിൽ.

ജാലകങ്ങളില്ലാ നാലുചുവരുകളിൽ തട്ടി

ജ്വരബാധിത വിചാരണയ്ക്കൊടുവിൽ

ചുവപ്പ്  സൈന്യം ഞെരിച്ചമർത്തിയ

ശില്പിതൻ ചിലമ്പിച്ച പ്രാണൻ....!

ജൂലി ,

അകലെ എവിടെയോ  മാറ്റൊലി കൊള്ളുന്നുവോ

അടർന്നുവീഴുന്നുവോ കുടുംബത്തിൻ്റെ നെടുംതൂണുകൾ...!

നിനവുകളിൽ ആ കാഴ്ചയോടിയെത്തുന്നു

നിലവിളികൾ , ഓമന പുത്രിനിൻ ഓർമ്മകൾ



ജൂലി ,

രണ്ടാമത് വയറ്റു കണ്ണിയാമൊരു പെണ്ണിൻ്റെ
വസ്ത്രാഞ്ചലത്തിൽ അമർത്തിപ്പിടിച്ച കുഞ്ഞിക്കൈകളും

ആശ്രയം തേടുന്നു ഒരിടം

പരിരക്ഷ കിട്ടാതെ പ്രാണൻ വെടിഞ്ഞു അമ്മയും

ഉദരത്തിലെ, ഒന്നുമറിയാത്ത പൈതലും...!

ജൂലി ,

വേരുകൾ ചീഞ്ഞു , സ്നേഹനാഡികൾ വരണ്ടു ,

കപോലങ്ങളിൽ കണ്ണീരുപ്പ് വറ്റിവരണ്ട ചാലുകൾ

നിലനിൽപ്പിനായൊരു കുഞ്ഞു ചെടി ,

വാടിയ ഇലകളാൽ തേടിയൊരു സാന്ത്വനം

ചുവപ്പ് കൊടികൾക്ക് നടുവിൽ.

ജൂലി ,

അനാഥാലയം , പലായനം , വീണ്ടും സ്വദേശവാസം

അകത്തും പുറത്തും അധികാരം
ഉടലിലണിഞ്ഞവൾ മാഢ
ഏറ്റെടുക്കുന്നു , സകലതും സൈനിക വസതിയിൽ
കൗമാരക്കാരിനിൻ വളർച്ചയിൽ കരുതലോടെ.
ചുവരുകൾക്കുള്ളിൽ ഇരുനിറ രാഷ്ട്രീയം !

ചലിക്കുന്നുവെല്ലാം അധികാരത്തിൻ കീഴിൽ !

സ്നേഹത്തിലും ബന്ധങ്ങളിലും കൈകടത്തലുകൾ

നിനക്കായി എല്ലാം തീരുമാനിക്കുമെന്നപോൽ !

ജൂലി ,

ചരിത്രത്തിന്റെ ഇടനാഴിയിൽ നിന്ന്

സ്വന്തം ശബ്ദത്തിലേക്ക് വളരുന്ന പെണ്ണവൾ നീ.

ഉള്ളിൽ ഉറങ്ങിക്കിടക്കുന്നു വിമൂകം

കോപവും താപവും സ്വാതന്ത്ര്യ മോഹവും

ഓർമ്മ വടംവലിക്കുന്നു , "
ഒരുനാൾ വരുമെൻ പിതാവ് "

തുലാസിലാടുന്ന പ്രതീക്ഷയുടെ
നുറുങ്ങുവെട്ടവുമായി നീ.

ജൂലി ,

നിൻസ്വത്വവും അതിന്റെ നിർവചനവും

അധിനിവേശ രാഷ്ട്രീയ പാകപ്പിഴകളും

നേർസാക്ഷ്യപത്രമാണീ താളിലെ കോറലുകൾ

മറച്ചുവെയ്ക്കാനാവില്ല ഉന്മൂലന ചരിത്രം.

ചിന്തകൾതൻ സഞ്ചാരപഥം ഭ്രാന്തമാവുന്ന

കുരുക്കുകൾ സങ്കീർണ്ണത ഏറ്റുന്നുവോ...

" എല്ലാം മറക്കുക " അധികാരം മുറവിളി കൂട്ടുന്നു

ചരിത്രം തകർത്ത ഒരു തലമുറയുടെ മുഖമാണ് നീ.

കലാകാരൻ എതിർക്കുന്നു അന്യമാം നിബന്ധനകൾ

കലയുടേതല്ലാത്ത ഒരു ലോകം സങ്കൽപ്പിക്കാൻ ആവില്ല

സ്വതന്ത്ര ഭാവന തന്നെ പ്രതിരോധമാകാം

വർത്തമാനത്തിന്റെ നിറംമങ്ങിയ നേരനുഭവങ്ങൾ.

ജൂലി ,

സംഭവിക്കുന്നത് ഒക്കെയും കണക്കുകൂട്ടലുകൾക്കപ്പുറം

ഭയത്തിന്റെ അന്തരീക്ഷത്തിൽ സ്വന്തം ശബ്ദമുള്ളവൾ

വലിയ ചരിത്രത്തെ, ചെറിയ ജീവിതത്തിലേക്ക് ചുരുക്കുന്നു നീ ,

ചെറിയ ജീവിത വലയത്തിൽ

വലിയ ചരിത്രത്തെ സൂക്ഷിക്കുന്നു നീ.

സ്ത്രീയുടെ നിശബ്ദ പ്രതിരോധം

അധികാരത്തിനെതിരെയുള്ള ഉപരോധം

സ്വയം കണ്ടെത്തലിന്റെ കഥതൻ
ചുരുളുകളഴിക്കുന്ന എഴുത്തു സൂക്ഷിപ്പുകൾ,
വന്യമായ ഏകാന്തതയും.

ഒരു രാജ്യത്തിന്റെ ഭയം ,

ഒരു തലമുറയുടെ നഷ്ടം ,

ഒരു പിതാവിന്റെ അഭാവം

പരിഹരിക്കാനാകാത്ത നിന്റെ നഷ്ടങ്ങൾ...

ജൂലി ,

വീണ്ടുമൊരു കൂടുമാറ്റം ,
സ്വദേശമെന്നൊരു സ്വപ്നക്കൂട്

ആശ്വാസ വചനങ്ങളും സ്നേഹസാമീപ്യവും

പകർന്നു തരാൻ ജാനോസ് ,

പിതാവിന്റെ ആത്മമിത്രം എത്തിനിൽക്കുന്നതോ

പിതാവിന്റെ അവസ്ഥയിൽ.

അകലം തീർത്ത ഇരുമ്പഴികൾക്ക് അപ്പുറം

തൊട്ടു തഴുകാൻ വെമ്പി ,

നിരാശരാകുന്ന വിരലുകൾ

കണ്ടു മതി വരാത്ത നോട്ടം ,

ഇനിയും കാണുമോ ?,

ഉറപ്പില്ലാത്ത വാഗ്ദാനങ്ങൾ ,

വേർപിരിയലിന്റെ അവസാന നിമിഷങ്ങൾ

പ്രാണൻ പ്രാണനിലർപ്പിച്ചു നിരാശയാൽ

ഹതാശയരായ ആശ്രിതർ.

ജൂലി ,

ഈ ദിനക്കുറിപ്പുകൾ തലമുറകൾക്കുള്ളത്
വേർപിരിക്കാൻ അവർ വരുന്നു , സുധീരം കാണുക ,

യൂണിഫോം അണിഞ്ഞ നീണ്ടു നിവർന്ന ഇടനാഴികൾ

കാതോർക്കുക ,
നിറമില്ലാത്ത ചുവരിന്റെ സ്നേഹമന്ത്രണം.

# അറോറ ബൊറിയാലിസ് : നോർത്തേൺ ലൈറ്റ്സ്

വിനോദ് കുമാർ. പി (ഫിൽക്ക)



സ്ത്രീസഹജമായ ഭാവനയോടെയും സംവേദനക്ഷമതയോടെയുമാണ് സംവിധായക ആഴത്തിൽ വിശകലനം ചെയ്യുന്നത്.
ഒരേസമയം പുതിയ കാലവും പഴയകാലവും ഇഴ ചേർത്ത് മനോഹരമായി എന്നാൽ ഉദ്വോഗജനകമായി അവതരിപ്പിച്ചിരിക്കുന്നു.

**പ്ര**ശസ്ത ഹംഗേറിയൻ ചലച്ചിത്രസംവിധായിക മാർത്ത മെസാറോസ് സംവിധാനം ചെയ്ത് 2017 ൽ പുറത്തിറങ്ങിയ ചിത്രമാണ് നോർത്തേൺ ലൈറ്റ്സ്.

യുദ്ധാനന്തര യൂറോപ്പിന്റെ പശ്ചാത്തലത്തിൽ ഒരമ്മയും മകളും തമ്മിലുള്ള ബന്ധത്തിന്റെ ആഴമേറിയതും അപ്രതീക്ഷിതമായ

വഴിത്തിരിവുകൾ നിറഞ്ഞതുമായ കഥയാണ് ഈ ചിത്രത്തിൻറെ ഇതിവൃത്തം.

ഹംഗറിയിൽ ജീവിക്കുന്ന വൃദ്ധയായ മരിയയ്ക്ക് ഒരു യുവതിയുടെ ഫോട്ടോ ഉള്ളടക്കം ചെയ്ത കത്ത് കിട്ടുന്നു. ശേഷം അവർ അസ്വസ്ഥയാവുകയും തുടർന്ന് ഹോസ്പിറ്റലിലാവുകയും ചെയ്യുന്നു.



കോമയിലായ മരിയയെ കാണാൻ വിയന്നയിൽ നിന്നും  മകൾ ഓൾഗയും ചെറുമകൻ റോബർട്ടും എത്തുന്നു.

അമ്മ പെട്ടെന്ന് കോമയിലായതിന്റെ കാരണം കണ്ടെത്താൻ ഓൾഗ ശ്രമിക്കുന്നു.  തുടർന്ന് അമ്മയുടെ സ്വകാര്യവസ്തുക്കൾ

പരിശോധിക്കുന്നു. അങ്ങനെ തന്റെ ജീവിതത്തെക്കുറിച്ച് തന്നെ പുനർചിന്തനം നടത്താൻ പ്രേരിപ്പിക്കുന്ന രഹസ്യം അവൾ തേടുന്നു.

മകൻ റോബർട്ടിനോട് സ്റ്റെഫാൻ അല്ല അവന്റെ യഥാർത്ഥ അപ്പൂപ്പനെന്ന് ഓൾഗ പറയുന്നു.

യുവതിയായിരിക്കുമ്പോൾ മരിയയുടെ കാമുകനായിരുന്ന അക്കോസാണ് ഓൾഗയുടെ യഥാർത്ഥ അച്ഛൻ.

ഇതിനിടെ മരിയ രോഗവിമുക്തയാകുന്നു. മരിയ മകളോട് മനസ്സ് തുറക്കുന്നു. 1950 കളിലെ റഷ്യൻ അധിനിവേശ ഹംഗറിയിലെ പ്രക്ഷുബ്ധമായ കാലഘട്ടത്തിലെ സംഭവങ്ങൾ ഓർമ്മിക്കുന്നു.

കമിതാക്കളായ മരിയയും അക്കോസും ഹംഗറിയിൽ നിന്നും  ഓസ്ട്രേലിയയിലേക്ക് അതിർത്തികടന്ന്  രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. എന്നാൽ റഷ്യൻ സൈന്യത്തിന്റെ വെടിയേറ്റ് അക്കോസ് കൊല്ലപ്പെടുന്നു. റഷ്യൻ സൈനികരാൽ ബലാത്സംഗം ചെയ്യപ്പെടുന്ന മരിയ ഓടിരക്ഷപ്പെടാൻ ശ്രമിക്കവേ സ്റ്റെഫാൻ സഹായത്തിന് എത്തുകയും അവളെ

അക്കോസിന്റെ ബന്ധുക്കളുടെ വീട്ടിൽ എത്തിക്കുകയും ചെയ്യുന്നു.

അക്കോസിന്റെ ബന്ധുവായ എഡിത് എന്ന യുവതി മരിയയെ ഒരു കന്യാസ്ത്രീ മഠത്തിലാക്കുന്നു. അധികം താമസിയാതെ മരിയ താനൊരു ഗർഭിണിയാണെന്ന് മനസ്സിലാക്കുന്നു. മരിയയും എഡിതും ആ മഠത്തിൽ തന്നെ ഒരുമിച്ച് പ്രസവിക്കുന്നു.

തന്റെ കാമുകൻ റഷ്യൻ സൈനിക ഉദ്യോഗസ്ഥനായ ആന്റനെ തേടി പുറപ്പെടുന്ന എഡിത് തന്റെ കുഞ്ഞിനെ മരിയയെ ഏൽപ്പിക്കുന്നു. അധികം വൈകാതെ എഡിതിനെ സൈന്യം പിടികൂടുന്നു.

എഡിതിന്റെ കുഞ്ഞിനെ അന്വേഷിച്ചെത്തിയ സൈനികർക്ക് മരിയ സ്വന്തം കുഞ്ഞിനെ നൽകുന്നു. എഡിത് മരണപ്പെട്ടതായി മരിയ പിന്നീട് അറിയുന്നു.

ശേഷം മരിയ സ്റ്റെഫാനെ വിവാഹം കഴിക്കുന്നു. ഒപ്പം എഡിതിന്റെ കുഞ്ഞിനെ വളർത്തുന്നു. എഡിതിന്റെ കുഞ്ഞാണ് ഓൾഗ.

അമ്മേയിൽ നിന്നും രഹസ്യം മനസ്സിലാക്കുന്ന ഓൾഗ പൊട്ടികരയുന്നു. മരിയയുടെ യഥാർത്ഥ മകളെ കണ്ടെത്താൻ വേണ്ടി ഓൾഗയും അവളുടെ ഭർത്താവും പുറപ്പെടുന്നു.

രണ്ട് വർഷങ്ങൾക്കു മുമ്പ് എഡിതിന്റെ കാമുകന്റെ വീട്ടിൽ അന്ന എന്നൊരു പെൺകുട്ടി അവളുടെ മാതാപിതാക്കളെ അന്വേഷിച്ച് പോയതായി ഓൾഗ കണ്ടെത്തുന്നു.

ആ വീട്ടിൽ നിന്നും  കിട്ടിയ അന്നയുടെ ഫോട്ടോ റോബർട്ട് മരിയയ്ക്ക് കാണിച്ചുകൊടുക്കുന്നു.

ഫോട്ടോ കണ്ട മരിയ അന്ന എന്ന് വിളിച്ച് സന്തോഷത്തോടെ പുറത്തേക്കിറങ്ങി ഒരു കസേരയിൽ  ഇരുന്ന് ഇഹലോകവാസം വെടിയുന്നു.

മരിയയുടെ പ്രതിച്ഛായ ആയ ഓൾഗ കടപ്പുറത്ത് ധ്രുവദീപ്തി കാണുന്ന രംഗത്തോടെ ചിത്രം അവസാനിക്കുന്നു.

ജീവിതത്തിന്റെ അസ്ഥിരത, യുദ്ധത്തിന്റെ മുറിവുകൾ, സത്യം മൂടിവയ്ക്കുന്നതിലൂടെയുണ്ടാകുന്ന

മാനസികാഘാതങ്ങൾ തുടങ്ങിയ പ്രമേയങ്ങളെ സ്ത്രീസഹജമായ ഭാവനയോടെയും സംവേദനക്ഷമതയോടെയുമാണ് സംവിധായക ആഴത്തിൽ വിശകലനം ചെയ്യുന്നത്.

ഒരേസമയം പുതിയ കാലവും പഴയകാലവും ഇഴ ചേർത്ത് മനോഹരമായി എന്നാൽ ഉദ്വേഗജനകമായി അവതരിപ്പിച്ചിരിക്കുന്നു. കൂടാതെ അഭിനേതാക്കളുടെ പ്രകടനവും എടുത്തു പറയേണ്ടതാണ്.

ചിക്കാഗോ ഫെസ്റ്റിവൽ അവാർഡ് ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ഈ ചിത്രത്തിന് ലഭിച്ചു.





# ഡയറി ഫോർ മൈ ലവ്സ്

ജോൺ തോമസ്
(ഫിൽക്ക)

*സ്വന്തം ജീവിതാനുഭവങ്ങളും ഭാവനയും ഉൾച്ചേർന്നതാണ് മാർത്ത മെസോറോസിന്റെ എല്ലാ സിനിമകളും പ്രത്യേകിച്ചും ഡയറിത്രയങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന സിനിമകൾ.*

**ഹം**ഗറിയിലെ ആദ്യ വനിതാ സംവിധായിക ലോക സിനിമയിലെ ശ്രദ്ധേയരായ സിനിമാ സംവിധായകരിൽ ഒരാളായി മാറുന്ന കാഴ്ചയാണ് മാർത്ത മെസോറോസിന്റെ സിനിമാ ജീവിതത്തിലൂടെ നാം ദർശിക്കുന്നത്.

ഗേൾ, അഡോപ്ഷൻ, നയൻ മന്ത്സ് തുടങ്ങിയ ചിത്രങ്ങളിലൂടെ ചലച്ചിത്ര ലോകത്ത് തന്റെ സാന്നിധ്യം അറിയിച്ച മാർത്ത

ഡയറിത്രയങ്ങളിലൂടെയും അറോറ ബൊറിയാലസ് തുടങ്ങിയ പില്ക്കാല ചിത്രങ്ങളിലൂടെയും അനിഷേധ്യയായ സംവിധായകയാണ് താനെന്ന് തെളിയിച്ചു. വ്യത്യസ്തമായ പ്രമേയം, ശൈലി എന്നിവയിലൂടെ ശ്രദ്ധേയമായ ചിത്രങ്ങളിലൂടെ 1970കളിലും 80കളിലും 90കളിലും ഹംഗേറിയൻ സിനിമയെ  അടക്കിവാണവരായിരുന്നു മാർത്താ മെസോറോസും അവരുടെ ജീവിത പങ്കാളിയായിരുന്ന സംവിധായകൻ മിക്ക്ലോസ് യാങ്ചോയും.

ഡയറിത്രയങ്ങളിൽ ആദ്യ ചിത്രം 1984ൽ ഇറങ്ങിയ 'ഡയറി ഫോർ മൈ ചിൽഡ്രൺ ' ആണ്. ഇതിന്റെ തുടർച്ചയായിട്ടാണ് രണ്ടാമത്തെ ചിത്രമായ "ഡയറി ഫോർ മൈ ലവ്സ്' അഥവാ 'ഡയറി ഫോർ മൈ ലവേഴ്സ് ' 1987 ൽ രൂപം കൊള്ളുന്നത്. 1990 ൽ നിർമ്മിച്ച 'ഡയറി ഫോർ മൈ ഫാദർ ആൻഡ് മദർ' ആണ് ഡയറിത്രയങ്ങളിലെ  അവസാന ചിത്രം.

സ്വന്തം ജീവിതാനുഭവങ്ങളും ഭാവനയും ഉൾച്ചേർന്നതാണ് മാർത്ത മെസോറോസിന്റെ എല്ലാ സിനിമകളും പ്രത്യേകിച്ചും ഡയറിത്രയങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന  സിനിമകൾ.

പാരുഷ്യമാർന്നതും തുടർച്ചയില്ലാതെ ശ്ലഥ രൂപത്തിലുള്ള ബാല്യകാല അനുഭവങ്ങളാണ് ഡയറി ഫോർ മൈ ചിൽഡ്രണിൽ ആവിഷ്കരിച്ചത്. സംവിധായികയുടെ  അപര വ്യക്തിത്വമായ "ജൂലി"യാണ് ഡയറി ഫോർ മൈ ലവ്സിലെ നായിക.

സ്റ്റാലിനിസ്റ്റ് ശുദ്ധീകരണ പ്രക്രിയയുടെ ഇരയായിരുന്ന സ്വന്തം പിതാവിനെ ഭരണവർഗ്ഗം ഒരിക്കലും തിരിച്ചു വരാത്ത തരത്തിൽ തട്ടിക്കൊണ്ടുപോകുന്നത് കണ്ടുനിന്ന ബാല്യമായിരുന്നു അവളുടേതെങ്കിൽ കൗമാര ത്തിലെത്തുമ്പോഴേക്കും അച്ഛനും അമ്മയും ഇല്ലാത്ത അനാഥത്വം നിറഞ്ഞ ജീവിതമായി അത് മാറി.

കൗമാര കാലത്ത് ഹംഗറിയിൽ അനാഥയായ ജൂലി അടുത്തിടപഴകിയിരുന്നത്  ഒരാളുമായി മാത്രം.  നാടുകടത്തപ്പെട്ട അച്ഛനുമായി സാദൃശ്യമുള്ള യാനോസ് എന്ന മനുഷ്യനുമായി മാത്രം. എന്നാൽ രാഷ്ട്രീയ കാരണങ്ങളാൽ അയാൾ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ അത് അവളുടെ ജീവിതത്തിൽ ഒരു പരിവർത്തനത്തിന്

ഇടയാക്കുന്നു. തന്റെ വളർത്തമ്മയുടെ ഭവനത്തിലെ വാസം ഇക്കാരണത്താൽ അവൾ ഉപേക്ഷിക്കുകയാണ്. വളർത്തമ്മ മാദ പാർട്ടി ഘടകത്തോട് ചേർന്ന് നിന്ന് പാർട്ടി ശ്രേണിയിൽ സ്ഥാനക്കയറ്റം നേടുകയും ഒരു വസ്ത്ര നിർമ്മാണ ഫാക്ടറിയിൽ ജോലി  തരപ്പെടുത്തുകയും ചെയ്തവളാണ്.

സിനിമയുടെ ആരംഭത്തിൽ യാനോസിന്റെ അറസ്റ്റിനെ തുടർന്ന് വീടുവിട്ടുപോകുന്ന ജൂലിയെയാണ് നാം കാണുന്നത്. തനിക്കുള്ള പാർട്ടി സ്വാധീനം ഉപയോഗിച്ച് വളർത്തമ്മ ജൂലിയെ കണ്ടെത്തി വീട്ടിലേക്ക് തിരികെ കൊണ്ടുവരികയും തുടർന്ന് ഇക്കണോമിക്സ് പഠിക്കാൻ  മോസ്കോയിലേക്ക് അയക്കുകയും ചെയ്യുന്നു. സിനിമ  സംവിധായകയായി തീരണമെന്ന മോഹം ഉള്ളിൽ സൂക്ഷിച്ചിരുന്ന ജൂലി മോസ്കോയിൽ ഇക്കണോമിക്സിനു പകരം സിനിമാ നിർമ്മാണ കോഴ്സിനാണ്  ചേരുന്നത്.

അവിടെ അവളുടെ രാഷ്ട്രീയ ധാരണകൾ ശക്തിപ്പെടുകയും കുഴിച്ചുമൂടപ്പെട്ട ഭൂതകാലം

പുറത്തു കൊണ്ടുവരാനുള്ള അദമ്യമായ ആഗ്രഹം വളരുകയും ചെയ്യുന്നു.

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം , ഡോക്യുമെന്ററി ഫിലിം നിർമ്മാണം , യാഥാർത്ഥ്യങ്ങൾ ചിത്രീകരിക്കുന്നതിലൂടെ അധികൃതരുമായുള്ള പ്രശ്നങ്ങൾ ,കലയുടെ സൗന്ദര്യശാസ്ത്ര വീക്ഷണത്തിലെ വൈരുധ്യങ്ങൾ , സർകാർ നിർബന്ധങ്ങൾ , അറസ്റ്റ് ചെയ്യപ്പെട്ട തന്റെ പിതാവിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവ ജൂലിയുടെ മോസ്കോ ജീവിതത്തിലുണ്ട്.



ഈ ശ്രമത്തിനിടയിൽ പ്രസിദ്ധ നടിയും സാമൂഹിക രാഷ്ട്രീയ മേഖലകളിൽ





സ്വാധീനമുള്ളവളുമായ അന്ന പാവ് ലോവ, നടാഷ എന്ന മറ്റൊരു സുന്ദരിയായ അഭിനേത്രി എന്നിവരുമായൊക്കെ ജൂലി സൗഹൃദ ത്തിലാകുന്നു. കൂടാതെ മാഗ്ദയെ സമ്മർദ്ദത്തിലാക്കി അവരിലൂടെ സമൂഹത്തിൽ നിന്നും ബഹിഷ്കൃതനായ യാനോസിന്റെ മകനെയും അവൾ പരിചയപ്പെടുന്നു.

ഡോക്യുമെൻററി ഫുട്ടേജുകൾ കൂടി ഉപയോഗിച്ചുള്ള ഈ  സിനിമ , കളറിൽ നിന്നും ബ്ലാക്ക് ആൻഡ് വൈറ്റിലേക്കും തിരിച്ചും ഇടവിട്ട് സഞ്ചരിക്കുന്നു. അതിലൂടെ ചരിത്രപരമായ യാഥാർഥ്യത്തെ  ഭാവനയുമായി ഇഴ ചേർത്ത് അവതരിപ്പിച്ചിരിക്കുന്നു.

സ്റ്റാലിന്റെ ജീവിതത്തിലെ പല ഘട്ടങ്ങളും ഈ സിനിമയിലെ ഭൂതകാലാവിഷ്കരണത്തിന്റെ ഭാഗമായി ബ്ലാക്ക് ആൻഡ് വൈറ്റിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.  1953 - ലെ സ്റ്റാലിന്റെ മരണം ഈ ചിത്രത്തിലെ ഒരു നിർണായക സന്ദർഭമാണ്. തുടർന്നുണ്ടാകുന്ന അധികാരമാറ്റങ്ങളും പ്രതീക്ഷകളും  നിരാശകളും രാഷ്ട്രീയ സങ്കീർണ്ണതകളും ജൂലിയെ അലട്ടുന്നുണ്ട്.





പിതാവ്  കൊല്ലപ്പെട്ടുവെന്ന് ജൂലിയ്ക്ക് സങ്കൽപ്പിക്കാൻ പോലും കഴിയുന്നില്ല. അവളുടെ മനസ്സിൽ   മാതാപിതാക്കളെ കുറിച്ചുള്ള ഓർമ്മ ഒരു അഗാധവേദനയായി  നിലനിൽക്കുന്നുണ്ട്. 1956 ലെ ഹംഗേറിയൻ വിപ്ലവത്തിന്റെ ആരംഭ ദശ ചിത്രീകരിക്കുന്നതോടെ , ഹംഗറിയിലേക്ക് തിരികെ പോകാനുള്ള പരിശ്രമത്തോടെ   സിനിമ അവസാനിക്കുന്നു.

മോസ്കോയിൽ തുടരാനുള്ള പ്രലോഭനങ്ങൾ പലതും ഉണ്ടായിട്ടും മാറിയ രാഷ്ട്രീയ കാലാവസ്ഥയുള്ള ജന്മനാട്ടിലേക്ക് മടങ്ങാനുള്ള തീരുമാനം കൈക്കൊള്ളുന്ന ജൂലിയെ ചിത്രീകരിച്ചു കൊണ്ടാണ് സിനിമ അവസാനിക്കുന്നത്.

സോവിയറ്റ് ബ്ലോക്കിലുൾപ്പെട്ടിരുന്ന ഹംഗറിയിലെ മാർത്ത മെസാറോസിന്റെ ജീവിതത്തിന്റെ പ്രാരംഭ കാലത്ത്ക്ക് വെളിച്ചം വീശുന്ന 'ഡയറി ഫോർ മൈ ചിൽഡ്രൺ ' എന്ന ഡയറിത്രയങ്ങളിലെ ആദ്യ ചിത്രം അധികാര ശക്തിയാൽ ഉന്മൂലനം ചെയ്യപ്പെട്ട തന്റെ പിതാവിനെയും അത്തരം ഒരു സമഗ്രാധിപത്യ

ഭരണകൂടത്തിന് കീഴിൽ ജീവിക്കേണ്ടി വരുമ്പോൾ അനുഭവിക്കേണ്ടി വരുന്ന സങ്കീർണതകളെയും കുറിച്ചാണ് പ്രതിപാദിച്ചത്. എന്നാൽ രണ്ടാമത്തെ ചിത്രമായ ഡയറി ഫോർ മൈ ലൗവ്സ് പ്രണയത്തേക്കാൾ ഉപരി ആശയപരമായ പ്രതിബദ്ധത, സത്യസന്ധത, രാഷ്ട്രീയമായ സമ്മർദ്ദങ്ങൾക്കിടയിലും സത്യം തെരയാനുള്ള വിട്ടുവീഴ്ചയില്ലാത്ത ത്വര എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

ചരിത്രപരവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങൾക്കുള്ളിൽ പ്രതിഷ്ഠിക്കപ്പെട്ട വ്യക്തിത്വമാണ് ഡയറി ഫോർ മൈ ലൗവ്സിലെ നായിക.  നായികയുടെ ഓർമ്മകൾക്ക്  ഊന്നൽ നൽകി ഡോക്കുമെൻററി ശൈലി കൂടി അവലംബിച്ചുകൊണ്ട് സത്യാന്വേഷണത്തെ മുൻനിർത്തിയുള്ള വസ്തുനിഷ്ഠമായ കഥന രീതി ഈ സിനിമയിൽ അവലംബിച്ചിട്ടുണ്ട്.

വ്യക്തി ബന്ധങ്ങൾക്ക് ഒപ്പം കലയും സിനിമയും മാനവ സ്വാതന്ത്ര്യം വെളിവാക്കുന്ന ഘടകങ്ങളായി  വർത്തിക്കുന്നത് എപ്രകാരമെന്ന് ഡയറി ഫോർ മൈ ലൗവ്സ് ചൂണ്ടിക്കാട്ടുന്നു.

പഠനാർത്ഥം മോസ്കോയിൽ എത്തിയ ജൂലി കണ്ടത് അധികാര രാഷ്ട്രീയം തലയ്ക്കുപിടിച്ച ഭരണാധികാരികളെയും സ്ഥാപന മേധാവികളെയുമാണ്. എന്നാൽ ഇതിനിടയിലും മാനുഷിക മുഖവും മനുഷ്യത്വവും കരുണയും സ്നേഹവും ദർശിക്കുവാൻ അവൾക്ക് കഴിയുന്നു. ഭൗതികമായ വിശ്വാസപ്രമാണം അടിസ്ഥാന ശിലയായി സ്വീകരിച്ച ഭരണകൂടത്തിന്റെ പ്രതിനിധിയായി പ്രവർത്തിക്കുമ്പോഴും താനൊരു ഈശ്വര വിശ്വാസിയാണെന്ന് ജൂലിക്ക് മുമ്പിൽ ഏറ്റുപറയുന്ന ഉന്നത ഉദ്യോഗസ്ഥനെയും റഷ്യയിൽ അവൾ കണ്ടുമുട്ടുന്നുണ്ട് .

ചലച്ചിത്രകാരന്മാർ ഉൾപ്പെടെയുള്ള കലാകാരന്മാരും സാമാന്യ ജനങ്ങളിൽ വലിയൊരു വൃന്ദവും സോവിയറ്റ് യൂണിയൻ നേതൃത്വം നൽകുന്ന കിഴക്കൻ യൂറോപ്പിലെ സമഗ്രാധിപത്യ സ്വഭാവമുള്ള ഭരണ വ്യവസ്ഥയ്ക്കെതിരാണെന്നും ആ ഭരണകൂടങ്ങൾ ഒക്കെ തന്നെ അവയുടെ ആന്തര വൈരുദ്ധ്യങ്ങളാൽ കടപുഴകി വീഴുമെന്നും  സൂചന നൽകുന്ന ഏതാനും സിനിമകൾ 1988 ൽ  തിരുവനന്തപുരത്ത്  ഇന്ത്യാ ഗവണ്മെന്റ്  നടത്തിയ ചലച്ചിത്രമേളയിൽ

ഉണ്ടായിരുന്നു. അതിലൊന്നായിരുന്നു 'ഡയറി ഫോർ മൈ ലവ്സ് '. സോവിയറ്റ് യൂണിയൻ അടക്കമുള്ള ഈസ്റ്റേൺ ബ്ലോക്ക് രാജ്യങ്ങളിലെ ഭരണ വ്യവസ്ഥയ്ക്ക് 1991- ൽ മാറ്റം കുറിച്ചതോടെ , മൂടിവയ്ക്കപ്പെട്ട ഒട്ടേറെ രേഖകൾ പുറത്തുവന്നു. അതോടെയാണ് തന്റെ പിതാവ് കൊല്ലപ്പെട്ടതാണെന്ന് മാർത്ത സ്ഥിരീകരിക്കുന്നത്.



Film Vision Digital Magazine September 2026

# അമ്മ

(കവിത)

സുഭാഷിണി തങ്കച്ചി



കണ്ണന്റെ കയ്യിലെ
കോലക്കുഴൽപോലെ
അമ്മയ്ക്കുമുണ്ടായി
രുന്നൊരു ലോഹക്കുഴൽ.
കുഴലൂതി അടുപ്പിലെ
കനലൂതിപ്പെരുക്കി
അന്നം വിളമ്പിയ
അന്നപൂർണേശ്വരി.
നന്നായി കുനിഞ്ഞ്
മുറ്റമടിച്ചു ചാണകം തളിച്ച്
ശുദ്ധം വരുത്താതെ
അടുപ്പിൽ തീ
പെരുപ്പിക്കില്ലായിരുന്നമ്മ.
അമ്മിഞ്ഞപ്പാലിനൊപ്പമായ്
കഥയും കവിതയുമായ്



കൈരളിപ്പാലും ചുരത്തി
അവളൊരു വാഗ്ദേവതയായി.
താളത്തിൽ അരകല്ലിൽ
നീട്ടിയും കുറുക്കിയും
കൂട്ടരയ്ക്കുന്ന നേരത്തും
തൊടിയിലെ ചെടികൾ
നനയ്ക്കുന്ന നേരത്തും
പണ്ടു ചൊല്ലിപ്പഠിച്ച
പാഠങ്ങൾ മുറിയാത്ത
താളത്തിലുതിരുമായിരുന്ന
മ്മതൻ ചുണ്ടുകളിൽ.
പൈതങ്ങൾക്കൊപ്പമാ
മുറ്റവും തൊടിയും പൈക്കളുമവ
മനഃപാഠമാക്കിയിരിക്കാം
അമ്മയ്ക്കെല്ലാമറിയാ
മല്ലോയെന്ന് കൗതുകം
പൂണ്ടിരുന്ന പൈതങ്ങൾ
വർഷങ്ങൾക്കിപ്പുറം
വൃദ്ധസദനത്തിൽ അമ്മയെ
നടതള്ളി പറയുന്നു
അമ്മയ്ക്ക് വിവരമില്ലെന്ന്!

# ഭാരതപ്പെണ്ണിൻ മാതൃക്



കവിത - സുലേഖ കുറുപ്പ്

**സ്ത്രീ**ത്വം പണയപ്പെടുത്തി
അശക്തമെ,
ന്നാർത്തു വിളിച്ചു മനം നൊന്തു
തേങ്ങി,
പ്പതറുന്ന സ്ത്രീത്വമോ
ഭാരതപ്പെണ്ണിന്നു,
കണ്ടുപഠിക്കാൻ പുരാണമേ നൽകി
നീ ?
ഏതോ പവിത്രമാം പ്രാർത്ഥനാ
പുഷ്പമായ് മണ്ണിൽ
വിരിയുമീസ്നേഹ നീർപ്പൂവുകൾ,
പെണ്ണായ് വിടർന്നു സുഗന്ധം
പരത്താൻ വിധിച്ചവർ
നീറുന്നൊരഗ്നിശലാക പോൽ !
ശീലാവതി തവ പാതി - വ്രത്യാഭ തൻ
പൊൻ തിളക്കം തേടി വന്ന
വരലല്ലിവർ.
കാന്തന്റെ കാമം ശമിപ്പിക്കുവാൻ
ക്ഷമേ,
രോഗിയമനെച്ചുമന്നു ഗണികയ്ക്കു,
കാഴ്ചവച്ചാ സുകൃതം
നുകർന്നെങ്കിലും,
ഓർത്തുവോ മൗനം മരിച്ചന്നുനിൻ
മനം.
ആരുകണ്ടൂ നിന്റെ
പുഞ്ചിരിക്കുള്ളുകജ്ജീവ ശ്ശവത്തിന്റെ
നേർവിളിക്കാഴ്ചകൾ ?
ഇന്നും ഉറങ്ങാമുറിപ്പാടു നീറ്റിടും
ശീലാവതി ഞങ്ങൾ ചൊല്ലില്ല
നിൻകഥ.
പിന്നെയോ, സീതേ, ഭവതി
കുലശ്രേഷ്ഠം.
അന്യനാഗാത്രം തൊടു കിലോ
ഭസ്മമെ,
നെല്ലാമറിയുന്നവൻദേവരാമന്റെ
യുണ്ണിയെയുള്ളിൽ വഹിച്ചു
നിന്നോൾ നിന്നെ,
ആരണ്യമധ്യത്തിലാഹാകളഞ്ഞവൻ,
തൻകരം ശുദ്ധമാണെന്നു
കഴുകുവാൻ.
നിൻ മിഴിതൂകിലും നവാടിയില്ലയ..
നാശ്വാസദൂതുമായ്
വാല്മീകിയെത്തവേ,



കഷ്ടം വളർന്നൊരുണ്ണികൾ മുന്നിലായ്
പിന്നെയും വൈഭവം കാട്ടുവാൻ
പ്രിയയെ, അഗ്നിശുദ്ധിക്കായ്
നിറുത്തിപ്പൊരിച്ചവൻ അഗ്നിദേവന്നു
മാചാര്യനാം ശ്രീരാമൻ.
വാല്മീക മൂടി അണിഞ്ഞ പോൽ
മൗനിയായ് കണ്ണീർക്കുടം താഴെയിട്ടു
പൊട്ടിച്ചു നീ !
അക്കഥചൊല്ലിക്കരയുന്നു ഇന്നുമീ
ഭൂവിൽ മനസ്സിന്റെ
മാർദ്ദവച്ചെപ്പുകൾ.
ആമൗനദുഃഖങ്ങളേറ്റു വിറങ്ങലി ...
ച്ചാവില്ല യിന്നിന്റെ പെണ്ണിൻ
പുരോഗതി.
പെറ്റുഴിഞ്ഞിട്ടു
ശകുന്തങ്ങളാർക്കവേ തൊട്ടുതലോടി
വളർത്തി മഹാമുനി
കണ്വന്നു പൊൻമകളായോൾ,
ശകുന്തള
ദുഷ്യന്ത ഗാന്ധർവ്വമാടിതളർന്നുതൻ
നിറവയർ ഭാരം നിശ്ശബ്ദം
വഹിക്കവേ,കല്പിച്ചവൻ വിഴുപ്പെണ്ണാ
നലക്കുവാൻ.
കുലടയെന്നാനാവുരുവിടേ നിൻ മുഖ,
ദൈന്യത പുഞ്ചിരി തന്നിൽ
മറച്ചുവോ?
നാവു തണുത്തുറഞ്ഞായിരം
പ്രാലേയ മാമലയായി വിറകൊണ്ടു
നിന്നു നീ.
ആവില്ല ഞങ്ങൾക്കതല്പം
കൊതിക്കുവാൻ
നേരിൻ മനസ്സു ചുരന്നൊഴുകീടവേ,
വാക്കിൻ ഗരിമതൻവാദ്യം പഠിക്കവേ,
വാക്കാം
സരസ്വതിനെഞ്ചിൽത്തിളങ്ങവേ !
പഞ്ചകാന്തൻമാർ അഞ്ചും കൊല
ചെയ്തു,
നിന്നെയെൻ ദ്രൗപതീ
രാജസദസ്സിലായ്.
ഒറ്റമുണ്ടിൽ മേവുമാകേ രജസ്വലേ,
അന്യകരങ്ങളാൽ നുള്ളിപ്പറിക്കവേ,
ചൂതുകളിക്കും പണയമായ് മാറ്റിടാൻ,
ജീവൻ തുടിക്കുന്ന "സാധനം"
കൃഷ്ണനീ.
കഷ്ടം മറന്നൊരാ വൻ ഇതിഹാസവും
പെണ്ണെന്ന ചൈതന്യ
സ്നേഹച്ചിരാതിനെ.
എന്നാൽ തിരുത്തി
കുറിക്കുന്നതുഞങ്ങൾ,
നാരികൾ നോവിന്റെ നാരായമായവർ.

വിദ്വാനു മൗനവും ഭൂഷണമാകട്ടെ.
സ്ത്രീകൾക്കു വാക്കുകൾ
ഭൂഷണമാകണം.
തളരുന്ന നാഥന്നു ശക്തം ചുമൽ
നൽകി,
വിനയാന്വിതയായ് വിലസിയോൾ
കസ്തൂർബ.
കാലണക്കൊരു കുപ്പി
വളപോലുമവനോടു,
കടം കൊണ്ടിടാത്തവൾ ഇഷ്ടം
പറഞ്ഞവൾ.

അവളാണു മഹിള അതല്ലേ യ
തീന്ദ്രനാമരണത്തിലറിയാതണിഞ്ഞ
ശ്രു മുത്തുകൾ.
ഗാന്ധികരഞ്ഞതുണ്ടോ
അതിൻമുന്നില,ക്കാതൽ കഥയിലെ
നേർപാതി നോറ്റതൻ/
കാമിനി കൈവിട്ട നേരമല്ലാതൊന്ന്?
ചൊൽക പുരാണമേ സ്ത്രീത്വം
ഗ്രഹിച്ചു നീ!
ഞങ്ങൾ -
ആകണ്ട ഞങ്ങൾക്കഹല്യകൾ
താരകൾ.
പാവം വിയോഗിനി ഊർമ്മിള
പോലുമേ.
ഗതികെട്ടു വീടിനെപ്പോറ്റുവാൻ വഴി
തെറ്റി,
ഇടനെഞ്ചു പിടയുന്ന പടയുണ്ടു
ഞങ്ങളിൽ.
പകലന്തിയോളവും പണി ചെയ്തു
തളരിലും,

തളരാതെ കൂട്ടരെ കൈയ്യാൽ
തലോടുന്ന,
കറുകറെ നിറമോലുമതി
ശക്തതാരുണ്യ,
മവർമനം വെളുവെളെ
അമ്പിളിപ്പൂവുപോൽ.
ഒരുനേരമില്ല ജന്മാലബ്ധ വാസന,
കല പൂത്തുലഞ്ഞിടാൻ,
കവിതാഭമാക്കിടാൻ.
ചുണ്ടൊന്നനങ്ങിയാൽ സംഗീത
സാമ്രാജ്യം.
കൈയൊന്നു തൊട്ടാൽ രവിവർമ്മ
ചിത്രവും.
കാററിന്റെ താളക്കതിർമണിനൃത്തവും
ചേറേറ്റകൈകളാൽ ചോറു
വിളമ്പലും.
അവർ തെറ്റുപറ്റിലും അതി
നന്മയുളളവർ.
ആണിൻ വലംകൈ,
കരുത്താർന്നു നീങ്ങുവോർ.
പരനന്മകണ്ടിടും അവരാണു
ഞങ്ങളോ, സ്ത്രീത്വത്തിനേകുന്ന
മാതൃകാ പൈതൃകം.
ജീവദുഃഖങ്ങളെ ആറ്റിയെടു പ്പവർ.
സ്നേഹപ്പെരുമ്പറകൊട്ടി വിളിപ്പവർ.
ശക്തിദുർഗ്ഗം പോൽ സമസ്ത
നൈക്യത്തിനും വെട്ടിരിമ്പിൻ വാക്കു
തേച്ചെറിഞ്ഞീടുവോർ. ഭാരതപ്പെണ്മ
തൻ സൗന്ദര്യ മാളുവോർ.,
ജീവ പ്രയാണം
പ്രശാന്തമാക്കീടുവോർ.
ഉള്ളൂരുണർത്തിയോർ.,
ആശാൻ നടത്തിയോർ ;
വള്ളത്തോൾ ഭാവശുദ്ധി രഥ്യ
കാട്ടിയോർ.
ആകെയുലയുന്ന ജീവിത,
തോണിയിൽ,
മുങ്ങാതെ കൂട്ടരെ കൈയ്യേറ്റി
നീന്തുന്ന,
ചിന്തിത സർവ്വം സുശക്തമാക്കും
കർമ്മ,
ധർമ്മിഷ്ഠരാം ഇവർ... സ്ത്രീകൾക്കു
മാതൃക!



# അവൾ



കവിത –
അനിതാ ശരത്





**അ**ഗ്നിയിൽ നിന്നുമുയിർത്ത ചെമ്പൊട്ടിനെ
അപ്പാടെയുള്ളിലാവാഹിച്ചവൾ അംഗന.
അസ്തിത്വമെല്ലാമലിഞ്ഞു പോകുമ്പോഴും
അന്തരാളങ്ങളിൽ ആവേശമേറ്റവൾ
ആയിരം സാഹചര്യങ്ങളിൽ അന്യന്റെ
നാവിനാൽ മൃത്യു വരിച്ചുവെന്നാകിലും
ആത്മാംശമേറ്റി അകതാരിൽ ചൈതന്യ --
മിറ്റിച്ചു വീണ്ടും ഉയിരേറ്റുവന്നവൾ
ചാപല്യമേ നിന്റെ പേരാണ് സ്ത്രീയെന്ന
ഷേക്സ്പീരിയൻ വാക്ക് കേട്ടു സ്മിതം തൂകി
വിശ്വവിപത്തിന്റെ നാരായ വേരായി,
വിശ്വസിപ്പിച്ചോരെ താണുവണങ്ങിയോൾ
പതിരില്ലാപ്പഴമൊഴി പെണ്ണിനെ ആവോളം
പരിഹാസ്യയായ്ക്കണ്ട കാലം നമിച്ചവൾ
സുപ്രഭാതങ്ങളും സാന്ധ്യതാരങ്ങളും
സ്വസ്ഥമായ് ആസ്വദിക്കാൻ കഴിയാത്തവൾ
ഉള്ളിലെ പൂങ്കാവനങ്ങളും പൊയ്കയും
കണ്ണിലെ തീമഴയേറ്റി നനച്ചവൾ
ആഴിയിൽ മുത്തുപോൽ

അവൾ പിറന്നെങ്കിലും
ആശയറ്റാ*ച്ചില്ലുപെട്ടിയിൽ വീണവൾ
വർണ്ണച്ചിറകുമായ് വാനിൽപ്പറക്കവേ
എണ്ണുന്ന നേരത്ത് വെട്ടേറ്റു വീണവൾ
ചിന്തയിൽ മോഹത്തിൻ മുത്തുകൾ നഷ്ടമായ്
അന്ത്യമായ് ശക്തിയിൽ തീയിൽപ്പതിച്ചവൾ
പക്ഷേ ജ്വലിക്കും ചിറകുമായ് ഫീനിക്സ്
പക്ഷിയെപ്പോലെ പറന്നുയരുന്നവൾ
അവളെപ്പോലായിരം അംഗനമാരുണ്ടീ
അവനിയിൽ സ്വന്തമായ് പര്യാപ്തരായവർ
ഒരു കണ്ണിലെന്തും എരിക്കാൻ കനലുമായ്
മറുകണ്ണിലെന്തും അണയ്ക്കാൻ ജലവുമായ്
അവളാടി നിൽക്കുന്നു അമ്മാനപ്പന്തുപോൽ
അടരാടി നേടുവാൻ   അവസാന മാത്രകൾ!!



# നോവാണവൾ





കവിത -
സജി അജീഷ്

കവിയരങ്ങ്
Film Vision Digital Magazine September 2026

നെഞ്ചത്ത് കൂട്ടിയോര ടുപ്പിൽ
തോരാതെരിയുന്നവൾ
പുകകൊണ്ട് ദേഹവും
ദേഹിയും കറുപ്പ് നിറഞ്ഞവൾ
സ്നേഹം കെട്ടുപോയോരടുപ്പിൽ
തീയൂതിയൂതികരളിലൊരു നെരിപ്പോടെരിപ്പവൾ
കരിയില്ലാത്തൊരു ലോകം സ്വപ്നം കാണാത്തവൾ
വേദനകളൊക്കെയും
പുകയിൽ തെളിയാതെഴുന്നവൾ
നോവുണ്ടെന്ന് ചുണ്ടിപ്പറയാത്തവൾ
ആരോരുമിപ്പൊഴും വായിച്ചിടാത്തവൾ
എണ്ണയില്ലാതെരിയുമൊരുവിളക്കാണവൾ
മണ്ണെണ്ണ വിളക്കാണവൾ.
കർമ്മ മണ്ഡലങ്ങളിലെതിരേറ്റിടും വെല്ലുവിളികളിൽ
കാലിടറാതെ മേന്മയേറ്റി നടപ്പിലും
അവഹേളനങ്ങളാലവജ്ഞയാൽ
ചൂഷണങ്ങളാൽ ചുറ്റപ്പെട്ടും
ഭീഷണികൾ തലക്കുമീതെ
ചെണ്ട കൊട്ടിലും,
ആർക്കുമാർക്കും നന്മ മാത്രം

വിളമ്പുവാൻ വെമ്പൽ പൂണ്ടു നടപ്പവൾ;
ക്ഷമയെന്നും സഹന മെന്നും സഹിഷ്ണുതയെന്നും
പേരുള്ളോരെത്ര ആവ രണങ്ങളെയെടുത്തണിയുന്നു.
നമുക്ക് വഴി കാട്ടിയാ യുണ്ടെത്ര മഹിതകൾ
വിദ്യയിൽ കലയിൽ ശാസ്ത്ര സാഹിത്യ, കായിക രംഗങ്ങളിൽ,
വളർന്നവർ ബഹിരാകാശത്തോളം
പ്രകൃതി സംരക്ഷണത്തിൽ രാജ്യഭരണ
നിപുണതയിലെന്നല്ലോരോ ഗൃഹവുമൊരു
ശ്രീ കോവിലാക്കും ഗൃഹഭരണത്തിൽ;
ആർജിച്ചോരല്പവിദ്യയെ വളർത്തെടുക്കാൻ
'അ' എന്നൊരക്ഷരം കൊണ്ടഖിലവുമകക്കണ്ണാൽ
കാണുവാൻ വെമ്പൽ പൂണ്ടു നടക്കുമവൾ,
ഉത്തരവാദിത്തത്തിൻ മുന്നിലുണ്ടവൾക്കൊരായിരം
മുഖങ്ങളെന്നാൽ തൻ സ്വത്വത്തിന്നറ്റം കാണാനവൾപോയിടേണം
ഹൃത്തിന്നുള്ളിലവൾ തീർത്തൊരു പാതാളത്തോളം
നേർത്തൊരു സാരി ക്കുള്ളിലൊതുങ്ങുമാനാരിക്കുള്ളിലിരിപ്പൂ,
നീറും കനൽത്തരിയൊന്ന്; കരൾ കാത്തുവക്കുമൊരു
സ്വപ്നത്തിൻ നേര്.
തനിക്കായല്ലവൾ,തൻ ചുറ്റിലും നന്മപരത്തു മൊരു
നക്ഷത്ര ദീപം ആർദ്രമൊരു നക്ഷത്രം.
നോവേൽക്കുന്തോറും
നോവേൽപ്പിച്ചോർക്ക് നോവൊട്ടുമേൽക്കാതെ
നോവും പേറി, നടപ്പവ ളീ 'നാരി';
തൻ യാതനകളെ
'മൗന' മൊരുപടവാൾ കൊണ്ട്
തോൽപ്പിക്കുമാത്മ ശക്തിയെ,
വിളിക്കുന്നു ദൗർബല്യമെന്നജ്ഞാനികൾ മാത്രം.

# ശുഭരാത്രി പറയാതെ



(കവിത)

എം ടി ഗിരിജാകുമാരി



Film Vision Digital Magazine September 2026

ശുഭരാത്രി പറയാതെ പിരിയുന്നു
ഹിമശൈത്യ ശിവഗംഗയൊഴുകുന്ന
വഴിയേ സഹയാത്രിയിനിയെന്റെയവധൂതനരജന്മ
മതിലെന്റെയവസാനസുകൃതം! തൊഴുകയ്യുമായിതാ
വിടകൊൾകയാണിവൾ ഒഴുകുന്ന പുഴയായവൾ ഞാൻ ഒരുപാടു
ദുരിതങ്ങളൊഴുകിക്കടന്നുപോയ് അവസാന തെളിനീരു
ബാക്കി! മുറിവേറ്റു കിനിയുന്ന കരളിന്റെ ചുടുരക്തമവിടെന്റെ
കവിതയ്ക്കു ജനനം അതിലെന്റെ
പിടയുന്നൊരിടനെഞ്ചിലെരിയുന്ന കനലും കരൾപ്പൂവുമല്ലേ? വഴി
കൈപിരിഞ്ഞു ഞാനിരുളിന്റെ
നിബിഡാന്ധവനപർവ്വമേറുന്നനേരം വിധി കാത്തു കഴിയുന്ന
പരകോടി മുകുളങ്ങളവിടെന്റെ നിറവിൻ വെളിച്ചം! ചിരി
മാഞ്ഞമലരിന്റെ നെടുവീർപ്പു പടരുന്ന,തുയരുന്നു
പേക്കൊടുംകാറ്റായ് ഇവിടാകെയലറിക്കുതിച്ചെത്ര
കലിയോടെയൊരു തേങ്ങലായ് പിന്നൊടുക്കം! അഭയം
തിരഞ്ഞെത്തുമവസാനകോണിലും ശവഗന്ധമുയരുന്ന
നേരം കരുണക്കിരക്കുന്ന തൊഴുകൈ സഹസ്രങ്ങൾ വിറകൊണ്ടു
നിൽക്കുന്നു മുന്നിൽ! ഉരുകിത്തിളച്ചെത്രകടലായിരമ്പുന്ന മുലകൾ

ചുരത്തുന്നു ശാപം! ഇനിയിത്തമോമണ്ണിലൊരു
പെണ്ണുപോലും പിറക്കാതിരുന്നെങ്കിലെന്നോ?

ഇനിയെത്ര സന്ധ്യകൾ പുലരികൾ മാത്രമാണിരുൾപ്പക്ഷി
കൊത്താതെനിക്കായ് ഋതുഭംഗി തൂവുന്ന പ്രിയമണ്ണിതൊന്നു
ഞാനൊരുപാടു സ്നേഹിച്ചതല്ലേ... അടരാടുവാനിന്നു ശക്തയായ്
ഉയിരിന്റെ തിരി ഞാൻ തെളിച്ചു നിൽക്കുമ്പോൾ അകലത്തു
മിന്നുന്ന തരിവെട്ടമതിലുണ്ട് ശുഭമെന്നു പറയുന്നു ഹൃദയം!



# പൊളിച്ചെഴുത്തുകൾ



**കവിത - ദിവ്യ സി ആർ**

**പൊ**ളിച്ചെഴുതണം..
എനിക്കെന്നെ പൊളിച്ചെഴുതണം.!
മറ്റാർക്കും മനസ്സിലാക്കാൻ
കഴിയാത്ത വിധത്തിൽ
രൂപാന്തരത്തിലും
ഭാവാന്തരത്തിലും
അടയാളങ്ങളവശേഷിപ്പിക്കാതെ;
പതിവു ഭാവുകത്വത്തിൽ
നിന്നകലം പാലിച്ച്...
എനിക്കെന്നെ പൊളിച്ചെഴുതണം.!

അതിരാവിലെകളുടെ
മുഴങ്ങുന്ന സൈറണുകളില്ലാതെ
തിളയ്ക്കുന്ന ചായ ഒരു നിമിഷത്തെ
അശ്രദ്ധയിൽ പതഞ്ഞുപൊങ്ങുമെന്ന
ആശങ്കകൾ പങ്കുവയ്ക്കാതെ..
സ്വപ്നങ്ങൾക്കുള്ളിലെ സ്വാതന്ത്ര്യം
തേടിയിറങ്ങാൻ പാകത്തിൽ
അസ്വസ്ഥതകളുടെ വേരുകളഴിച്ച്
എന്നെ മാത്രം സന്തോഷിപ്പിക്കാൻ

കഴിയുന്ന 'ഞാനായി'
എനിക്കെന്നെ പൊളിച്ചെഴുതണം.!

പൊട്ടിച്ചിതറുന്ന വാക്കുകളുടെ
മുൾമുനകളാൽ ഹൃദയം
തുളഞ്ഞുകയറാതൊഴിഞ്ഞു മാറി,
അല പോൽ വാചാലമെങ്കിലും
കര പോൽ ശാന്തമാകാൻ
പാകത്തിൽ എനിക്കെന്നെ
പൊളിച്ചെഴുതണം..!

ഒടുവിലൊരു നാളിലെൻ
ശ്വാസം നിലയ്ക്കുമ്പോൾ;
ഒറ്റപ്പെട്ടവളുടെ ആധി
പങ്കിട്ടെടുക്കുന്നോർക്കിടയിലായി,
'തന്നിഷ്ടക്കാരി'യെന്നുറക്കെ
അലറിയോർക്കിടയിലായി
ആസ്വദിച്ചു പോയ ജീവിത-
സന്തോഷനിമിഷങ്ങളെ
കുറിച്ചോർത്തോർത്തൊരു
വർണ്ണച്ചിറകുള്ള ശലഭമായി
പാറിപ്പറന്ന ഞാൻ 'എന്നെ'
പൊളിച്ചെഴുതപ്പെട്ടിരിക്കുന്നു..!



# 'കടലിൽ പണിയെടുക്കുന്ന വനിത'
## തെരഞ്ഞെടുത്ത ചിത്രങ്ങൾ
( സമ്മാനം സ്പോൺസർ ചെയ്യുന്നത് :
സദ്ഭാവന പബ്ലിക്കേഷൻസ് )



Archana CS



Shiji S.J



Jayarani




Ashisha

# PHOTO GALLERY















# PHOTO GALLERY











FILM VISION MONTHLY SEPTEMBER 2026
RS. 2/ RNI-KER BIL/2002/8043

## Membership

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യസാഹിത്യ ആവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ ആദ്യമായി മലയാളത്തിൽ. രചന - സാബു ശങ്കർ.

വില: ₹ ~~200~~ ₹150




**15th EDITION**

സത്യജിത് റായ് യുടെ

**പഥേർ പാഞ്ജലി**

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 250. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

## Film Vision Digital Magazine

**Chief Editor**
Dr. B. Radhakrishnan

**Associate Editors**
Rajambika S.S., Dr. Lalitha Gouri

**Sub Editors**
Jyothish Kumar P.S.

**Web & Graphic Design**
PeerBey Software, Thrissur

**Circulation**
Vinod Kumar P.

**Editor and Publisher**
Dr.Sabu Sankar, General Secretary, FILCA,
PB 2224, Trivandrum -10. Kerala.
Ph: 80890 36090 E-mail : filcakerala@gmail.com